

| | | |
|---|---|---|
| 1946<br>ആഗസ്റ്റ് 18 | 4<br>ANNAS | ൧൧൨൨<br>ചിങ്ങം ൨ |

സ്മരണകൾ

# പരേതനായ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ

(മററത്തിൽ കുര്യൻ കത്തനാർ)

(തുടർച്ച)

“സഭാകാഹളം” മാസിക ശെമ്മാശൻ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതും അക്കാലത്തുതന്നെയാണ്. ആദ്യലക്കംതന്നെ എനിക്കു കിട്ടി. അതിൽ ശ്രീമാൻ, എം. പി. വക്കി അവർകൾ എഴുതിയ “വഞ്ചിയിലെ ഓട്ടം,, എന്റെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു. അതിന്റെ ഫലമാണ്, വൃശ്ചികം ലക്കം മുതൽ ഞാൻ എഴുതിത്തുടങ്ങിയ “പത്രോസിന്റെ പരമാധികാരം,, എന്ന ലേഖന പരമ്പര. ആമുഖത്തിൽനിന്നും സ്വല്പഭാഗം ഇവിടെ ഉദ്ധരിക്കാം.........“ഉദ്ദേശം എന്തുതന്നെ ആയിരുന്നാലും“ ശ്ലീഹന്മാർ പരസ്പരം സമത്വമുള്ളവരായിരുന്നു,,വെന്നും, “സമന്മാരിൽ മുമ്പൻ എന്നു മാത്രമേ പിതാക്കന്മാർ പത്രോസ് ശ്ലീഹായെപ്പററി വിശ്വസിച്ചിരുന്നുള്ളു,, എന്നും, “പ്രഥമ പുത്രനെ അനുജന്മാരെങ്ങനെയോ അങ്ങനെ മാത്രം,, എന്നുംമെററും പട്ടാപ്പകൽ, തുറന്നു, യാതൊരു കൂസലുംകൂടാതെ, മലങ്കരയുള്ള ക്രിസ്തു സമുദായം ഒട്ടുക്കു കേൾക്കമാറു ഇതാ ഒരു മാന്യൻ കാഹളദ്വാരാ തട്ടിമൂളിച്ചിരിക്കുന്നു! ഊത്തുകാരനു സമുദായങ്ങളുടെ ഇടയിലുള്ള സ്ഥാനവും പ്രശസ്തിയും അനുസ്മരിക്കുമ്പോൾ കാഹളസ്വനത്തിന്റെ മാറെറാലി പലേടങ്ങളിലും സ്വച്ഛന്ദം വിഹരിക്കയില്ലയോയെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. കിം ബഹുനാ, കാഹളോദ്ഗമസ്ഥൻ, പത്രപ്രവർത്തനത്തിൽ സമ്മതിയും സഹിഷ്ണുത്വവും സമ്പാദിച്ചിട്ടുള്ള സർവ്വജ്ഞനീനനും, “സ്വാഭിപ്രായങ്ങളെ എപ്പോഴും നിർബാധമായും നിർഭയമായും തുറന്നു പറയുവാൻ “അനുവദിക്കത്തക്ക ചങ്കുറപ്പുള്ള ദേഹവുമാണല്ലോ. പക്ഷപാതത്തേക്കാൾ, സത്യപക്ഷത്തെ വീക്ഷിക്കുവാൻ സന്നദ്ധതയുള്ള പത്രാധിപനാകയാൽ എന്റെ സ്വദേശി മി: വി. സി. ജോർജ്ജിനു, ഏതാണ്ടു ഇതുപോലെയുള്ള ഒരു സംരംഭത്തിൽ, ഒടുവിൽ പത്രരംഗം അനുവദിക്കപ്പെടാതെപോയതുപോലെ, സംഭവിക്കയില്ലെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രകൃതത്തിലേക്കു പ്രവേശിക്കാം......,, പ്രസ്തുത ലേഖനത്തിന്റെ ചുവട്ടിൽ ശെമ്മാശൻ ഒരു പത്രാധിപക്കുറിപ്പ് ചേർത്തിട്ടുണ്ട്. അതും ഇവിടെ പകർത്താം.

“കഴിഞ്ഞ ലക്കം കാഹളത്തിലെ “വഞ്ചിയിലെ ഓട്ടം,, എന്ന ലേഖനത്തിൽ ശ്രീമാൻ എം. പി. വക്കി അവർകൾ എഴുതിയിട്ടുള്ള ചില കാര്യങ്ങൾ അബദ്ധമാണെന്നു സ്ഥാപിക്കാനാണല്ലോ, റോമൻ കത്തോലിക്ക വൈദികനായ ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ അവർകൾ ഒരുമ്പെട്ടിട്ടുള്ളത്. വിജ്ഞാനപ്രദവും രസകരവുമായ ഈ വാദത്തിനു കാഹളത്തിൽ സ്ഥലം അനുവദിക്കാൻ ഞങ്ങൾക്കു സന്തോഷമുണ്ട്, പക്ഷെ വാദപക്ഷക്കാരോടും ഞങ്ങൾക്കു മുൻകൂട്ടി ഒരപേക്ഷയുള്ളതു, കാര്യം പറയുമ്പോൾ കൊഞ്ഞനം കാട്ടുക മര്യാദയായിരിക്കയില്ലെന്നു മാത്രമാണ്,, (പത്രാധിപർ)

ശ്രീമാൻ കെ. എൻ. ഡാനിയേലിന്റെ പാപ്പാധിപത്യത്തിന്റെ അവതാരികാകാരനായ മി: എം. പി. വക്കിയും ഞാനുമായി ആരംഭിച്ച വാദപ്രതിവാദം അവസാനിക്കുന്നതിനു മുമ്പ് കാഹളം മുടങ്ങി. ഞങ്ങളുടെ വാദവും അങ്ങനെ നിന്നുപോയി.

ഗിരിദീപം. പിന്നെ പുലിക്കോട്ടു ശെമ്മാശനെ ഞാൻ കണ്ടിട്ടേയില്ല. ഗിരിദീപത്തിന്റെ ഒരു പ്രതിയുംകൊണ്ടു, ചങ്ങനാശ്ശേരി പാറേൽ ഹോസ്റ്റലിൽ വന്നതു പുലിക്കോട്ടു ശെമ്മാശനല്ല, റമ്പാനാണ്. അന്നു ഞാൻ കോളേജിൽ മലയാളപണ്ഡിതർ, ഹോസ്റ്റൽ വാർഡർ, ‘മധ്യസ്ഥൻ,, പത്രാധിപർ, പ്രൊഫസ്സർ ഓഫ് റിലിജിയൻ, റോവർ സ്കൗട്ടുമാസ്റററർ എന്നിങ്ങനെ പല ഉദ്യോഗങ്ങളും വഹിച്ചുകൊണ്ടിരിക്കയാണ്. അന്നു ബഥനി പ്രസ്ഥാനത്തിന്റെ മാറെറാലി മലങ്കരെ ഒട്ടുക്കു് വ്യാപിക്കയുണ്ടായി. അക്കൂട്ടത്തിൽ ഞങ്ങളുടെ ഇടയിലും അനിതരസാധാരണമായ താല്പര്യം ആ വിഷയത്തിൽ പതിഞ്ഞിരുന്നു. ഗിരിദീപം കൊളുത്തിയ കൈ ഗിരിദീപത്തിൽതന്നെ ഞാൻ നിഷ്പ്രയാസം കണ്ടു. റമ്പാച്ചനെ കത്തോലിക്ക സഭാമാതാവിന്റെ മടിയിൽ കാണ്മാനിടയായപ്പോൾ എനിക്കുണ്ടായ സന്തോഷം അവർണ്ണനീയമാണ്. ഈ കാഴ്ച കാണാൻ എത്ര എത്ര ദിനരാത്രങ്ങൾ ഞാൻ കൊതിച്ചിട്ടുള്ളതാണ്

കുറവിലങ്ങാട്ട്—കുളള്ളി, കാളികാവ്, ശംകപുരി, പകലോമററം തുടങ്ങിയുള്ള സുറിയാനിസമുദായത്തിലെ പ്രമുഖ കുടുംബാംഗങ്ങളുടെ ആസ്ഥാനം—പരിശുദ്ധ കന്യകമറിയാംബ; നസ്രാണിബാലന്മാർക്കു കാരുണ്യപൂർവ്വം പ്രത്യക്ഷയായി ആജ്ഞാപിച്ചതനുസരിച്ചു പണിയപ്പെട്ട ദേവാലയത്തിന്റെ സാന്നിദ്ധ്യം—ശതാബ്ദങ്ങളല്ല, യുഗങ്ങളെപ്പോലും അനുസ്മരിപ്പിക്കുന്ന ചരിത്രസംഭവങ്ങളുടെ കേളീരംഗം—പുണ്യശ്ലോകനായ പനങ്കുഴയ്ക്കൽ വലിയച്ചൻ ഗീവറുഗീസ് അർക്കദിയാക്കോൻ, ചാണ്ടി മെത്രാനച്ചൻ, കരിയാററിയെ ശീമയ്ക്കു അയയ്ക്കുവാൻ ആലങ്ങാട്ടുവച്ചു കൂടിയ യോഗത്തിലെ അദ്ധ്യക്ഷൻ ഫാദർ കുഴയ്പ്പ്, വികാരി ജനറാളന്മാരായ മത്തായി കത്തനാരച്ചൻ, നിധീരിക്കൽ മാണിയച്ചൻ, തുടങ്ങിയുള്ള സുറിയാനി സമുദായത്തിലെ ധീരവീരന്മാരുടെ ജന്മനാട്—എന്നിങ്ങനെ ഒന്നിനു പിറകേ ഒന്നായി നസ്രാണി ജനതയ്ക്കു ഒന്നടങ്കം അഭിമാനം കൊള്ളിക്കുന്ന പുണ്യഭൂവിൽ, മലങ്കരെ ബഥനി പ്രസ്ഥാനജനയിതാവ്, ഒന്നാമത്തെ എം. എ. ക്കാരനച്ചൻ, മഹാമഹിമശ്രീ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്, വലംകൈ പുലിക്കോട്ടിൽ റമ്പാച്ചനുമൊരുമിച്ചു അക്കൊല്ലത്തിലെ മൂന്നുനോമ്പു തിരുനാളിൽ കുറവിലങ്ങാട്ടു എഴുന്നെള്ളുകയുണ്ടായി.

പകലോമററം ഗോത്രജനും, എം. ഡി. സെമിനാരി സ്ഥാപകനും, നിധീരിക്കൽ മാണിയച്ചന്റെ ആപ്തമിത്രവുമായിരുന്ന മാർ ദീവന്നാസ്യോസ് തിരുമേനിയുടെ അനന്തരവനായ റമ്പാച്ചന്റെ അകമ്പടി മെത്രാപ്പോലീത്താ തിരുമേനിയുടെ ആഗമനത്തിനു എത്രമാത്രം മാററുകൂട്ടിയെന്നു പറയുക സാദ്ധ്യമല്ല. ഇട്ടിഗപാസികളുടെ ഇടയിൽ മൂന്നു നോമ്പിന്റെ തിക്കും തിരക്കും ഓളവും മേളവും അവർണ്ണ്യമാണു. പള്ളിത്തിരുനാളുകളിൽ ആനകളുടെ അകമ്പടിയോ കപ്പലിന്റെ ഓട്ടമോ ഇവിടെയല്ലാതെ മറെറങ്ങുമില്ലെന്നു പ്രസിദ്ധമാകുന്നു. അതിനും പുറമെ, കുറവിലങ്ങാട്ടെ പുരാതനകുടുംബക്കാരുടെ ശാഖോപശാഖകളായി കേരളത്തിന്റെ നാനാഭാഗങ്ങളിലും നിവസിച്ചുവരുന്ന പല പല തറവഴിക്കാരും ആണ്ടിലൊരിക്കൽ മൂന്നു നോമ്പിനു കുറവിലങ്ങാട്ടു വന്നു “മുത്തിഅമ്മയു,,ടെ പക്കൽ പാദനമസ്കാരം ചെയ്ക പതിവായിത്തീർന്നിട്ടുണ്ട്.

★



# ചക്രവാളം

പുസ്തകം ൨ | കോട്ടയം ൧൧൨൨ ചിങ്ങം ൨ | ലക്കം ൧


# നവവത്സര സന്ദേശം

## ചക്രവാളത്തിനുള്ളിൽ

കേരളീയർ ഒരു നവവത്സരത്തിലേക്ക്—അതോടുകൂടി ഒരു നവയുഗത്തിലേക്കുതന്നെ പ്രവേശിച്ചിരിക്കയാണ്. സ്വാതന്ത്ര്യത്തിന്റെ സുപ്രഭാതത്തിൽ, ഐക്യത്തിന്റെ ശംഖൊലി നാം മുഴങ്ങി കേൾക്കുന്നു: പൊലിമയുടെ പ്രഭാകന്ദളം നാമിതാ തെളിഞ്ഞുകാണുന്നു. ഈ മംഗലമുഹൂർത്തത്തിൽ, വായനക്കാർക്കു സർവ്വസമ്പന്നമായ നവവത്സരഭാവുകങ്ങൾ ആശംസിക്കുവാൻ എനിക്കതിയായ സന്തോഷം തോന്നുന്നുണ്ട്.

### സർവീസുസൊസൈറ്റി.

വളരെ ആശാവഹമായ ഒരു പരിവർത്തനം വലിയ ഒച്ചപ്പാടൊന്നുമുണ്ടാകാതെ രണ്ടുദിവസംമുമ്പു ചങ്ങനാശ്ശേരിയിൽവച്ചു സമുൽഘാടനം ചെയ്യപ്പെട്ടു. തിരുവിതാംകൂറിലെ പ്രബുദ്ധമായ നായർ സമുദായത്തിന്റെ ചരിത്രത്തിൽ ഒരിക്കലും മായാത്ത ഒരു മുദ്രപതിച്ചിട്ടുള്ള സർവീസുസൊസൈറ്റി ഒരു സംഘടനയെന്ന നിലയിൽ രാഷ്ട്രീയകാര്യങ്ങളിൽമേലാൽ ഉൾപ്പെടരുതെന്നുള്ള അന്ത്യതീരുമാനമാണതു്. സാമുദായിക പ്രവർത്തനങ്ങളും രാഷ്ട്രീയ പ്രവർത്തനങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതു കൊണ്ടുള്ള വിപത്തു് തിരുവിതാംകൂറിൽ മാത്രമല്ല, കേരളത്തിൽമാത്രമല്ല ഇൻഡ്യയിൽ അങ്ങോളമിങ്ങോളമുള്ള ഒന്നാണ്. സമുദായവും രാഷ്ട്രവും ഒരുപോലെ അനിവാര്യങ്ങളായ രണ്ടു ഘടകങ്ങൾ തന്നെ; രണ്ടിനും അതാതിന്റെ പരിധിയിൽ സർവ്വോൽകൃഷ്ടസ്ഥാനമാണുള്ളതു്; വേണ്ടവഴിക്കാണെങ്കിൽ ഒന്നു മറ്റൊന്നിനു് ഒരിക്കലും ബാധകമായിരിക്കുകയില്ല— കാരണം രണ്ടിന്റെയും ആത്യന്തികലക്ഷ്യം ഒന്നുതന്നെയാണെന്നുള്ളതാണ്. എന്നാൽ ഈ രണ്ടു നല്ല ഘടകങ്ങളെ വിവേകമില്ലാതെ കൂട്ടിക്കലർത്തുകയും, സ്വാർത്ഥത്തിന്റെയും സങ്കുചിതത്വത്തിന്റെയും കരിനിറം അതിനു പുരട്ടുകയും ചെയ്താൽ, ആ കലർപ്പു കാകോളംപോലെ വർജ്ജ്യമായിത്തീരും. ഈ പരമാർത്ഥം വിസ്മരിച്ചതാണ് ഇൻഡ്യയിലെ എല്ലാ ദുർവ്വിധികളുടേയും നിദാനം. ആധുനിക തിരുവിതാംകൂറിന്റെ ചരിത്രവും ഇതിൽനിന്നു ഭിന്നമല്ല, അതിൽനിന്നുള്ള ആശാസ്യമായ ഒരു വ്യതിയാനമെന്ന നിലയിൽ സർവീസുസൊസൈറ്റിയുടെ ഈ തീരുമാനത്തെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു, എന്റെ ഹാർദ്ദമായ അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

### സ്റ്റേറ്റുകോൺഗ്രസ്സിലേക്ക്.

രാഷ്ട്രീയകാര്യങ്ങളിൽ സംഘടനയെന്ന നിലയിൽ ഉൾപ്പെടരുതെന്നുപദേശിക്കുന്ന സൊസൈറ്റി അടുത്ത നിമിഷത്തിൽതന്നെ നായന്മാരെല്ലാം സ്റ്റേറ്റുകോൺഗ്രസ്സിൽ ചേരണമെന്നുപദേശിക്കുന്നതു പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമായി തോന്നും. എന്നാൽ ഒരു നല്ല കാര്യം അനർഹമായിട്ടുപോലും പറയുന്നതിൽ അപാകമൊന്നുമില്ലല്ലോ. തിരുവിതാംകൂറിലെ പ്രമുഖരാഷ്ട്രീയസംഘടനയാണ് സ്റേറ്റുകോൺഗ്രസ്സ് എന്നുള്ളതു നിർവ്വിവാദമാണ്. അതിന്റെ നയത്തിൽ പലപാകപ്പിഴകളും പറ്റിപ്പോയിരിക്കാം, ഇന്നതിന്റെ നേതൃത്വത്തിൽ പിഴവുണ്ടെന്നു വരാം. അതെല്ലാം പരിഹരിക്കാനും പ്രബലരാഷ്ട്രീയസംഘടനയായി അതിനെ രൂപാന്തരപ്പെടുത്തുവാനും രാഷ്ട്രീയപ്രബുദ്ധതയുള്ള തിരുവിതാംകൂറുകാരെല്ലാം അതിൽ അംഗങ്ങളായി ചേർന്നുപ്രവർത്തിക്കുകയാണു വേണ്ടതു്. സർവ്വീസുസൊസൈറ്റിയിൽ മാത്രം ഒട്ടിപ്പിടിച്ചുകഴിഞ്ഞുകൂടിയിരുന്ന രാഷ്ട്രീയപ്രബുദ്ധതയുള്ള നായന്മാർ ഇതിനു മുമ്പുതന്നെ സ്റേറ്റുകോൺഗ്രസ്സിൽ ചേരേണ്ടതായിരുന്നു; ഇപ്പോഴെങ്കിലും അവർക്കങ്ങനെ തോന്നിയതു് അവരുടേയും സ്റേറ്റുകോൺഗ്രസ്സിന്റെയും, തിരുവിതാംകൂറിന്റെയും പരമഭാഗ്യമായിട്ടാണു ഞാൻ പരിഗണിക്കുന്നതു്.

### കൊച്ചിയിൽ

ഇതെഴുതുമ്പോൾ കൊച്ചിമഹാരാജാവു തിരുമനസ്സിലെ പ്രഖ്യാപനം കാണാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ദിവാനുൾപ്പെടെ 4 മന്ത്രിമാരടങ്ങിയ ഒരിടക്കാലഗവൺമെന്റ് കൊച്ചിയിൽ രൂപവൽക്കരിക്കപ്പെട്ടുമെന്നറിയുന്നതു വലിയൊരു ഭാവിശ്രേയഃപിശുനശകുനമായി വേണം പരിഗണിക്കുവാൻ. മഹിതോദാരനായ മഹാരാജാവു തിരുമേനിയോടുള്ള അത്യാദരങ്ങൾ രേഖപ്പെടുത്തുവാനും കൊച്ചിയിലെ ജനകീയ നേതാക്കന്മാരെ അനുമോദിക്കുവാനും മാത്രം ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു.

### ഇടക്കാലഗവൺമെന്റ്

കോൺഗ്രസ്സ്പ്രസിഡണ്ട് പണ്ഡിററ് ജവാഹർലാൽ നെഹ്രു ഇടക്കാലഗവൺമെന്റ് രൂപവൽക്കരണത്തിനുള്ള നിർദ്ദേശങ്ങളുമായി ഇപ്പോൾ വൈസ്രോയിയുമായി കൂടിയാലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. സെപ്റ്റംബർ 1–ാം നു- മുതൽ ഭരണം ഏറ്റെടുക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ഇടക്കാലഗവർമെന്റ് നിയമദൃഷ്ട്യാ 1935. ലെ ഇൻഡ്യാആക്ടനുസരിച്ചുള്ള കേവലമൊരു എക്സിക്യൂട്ടീവു കൌൺസിൽ മാത്രമായിരിക്കുമെങ്കിലും, പ്രയോഗത്തിൽ പൂർണ്ണാധികാരത്തോടുകൂടിയ തനിദേശീയഗവൺമെന്റായിതീരുമാറാകട്ടെ എന്നും അതിൽ സഹകരിക്കാനുള്ള സന്മനസ്സും വിവേകവും മുസ്ലീം ലീഗിനുണ്ടാകട്ടെ എന്നും ആശംസിക്കുവാൻ മാത്രമേ ഇപ്പോൾ നിർവ്വാഹമുള്ളു.

### സമാധാനസമ്മേളനം.

പാരീസിൽ സമ്മേളിച്ചുകൊണ്ടിരിക്കുന്ന സമാധാനസമ്മേളനം നീണ്ടിഴഞ്ഞങ്ങനെ — മുമ്പോട്ടോ പിറകോട്ടോ എന്നു നിശ്ചയമില്ലാതെ — നീങ്ങിക്കൊണ്ടിരിക്കുമ്പോൾ; അതിലെ അതിപ്രധാനമായ ഇറ്റാലിയൻ ഇക്കണോമിക്കു സബ്കമ്മററിയുടെ അദ്ധ്യക്ഷസ്ഥാനത്തേക്ക് ഇൻഡ്യൻപ്രതിനിധിയായ സർ ജോസഫ് ഭോർ തെരഞ്ഞെടുക്കപ്പെട്ടുവെന്നുള്ളതു് അത്ര നിസ്സാരമായ ഒരു യാദൃച്ഛികസംഭവമല്ല. യഥാർത്ഥലോകസമാധാനസമ്മേളനത്തിൽ സ്വാതന്ത്ര്യഭാരതം വഹിക്കാൻ പോ

# നെഹ്രു-വേവൽ സന്ദർശനം

## ഇടക്കാലഗവൺമെൻറിൻെറ നാന്ദി

(ജോസഫ് ജോൺ)

വളരെ ആശാവഹങ്ങളായ പരിവത്തനങ്ങളാണ് ഇക്കഴിഞ്ഞ ഒരാഴ്ചക്കാലം ഇൻഡ്യൻ രാഷ്ട്രീയരംഗത്തുണ്ടായിട്ടുള്ളത്. ആഗസ്റ്റ് 9-ൻെറ തലേദിവസം വർധായിൽ സമ്മേളിച്ച കോൺഗ്രസ്സ് പ്രവത്തകക്കമ്മററിയോഗം ഒന്നിലധികം കാരണങ്ങളാൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നുണ്ട്. ക്യാബിനററ് മിഷൻെറ ദീർഘകാലപദ്ധതി സ്വീകരിച്ചുകൊണ്ടും ഇടക്കാലപദ്ധതി നിരാകരിച്ചുകൊണ്ടും കോൺഗ്രസ്സ് പ്രവത്തകസമിതി പാസ്സാക്കിയ പ്രമേയം ബോംബെയിൽ കൂടിയ എ. ഐ. സി. സി. സ്ഥിരീകരിച്ചതിനെ തുടന്ന് കോൺഗ്രസ്സ് പ്രസിഡൻറ് പണ്ഡിററ് ജവാഹർലാൽനെഹ്രു ഒരു പ്രസ്സ് കോൺഫറൻസിൽ ചെയ്ത പ്രഖ്യാപനങ്ങൾ പിന്നീട് പല കുഴപ്പങ്ങൾക്കും ഇടയാക്കി. വ്യവസ്ഥാപകസമിതി പരമാധികാരത്തോടുകൂടിയ ഒന്നായിരിക്കുമെന്നും, യാതൊരുപാധിക്കും വിധേയമായിട്ടല്ല കോൺഗ്രസ്സ് അതിൽ പങ്കുകൊള്ളുന്നതെന്നും, ഗ്രൂപ്പിംഗ് വ്യവസ്ഥയെ ആദ്യമേതന്നെ തകത്തുകളയുമെന്നും അദ്ദേഹം അന്നു തുറന്നു പറഞ്ഞത് ആശങ്കാകുലമായ മുസ്ലീംലീഗിനെ മാത്രമല്ല, അധികാരം വിട്ടൊഴിയുവാൻ സന്നദ്ധമായി നിൽക്കുന്ന ബ്രിട്ടീഷു ഗവൺമെൻറിനെപ്പോലും അല്പമൊന്ന് അമ്പരപ്പിക്കുകയുണ്ടായി. കോൺഗ്രസ്സിലെ വ്യവസ്ഥകൾ സ്വന്തനിലയിൽ എന്തെല്ലാം പറഞ്ഞാലും, കോൺഗ്രസ്സിൻെറ ഔദ്യോഗികപ്രമേയം മാത്രംവച്ചു വേണം കോൺഗ്രസ്സിനെപ്പററി വിധികല്പിക്കുവാൻ എന്നു സർദാർ പട്ടേൽപോലും പറയേണ്ടിവന്നു. അങ്ങനെ അവ്യക്തതകൊണ്ടും ആശങ്കകൾകൊണ്ടും മൂടിപ്പൊതിഞ്ഞ ഒരന്തരീക്ഷത്തിലാണ് ഇത്തവണ കോൺഗ്രസ്സ് പ്രവത്തകസമിതി വർധായിൽ സമ്മേളിച്ചത്.

ബ്രിട്ടൻെറ വ്യവസ്ഥാപക സമിതിയിൽ കോൺഗ്രസ്സിനു വഴങ്ങിക്കൊടുക്കാൻ നിർവാഹമില്ലാത്ത പല വൈകല്യങ്ങളും അന്തർല്ലീനങ്ങളായിട്ടുണ്ടെങ്കിലും, അതു പൂർണ്ണമായി കോൺഗ്രസ്സ് സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളതാണെന്നും ആ തീരുമാനത്തിന് ഇപ്പോഴും യാതൊരു ഉലച്ചിലും തട്ടീട്ടില്ലെന്നും പ്രവത്തകസമിതി ഇപ്പോൾ ആവത്തിച്ചുപറഞ്ഞിരിക്കുന്നു. വ്യവസ്ഥാപകസമിതി സമ്പൂർണ്ണ വിജയത്തിലെത്തിക്കാൻ ഉററ ശ്രമിക്കുന്നതാണെന്നും പ്രവത്തകസമിതി ഉറപ്പു പറയുന്നുണ്ട്. ഔദ്യോഗികകേന്ദ്രങ്ങളിലെ ആശങ്കകളെല്ലാം ദൂരീകരിക്കുവാൻ കോൺഗ്രസ്സിൻെറ പുതിയ നയപ്രഖ്യാപനം (പഴയ നയത്തിൻെറ ആവത്തനം തന്നെ) തികച്ചും പര്യാപ്തമായിട്ടുണ്ടെന്നു കാണുന്നതു ചാരിതാത്ഥ്യജനകമാണ്.

അനൗദ്യോഗിക കേന്ദ്രങ്ങളിലെ പ്രത്യാഘാതവും ആശാവഹമല്ലെന്നു പറഞ്ഞുകൂടാ. കാരണം, വ്യവസ്ഥാപകസമിതിയോടു നിസ്സഹകരിക്കുവാൻ നിശ്ചയിച്ചിരുന്ന സിക്കുകാർ ആ തെററ് ഇപ്പോൾ തിരുത്തുകയും വ്യവസ്ഥാപകസമിതിയോടും ഇടക്കാല ഗവൺമെൻറിനോടും സഹകരിക്കുവാൻ ഔദ്യോഗികമായി തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

എന്നാൽ അതിപ്രധാന ന്യൂനപക്ഷമായ മുസ്ലീങ്ങളെ സംബന്ധിച്ച് ഈ സമാശ്വാസ പ്രകടനത്തിനു നിവൃത്തിയില്ലാതെയാണു വന്നിരിക്കുന്നത്. കോൺഗ്രസ്സ് എന്തെല്ലാം വിശദീകരണങ്ങൾ നൽകിയാലും, എത്രതന്നെ സഹകരണസന്നദ്ധത പ്രദർശിപ്പിച്ചാലും ഒരു ഒത്തുതീർപ്പിന് അവർ ഒരുക്കമില്ലെന്നുതന്നെയാണ് ഇതെഴുതിക്കൊണ്ടിരിക്കുമ്പോഴും അറിയുന്നത്. 'പ്രത്യക്ഷസമര'ത്തിൻെറ പടഹമടിക്കുന്നതിനാണ് അവരിപ്പോഴും വെമ്പിക്കൊണ്ടിരിക്കുന്നത്.

എന്തായാലും ഈ നില അധികനാൾ തുടർന്നുകൊണ്ടുപോകുക സാദ്ധ്യമല്ലെന്നു തീർച്ച. ഉടൻ ഒരിടക്കാലഗവൺമെൻറുണ്ടാകുമെന്നും തീർച്ചയായിട്ടുണ്ട്. മുസ്ലീംലീഗ്, രംഗത്തുനിന്നു സ്വയം പിന്മാറിക്കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇടക്കാല ഗവൺമെൻറു രൂപവൽക്കരിക്കാനുള്ള ഭാരം കോൺഗ്രസ്സിനെ ഭരമേൽപ്പിക്കുകയല്ലാതെ വൈസ്രോയിക്കു നിവൃത്തിയില്ലെന്നായി; വൈസ്രോയി വേവൽപ്രഭുവിനെ പ്രവത്തിക്കാനും ഇടവന്നിരിക്കുന്നു. ഇടക്കാല ഗവൺമെൻറു രൂപവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വൈസ്രോയി ഇൻഡ്യയിലെ ഏററവും വലിയ കക്ഷിയുടെ പ്രസിഡൻറിനോടാവശ്യപ്പെടുകയും അങ്ങനെ ചെയ്യാമെന്നു കോൺഗ്രസ്സ് പ്രസിഡൻറ് സമ്മതിക്കുകയും ചെയ്തിരിക്കയാണ്. എന്താണു സംഭവിക്കുക എന്ന് ഒരാഴ്ചക്കകം നമുക്കറിയാം.

മുസ്ലീംലീഗ് എന്തെല്ലാം സൌന്ദര്യപ്പിണക്കങ്ങൾ എത്രതന്നെ അനർഹമായി പ്രകടിപ്പിച്ചാലും ഇൻഡ്യയിലെ മുസ്ലീങ്ങളെ അവഗണിക്കുവാൻ കോൺഗ്രസ്സിനു വിചാരമില്ല. അതുകൊണ്ട് വൈസ്രോയിയുടെ ക്ഷണം ലഭിച്ച ഉടൻ കോൺഗ്രസ്സ് പ്രസിഡൻറ് ആദ്യമായി ചെയ്തതു മുസ്ലീംലീഗിൻെറ സഹകരണം അഭ്യത്ഥിക്കുകയായിരുന്നു. പണ്ഡിററ് നെഹ്രു മി. ജിന്നായുടെ വസതിയിൽചെന്ന്, അദ്ദേഹത്തെ കണ്ടു ദീർഘസംഭാഷണം നടത്തി. ഫലം പ്രതീക്ഷിച്ചിരുന്നതുതന്നെ. "[illegible]" എന്നു ജിന്നാ സാഹിബ് ഉറപ്പിച്ചു പറഞ്ഞു. ഒട്ടും വ്യാകുലതയോടുകൂടിയാണെങ്കിലും, കത്തവ്യനിരതനായ കോൺഗ്രസ്സ് പ്രസിഡൻറ് ഒട്ടും നിരാശനാകാതെ, ഡൽഹിയിലേക്കു പറന്നിരിക്കയാണ്. ഇന്ന് അദ്ദേഹം വൈസ്രോയിയെ സന്ദർശിക്കും, ഇന്നല്ലെങ്കിൽ നാളെ അതിൻെറ ഫലം നമുക്കറിയാം. ഉടൻതന്നെ ഇടക്കാല ഗവൺമെൻറു രൂപവൽക്കരിച്ചതായി നമുക്കു കേൾക്കുകയും ചെയ്യും.

★

---

കുന്ന ആധിപത്യത്തിൻെറ നാന്ദിയാണെന്നു നമുക്കു ദൃഢമായി വിശ്വസിക്കാം.

ഈ വിശ്വാസത്തോടുകൂടി, പ്രിയവായനക്കാരെ, നിങ്ങൾക്ക് എല്ലാ നവവത്സരഭാവുകങ്ങളും ഞാൻ ഹാർദ്ദമായി നേന്നുകൊള്ളുന്നു.

★

---

## മദ്യപാനത്തെപ്പററി ചില പഴഞ്ചൊല്ലുകൾ

(വി. ജി. ഡി.)

മദ്യപാനത്തെപ്പററിയുള്ള വിശ്വവിഖ്യാതങ്ങളായ പഴഞ്ചൊല്ലുകളിൽ ചിലതാണു ചുവടെ ചേക്കുന്നത്:—

കൂടുതൽ ആളുകളെ മുക്കിക്കൊന്നിട്ടുള്ളതു കടലിനേക്കാൾ വീഞ്ഞാണ്—Publius Sirus.

മദ്യപാനം നിർത്തുന്നതിനുള്ള മാർഗ്ഗം, മദ്യപാനം ചെയ്തിട്ടില്ലാത്ത സമയത്തു ഒരു മദ്യപനെ നോക്കുകയാണ്. (ഷെചാനിസ്)

മദ്യം അകത്താകുമ്പോൾ ബുദ്ധി പുറത്താകും (ഇററാലിയൻ)

യുദ്ധത്തേക്കാൾ കൊല്ലുന്നതു മദ്യമാണ് (ജർമ്മൻ)

കുടിക്കുന്ന വെള്ളം ഒരുവനെ രോഗിയോ കടക്കാരനോ, അവളുടെ ഭാര്യയെ വിധവയോ ആക്കുന്നതല്ല —John Neale

മദ്യപാനം എല്ലാ സ്വഭാവദൂഷ്യങ്ങളും വിരിയുന്ന ഒരു മുട്ടയാണ്, സ്വഭാവദൂഷ്യം [illegible] അല്ല അത് —Seneca

മദ്യപാനം ചിലരെ വിഡ്ഢികളും, മററു ചിലരെ മൃഗങ്ങളും, വേറെ ചിലരെ പിശാചുക്കളുമാക്കിത്തീക്കുന്നു.

*—From J. Gilchrist Lawson's "The World's Pest Broverbs and Maxims" (Grosset and Dunlap)*

കൊച്ചിയിൽ

# ഇടക്കാല ക്യാബിനററ്

## ദിവാനും നാലു മന്ത്രിമാരും

### ശനിയാഴ്ച പ്രഖ്യാപനം

[ചക്രവാളം ലേഖകൻെറ കമ്പി] തൃശ്ശൂർ, ആഗസ്റ്റ് 15.

പുതിയ ഭരണഘടനയുടെ നക്കൽ തയ്യാറാക്കി, അതുൽഘാടനം ചെയ്യുന്നതുവരെ, കൊച്ചിയിലെ ഭരണനിർവ്വഹണത്തിന് ദിവാനുംപ്പെടെ അഞ്ചുപേരടങ്ങിയ ഒരു ക്യാബിനററ് രൂപവൽക്കരിച്ചുകൊണ്ടുള്ള പ്രഖ്യാപനം മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ ശനിയാഴ്ച ചെയ്യുമെന്ന് ഉന്നതതലങ്ങളിലുള്ള രാഷ്ട്രീയകേന്ദ്രങ്ങളിൽ നിന്നും ഞാൻ അറിയുന്നു.

നിയമസമാധാനങ്ങളും, ധനകാര്യം എന്നീ ഭരണവകുപ്പുകൾ ദിവാൻെറ അധീനത്തിൽ തന്നെ ആയിരിക്കാനാണ് ഇടയുള്ളത്.

പുതിയ ഭരണഘടന ആറുമാസത്തിനകം തയ്യാറാകുമെന്നും ഉടൻതന്നെ കുറെക്കൂടി വിപുലമായ വോട്ടവകാശ വ്യവസ്ഥയോടുകൂടി പുതിയ തെരഞ്ഞെടുപ്പു നടത്തുമെന്നും അപ്പോൾ അവകാശാധികാരങ്ങൾ മുഴുവൻ പുതിയ കൌൺസിലിനു കൈമാററം ചെയ്യപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

## മുഖം കാണിച്ചു

[ആദ്യം കിട്ടിയത്.] തൃശ്ശൂർ, ആഗസ്റ്റ് 14.

പ്രജാമണ്ഡലം, പ്രോഗ്രസ്സീവ്, സോഷ്യലിസ്റ്റ് കക്ഷി നേതാക്കന്മാർ ഇന്നു രാവിലെ മഹാരാജാവു തിരുമേനിയെ മുഖം കാണിക്കുകയും, പരിപൂർണ്ണ ഉത്തരവാദഭരണത്തിൻെറ നടപടിയായി എല്ലാ ഭരണവകുപ്പുകളും ഒരു ഇടക്കാലഗവമ്മെൻറിനു വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു.

അതിനിടയ്ക്കു, രാഷ്ട്രീയ പ്രധാനങ്ങളായ പല കൂടിയാലോചനകളും അന്തഃപുരങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നു.

നിയമസഭ ശനിയാഴ്ചവരെക്ക പിരിച്ചിട്ടുണ്ട്. അന്നു മഹാരാജാവു തിരുമേനി ഒരു പ്രധാനമായ ഒരു പ്രഖ്യാപനം ചെയ്യുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

## നേതാക്കന്മാർക്കു കമ്പി

ഉത്തരവാദഭരണം ഏർപ്പെടുത്തുന്നതിനും ഐക്യകേരളം സ്ഥാപിക്കുന്നതിനും മഹാരാജാവു തിരുമേനി സന്നദ്ധത പ്രദർശിപ്പിച്ചിട്ടുള്ളതിനു പ്രതികൂലമായ മനോഭാവം ഇൻഡ്യാ ഗവമ്മെൻറിൻെറ പൊളിററിക്കൽ ഡിപ്പാർട്ടുമെൻറു സ്വീകരിച്ചിരിക്കുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ഇടപെട്ടു വേണ്ടതു പ്രവത്തിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടു പ്രജാമണ്ഡലം പാർലമെൻററി സെക്രട്ടറി മഹാത്മജി, പണ്ഡിററ് നെഹ്രു, സർദാർ പട്ടേൽ എന്നിവക്കു കമ്പിയടിച്ചിട്ടുള്ളതായി അറിയുന്നു.

## ശ്രീ വി. കെ. കൃഷ്ണമേനോൻ

ഇപ്പോൾ എറണാകുളത്ത് എത്തിയിട്ടുള്ള ലണ്ടനിലെ ഇൻഡ്യാ ലീഗ് സെക്രട്ടറി ശ്രീ വി. കെ. കൃഷ്ണമേനോനോടു കൊച്ചിയിലെ അധികാരികൾ ഭരണപരിഷ്കാരം സംബന്ധിച്ച കൂടിയാലോചനകൾ നടത്തുന്നതാണെന്നറിയുന്നു.

എറണാകുളത്തെ സ്വീകരണം

എറണാകുളം, ആഗ. 13.

ലണ്ടനിലെ ഇന്ത്യാലീഗ് സിക്രട്ടറി മി. വി. കെ. കൃഷ്ണമേനോൻ ഇന്നു ഇവിടെ എത്തിയിരിക്കുന്നു.

എറണാകുളത്തു വിദ്യാർത്ഥി കോൺഗ്രസ്സ് വകയായുള്ള ഒരു ഹോസ്റ്റൽ അദ്ദേഹം ഉൽഘാടനം ചെയ്തു. വിദ്യാർത്ഥികൾ തങ്ങളുടെ കഴിവുകളെ കേവലം ഒച്ചപ്പാടുണ്ടാക്കുന്ന പ്രകടനങ്ങൾക്കുവേണ്ടി ദുർവ്യയം ചെയ്യാതെ നിർമ്മാണപരമായ വഴികളിലേക്കു തിരിച്ചുവിടുന്നതു ചാരിതാർത്ഥ്യജനകമാണെന്നു അദ്ദേഹം പറഞ്ഞു.

ഇന്ത്യ സ്വാതന്ത്ര്യത്തിൻെറ പടിക്കലോളമെത്തിയിരിക്കുന്നു എന്നു പറയപ്പെടുന്നുണ്ട്. അതു വാസ്തവമായിരിക്കാം. എന്നിരിക്കിലും എന്നും പടിക്കലിരുന്നാൽ പോരല്ലോ. ഇംഗ്ലണ്ടിലെ വിദ്യാർത്ഥികൾ രാഷ്ട്രീയമായി ഇന്ത്യൻ വിദ്യാർത്ഥികളോളം തന്നെ ഉൽബുദ്ധരല്ലെന്നു മി. കൃഷ്ണമേനോൻ പറഞ്ഞു. അതു സ്വാഭാവികവുമാണ്. അവർ ഉദാരമായ ഒരു ജനകീയ ഭരണത്തിനു കീഴിൽ ഒരു സ്വതന്ത്രരാജ്യത്താണ് ജീവിക്കുന്നത്.

ജനപ്രതിനിധിസഭ സമ്മേളിക്കുകയും ഒരു ഭരണഘടന രൂപീകരിക്കുകയും ചെയ്താൽ തന്നെയും സ്വാതന്ത്ര്യം പിന്നെയും നേടേണ്ടതായിട്ടുണ്ടെന്നു പ്രാസംഗികൻ ഓർമ്മപ്പെടുത്തി. സ്ത്രീയും പുരുഷനും തമ്മിലുള്ളതുൾപ്പെടെ എല്ലാത്തരം അസമത്വങ്ങളും അവസാനിച്ചാൽമാത്രമേ ഇന്ത്യയെസ്സംബന്ധിച്ചിടത്തോളം ആ സ്വാതന്ത്ര്യത്തിന് എന്തെങ്കിലും അർത്ഥമുള്ളൂ.

തുടർന്നുകൊണ്ടു മി. കൃഷ്ണമേനോൻ ലണ്ടനിലെ ഇന്ത്യാലീഗിൻെറ സ്വഭാവത്തെയും സംഘടനയേയും വിവരിച്ചു. അതൊരു രാഷ്ട്രീയ കക്ഷിയല്ല; ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്ന വിവിധാഭിപ്രായക്കാരായ അഞ്ഞൂറോളം ആളുകളടങ്ങിയ ഒരു പ്രചാരക സംഘമാണ്.

ഇന്ത്യയെസംബന്ധിച്ചുള്ള ലേബർഗവമ്മെണ്ടിൻെറ വാഗ്ദാനങ്ങൾ ആത്മാർത്ഥങ്ങളാണോ എന്നു ചോദിക്കാറുണ്ട്. അതു ശരിയായ ഒരു വീക്ഷണമാർഗ്ഗമല്ല. നിർബ്ബന്ധിക്കപ്പെട്ടല്ലാതെ യാതൊരു ഗവമ്മെണ്ടും അധികാരം വിട്ടുകൊടുക്കാൻ ഇഷ്ടപ്പെടുകയില്ല. ആ നിർബ്ബന്ധമാകട്ടെ ജനങ്ങളിൽനിന്നു വരേണ്ടതുമാണ്. അതായതു ഇന്ത്യയിലേയും ഇംഗ്ലണ്ടിലേയും ജനങ്ങളിൽനിന്ന്.

ഇംഗ്ലണ്ടിലെ പൊതുജനാഭിപ്രായം പാകിസ്ഥാനു അഥവാ ഇന്ത്യയുടെ വിഭജനത്തിനു എതിരാണെന്നു മി. മേനോൻ പറഞ്ഞു. സാമ്രാജ്യരക്ഷയെ അപകടപ്പെടുത്തിയേക്കാമെന്നതുകൊണ്ടു കൺസർവേററീവ് കക്ഷി അതിനെ എതിർക്കുന്നു; അയർലണ്ടിലെ അനുഭവം അറിവുള്ളതിനാൽ ലിബറൽ കക്ഷി അതിനെ വെറുക്കുന്നു. സാമ്രാജ്യത്വവാദിയുടെ ഒരു കൂടതന്ത്രമെന്ന നിലയിൽ സോഷ്യലിസ്റ്റുകൾക്കും കമ്യൂണിസ്റ്റുകൾക്കും അത്യാവശ്യവുമില്ല.

ജട്ടിമൈതാനത്തിൽവെച്ചു ചെയ്ത പൊതുപ്രസംഗത്തിൽ മി. കൃഷ്ണമേനോൻ 1942-ലെ സമരത്തെക്കുറിച്ചു പറഞ്ഞു. അതേവരെ അക്രമരഹിതമെന്നു കരുതപ്പെട്ടുപോന്ന ഇന്ത്യക്കു ഇങ്ങോട്ടു ആക്രമിച്ചാൽ അങ്ങോട്ടും അക്രമിക്കാൻ കഴിയുമെന്ന് ആ സമരം പഠിപ്പിച്ചു. മർദ്ദനം ജനങ്ങളുടെ ഉശിരിനെ കെടുത്തിയില്ല. അവസാനം ബ്രിട്ടീഷ് ഗവമ്മെൻറിനു നിയമഭഞ്ജകന്മാരോടു തന്നെ സന്ധിയാലോചന നടത്തേണ്ടിവന്നു.

ഐക്യകേരളത്തെപ്പററിയുള്ള കൊച്ചി മഹാരാജാവിൻെറ പ്രഖ്യാപനത്തെ മി. കൃഷ്ണമേനോൻ സ്വാഗതം ചെയ്തു. രാജ്യത്തിലെ പുരോഗമനശക്തികൾ അതിനെ സഹായിക്കേണ്ടതാണെന്നു അദ്ദേഹം പറഞ്ഞു. തിരുവിതാംകൂർ ഗവമ്മെൻറിൻെറ അഭിപ്രായം അറിഞ്ഞുകൂടെങ്കിലും തിരുവിതാംകൂറുകാരുടെ അഭിപ്രായം നമുക്കറിയാം. തുടർന്നുകൊണ്ടു മി. മേനോൻ ഒരേ സംസ്കാരത്തിൽ ജീവിക്കുകയും ഒരേ ഭാഷ സംസാരിക്കുകയും ചെയ്യുന്ന ആളുകൾക്കിടയിൽ സംഘടനാപരമായ ഐക്യമുണ്ടാകേണ്ടതിൻെറ ആവശ്യത്തെപ്പററി പറഞ്ഞു.

(മാ: ഭൂ.)

★

# രാഷ്ട്രീയ പ്രമേയം

സാമൂഹ്യ ജീവിതത്തിന്റെ പലവശത്തും യുദ്ധത്തെ തുടർന്ന് പ്രത്യക്ഷമായിരിക്കുന്ന വിപ്ലവാത്മകമായ പ്രചോദനത്തെയും പരിവർത്തനോന്മുഖമായ ഇന്നത്തെ സ്ഥിതിഗതികളെയും പരിഗണിച്ച് തിരുവിതാംകൂർ രാഷ്ട്രീയമണ്ഡലത്തിൽനായർ സമുദായത്തിന്റേയും സർവീസ്സൊസൈററിയുടെയും നില എന്തായിരിക്കണമെന്നുള്ളവിഷയം എൻ. എസ്. എസ്. ഡയറക്ടർ ബോർഡിന്റെ അവഗാഢമായ ശ്രദ്ധയ്ക്കു പാത്രീഭവിച്ചതിന്റെ ഫലമായി പ്രസ്തുതവിഷയത്തെപ്പററി സമഗ്രമായി പഠിച്ച് റിപ്പോർട്ടുചെയ്വാൻ ശ്രീമാന്മാർ കെ. എൻ. ശങ്കുണ്ണിപ്പിള്ള ബി. എ. ബി. എൽ. പി. ബാലകൃഷ്ണൻതമ്പി ബി. എ. ബി. എൽ. വി. ജി. ശങ്കരനാരായണപിള്ള ബി. എ. ബി. എൽ. ററി. പി. വേലായുധൻ പിള്ള എം. എൽ. എ., വി. കെ. വേലപ്പൻ നായർ എം. എൽ. എ. എന്നീ എൻ. എസ്. എസ്. മെംബറന്മാർ അടങ്ങിയ ഒരു കമ്മററിയെ എൻ. എസ്. എസ്. ഡയറക്ടർബോർഡ് 121 കുംഭം 20-ാംനു നിയമിക്കുകയുണ്ടായി. സവിസ്തരമായ അന്വേഷണങ്ങൾക്കും സുദീർഘ ചർച്ചകൾക്കും ശേഷം ആ കമ്മററി ശ്രദ്ധേയമായ ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. തിരുവിതാംകൂർ കമ്പനി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ. എസ്. എസ്. ന്റെ ഉദ്ദേശവിവരണത്തിൽ രാഷ്ട്രീയ പ്രവർത്തനം വ്യക്തമായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും, അപ്പഴപ്പോൾ ആവിർഭവിച്ചിട്ടുള്ള പരിതസ്ഥിതികളുടെ അവസരോചിതമായ സ്വഭാവങ്ങൾക്കനുസരണമായി എൻ. എസ്. എസ്. അപരിത്യാജ്യമായ സന്ദർഭങ്ങളിൽ അത്യാവശ്യമായ സമുദായതാല്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ള സദുദ്ദേശത്തിന്മേൽ രാഷ്ട്രീയപ്രവൎത്തനംകൂടി കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർബന്ധിതമായിട്ടുണ്ട്. നായർസർവീസ് സൊസൈററി നായർ സമുദായത്തെ പ്രതിനിധീകരിക്കുന്ന ഏക സമുദായ സ്ഥാപനമായി നിലകൊള്ളുന്ന സ്ഥിതിക്കു സൊസൈററിയുടെ രാഷ്ട്രീയാഭിപ്രായ പ്രവൎത്തനങ്ങൾ ഈ രാജ്യത്തെ നായർ സമുദായത്തെപൊതുവെ ബന്ധിക്കുന്നതാണെന്ന് ധരിക്കുവാൻ ന്യായമുണ്ട്. മഹത്തായ രാഷ്ട്രീയ പാരമ്പര്യം ഉള്ള നായർ സമുദായം, സാമുദായികമനോഭാവം നാട്ടിൽ നടമാടുന്ന ഇക്കാലത്ത് ആദർശജീവിതത്തിൽ വിശ്വസിച്ച് രാജ്യക്ഷേമത്തെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന ധാരാളം വ്യക്തികളെ ഉൾക്കൊള്ളുന്നു എന്നുള്ളത് അനിഷേധ്യമായ ഒരു പരമാർത്ഥമാണ്. ഈ പരിതസ്ഥിതിയിൽ സമുദായവാദം സുപ്രധാനമാക്കി നിലനിൎത്തിക്കൊണ്ട് അവസരോചിതമായി രാഷ്ട്രീയപ്രവൎത്തനങ്ങളിൽ കൂടി ഏർപ്പെടുന്ന സർവീസ്സൊസൈററിയുടെ നയത്തോട് വിയോജിക്കുന്ന ഒരു വിഭാഗം നായർ സമുദായത്തിൽ ഉണ്ടാവുക എന്നുള്ളത് സ്വാഭാവികമാകുന്നു. ഇപ്രകാരമുണ്ടായിട്ടുള്ള അഭിപ്രായഭിന്നതകളെ മാററി നായർസമുദായത്തിന് ഐക്യദാർഢ്യം കൈവരുത്തേണ്ടത് സൊസൈററിയുടെ അനപേക്ഷണീയമായ കൎത്തവ്യമാകുന്നു. എൻ. എസ്സ്. എസ്സ്. തന്നെ നായർസമുദായത്തെ സംബന്ധിക്കുന്ന രാഷ്ട്രീയ കാര്യങ്ങൾകൂടി ധീരമായി കൈകാര്യം ചെയ്യണമെന്നുള്ള അഭിപ്രായത്തോട് ചില സമുദായസ്നേഹികൾ പൂർണ്ണമായ അനുഭാവമുള്ളവരാണെങ്കിലും രാഷ്ട്രീയകാര്യം ശ

(ശേഷം കവർ 3-ാം പേജിൽ)





ഇവൻ പലതും ഇപ്പോൾ പഠിക്കുന്നുണ്ട്. എന്നാൽ, ലൈഫ്ബോയ് ദിവസേന ഉപയോഗിക്കുവാൻ ശീലിക്കുന്നതിൽ കൂടുതൽ മറെറാന്നും ഇവന്റെ ജീവിതത്തിൽ ഉതകുകയില്ല. കരുതലില്ലാത്തവരെ ഉപദ്രവിക്കുവാൻ തക്കം നോക്കിയിരിക്കുന്ന എല്ലായിടത്തുമുള്ള "അഴുക്ക അപായത്തിൽ" നിന്നും രക്ഷിക്കുന്ന പരിശീലനം ഇവനു നൽകിയിട്ടുണ്ടെന്നുള്ള സന്തോഷവും ചാരിതാർത്ഥ്യവും ഇവന്റെ മാതാവിനുണ്ടാകും.

ലൈഫ്ബോയ് ഒരു നല്ല സോപ്പ്—ലൈഫ്ബോയ് പരിശീലനം അത്യുത്തമം




L. 77-169 ML

LEVER BROTHERS (INDIA) LIMITED

# ആഗസ്റ്റ് 9.

## (ശ്രീ സുചേതാ കൃപലാനി)

[ഇക്കഴിഞ്ഞ ആഗസ്റ്റ് 9-ാംനു- സഹോദരി സുചേതാകൃപലാനി കോട്ടയം ദേശീയ മഹിളാസദനത്തിൽ ചെയ്ത പ്രസംഗത്തിൻെറ പരിഭാഷയാണു ചുവടെ ചേർക്കുന്നത്. അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററിയിലെ വനിതാ വിഭാഗത്തിൻെറയും ശ്രീ കസ്തൂർബാ നിധിയുടേയും നേതൃത്വം വഹിക്കുന്ന സുചേതയുടെ സുചിന്തിതമായ ഈ പ്രതിപാദനം പ്രവർത്തകരുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ട്.]

സുഹൃത്തുക്കളെ,

ആഗസ്റ്റ് 9 ആചരിക്കുവാൻവേണ്ടിയാണ് ഇന്നു നാമിവിടെ കൂടിയിരിക്കുന്നത്. സംഭവബഹുലമായ നാലു നീണ്ട വർഷങ്ങൾക്കു മുമ്പ്, ഇതേ ദിവസം ഇൻഡ്യയിലുണ്ടായ ആ മഹാ വിപ്ലവം ഇപ്പോൾ ഞാൻ അനുസ്മരിച്ചുപോകുന്നു. അന്നു ശ്രീ കൃപലാനിജിയും ഞാനും സർദാർ പട്ടേലിൻെറ വസതിയിലാണ് താമസിച്ചിരുന്നത്. ചരിത്രപ്രസിദ്ധമായ ആ സുപ്രഭാതത്തിൽ പോലീസുകാർ വന്ന് അവരെ എല്ലാം പിടിച്ചുകൊണ്ടുപോയി; എന്തുകൊണ്ടോ, എന്നെ അവർക്ക് ആവശ്യമുണ്ടായിരുന്നില്ല. എൻെറ ഭാരം ഗുരുതരമായിത്തീർന്നു. സഹപ്രവർത്തകരോടൊപ്പം ഞാനും ഒളിവിലിരുന്നു ജനകീയ പ്രക്ഷോഭണത്തെ സംഘടിപ്പിക്കുവാൻ ഉദ്യമിച്ചു. പെട്ടെന്നു ഫലപ്രാപ്തിയുണ്ടാകുമെന്നായിരുന്നു ഞങ്ങളുടെയെല്ലാം അന്നത്തെ പ്രതീക്ഷ. പരമാവധി മൂന്നുമാസത്തിനകം ബ്രിട്ടീഷു സാമ്രാജ്യത്വം ഭാണ്ഡംമുറുക്കി ഇൻഡ്യവിട്ടു പോകേണ്ടിവരുമെന്നു ഞങ്ങൾ പ്രത്യാശിച്ചിരുന്നു. സെപ്റ്റംബർ 30-ആണു ഞങ്ങൾ നിശ്ചയിച്ചിരുന്ന കാലാവധി. ആ പ്രത്യാശയോടുകൂടി പലരും ഞങ്ങളെ സഹായിച്ചു—പണംകൊണ്ടും മറ്റെല്ലാവിധത്തിലും; ഞങ്ങൾ നാടുനീളെ ചുററിസ്സഞ്ചരിച്ചു കഴിവുള്ളതെല്ലാം ചെയ്തു. അവസാനം എന്തു സംഭവിച്ചു? നാം തോററു. അതെ, നിങ്ങൾക്കിതു കേൾക്കാൻ രസമുള്ളതല്ലെങ്കിലും 1942-ലെ വിപ്ലവത്തിൽ നാം പരാജിതരാകുകതന്നെ ചെയ്തു. എന്തുകൊണ്ട്? നമുക്കൊന്നു വിശകലനം ചെയ്തുനോക്കാം.

ഗൂഢപ്രവർത്തനങ്ങൾ കൊണ്ടു പറയത്തക്ക പ്രയോജനമൊന്നുമുണ്ടാകാൻ പോകുന്നില്ലെന്ന് അന്നാണ് എനിക്ക് മനോബോദ്ധ്യമായത്. ഒരു ഉദാഹരണം പറയാം. ഞങ്ങൾ എട്ടോ പത്തോപേർ ചേർന്ന് ഗൂഢമായി റെയിൽപാളം മാററി വണ്ടിയുടെ ഗതാഗതത്തെ പ്രതിബന്ധപ്പെടുത്തിയെന്നുതന്നെ സങ്കല്പിക്കുക; ഞങ്ങളെ അധികാരികൾ കണ്ടുപിടിച്ചില്ലെന്നും സങ്കല്പിക്കുക—കണ്ടുപിടിച്ചാൽ ഞങ്ങളുടെ കഥ അതോടുകൂടി കഴിയും. എന്താണു പിന്നീടു സംഭവിക്കുന്നത്? ഈ അപകടം അധികാരികൾ കണ്ടുപിടിച്ചാലുടൻ, കഥയൊന്നുമറിഞ്ഞിട്ടില്ലാത്ത ആ നാട്ടുകാർക്കു കൂട്ടപ്പിഴയിടുകയായി. തങ്ങൾ മനസാവാചാകർമ്മണാ അറിഞ്ഞിട്ടില്ലാത്ത ഒരു കുററത്തിന് അവർ പ്രായശ്ചിത്തം ചെയ്യേണ്ടിവരുന്നു. അവർ പ്രക്ഷോഭണത്തെത്തന്നെ പഴിക്കാൻ വേറെ വല്ലതും വേണമോ? ക്രമത്തിൽ അവരുടെ മനോവീര്യം നശിക്കുന്നു. പ്രക്ഷോഭണപ്രവർത്തകരെ കാണുമ്പോൾ അവർ ശപിക്കുന്നു. എനിക്കറിയാം, ഉടൻ സ്വരാജ്യം കിട്ടുമെന്നുള്ള വ്യാമോഹത്തോടുകൂടി ഒറ്റപ്പെട്ട ഘട്ടങ്ങളിൽ അകപ്പെട്ട ഞങ്ങളെ സഹായിച്ചിരുന്ന പല മാന്യന്മാരും കുറെ കഴിഞ്ഞപ്പോൾ ഞങ്ങളെ കാണുന്ന ക്ഷണത്തിൽ ഓടിയൊളിക്കുവാൻ തുടങ്ങി. അങ്ങനെ, ഞങ്ങൾ നിസ്സഹായരായിത്തീർന്നു. ഫലം? പ്രക്ഷോഭണം പരാജയപ്പെട്ടുതന്നെ.

എന്താണിതിനൊരു പോംവഴി? നമ്മുടെ അഭിവന്ദ്യനേതാവായ മഹാത്മജി ഈ സംഭവവികാസങ്ങളെല്ലാം ദീർഘദർശനം ചെയ്തിട്ടുള്ള ഒരു പക്വമതിയാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ ഏററവും നിർഭയനായ ഒരു വീരയോദ്ധാവാണ് അദ്ദേഹം. യുദ്ധമുറയിൽ അതിപ്രധാനമായി വേണ്ടതു ശത്രുവിനെ കൊന്നൊടുക്കുകയും ശത്രുവിൻെറ യുദ്ധസാമഗ്രികൾ നിശ്ശേഷം നശിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണെന്നു പാശ്ചാത്യരാജ്യങ്ങളിൽ സ്വീകരിച്ചിട്ടുള്ളതെന്ന് ഇക്കഴിഞ്ഞ മഹായുദ്ധത്തിൽ നാം കണ്ടുകഴിഞ്ഞു. പക്ഷെ മൃഗീയമായ ഹിംസയ്ക്കു ഭാരതീയർ ഒരുക്കമില്ല. "ഹിംസാദോഷമെന്നിയേ ധർമ്മസംഗരം നടത്തി," ശത്രുസംഹാരം നിർവ്വഹിക്കുകയാണു നമ്മുടെ കർത്തവ്യം. നമുക്കൊരു വൈഷമ്യം കൂടിയുണ്ട്. സാധാരണയായി വെളിയിൽ നിന്നാണു ശത്രുക്കളോടു പോരാടേണ്ടി വരാറുള്ളത്. വെളിയിൽ നിന്നൊരു ശത്രു കടന്നു കയറി ആക്രമിക്കാൻ വരുമ്പോൾ നാട്ടുകാരെല്ലാം ഏകോപിച്ച് അതിർത്തിയിൽ വെച്ചോ മറേറാ ശത്രുവിനോടു പട വെട്ടുന്നതായിട്ടാണു കേട്ടുകേൾവി. എന്നാൽ നമ്മുടെ അനുഭവം മറിച്ചാണ്. 150-ൽ അധികം വർഷമായി നമ്മുടെ രാജ്യത്തു വേരുറപ്പിച്ചിട്ടുള്ള, ഭരണചക്രം തിരിച്ചുകൊണ്ടിരിക്കുന്ന, സ്ഥിരപ്രതിഷ്ഠരായി ശത്രുക്കളോടാണു നാം പൊരുതേണ്ടിയിരിക്കുന്നത്. അത്രയും ഉറച്ച ആ ആഭ്യന്തരശത്രുവിൻെറ ആയുധങ്ങളിൽ പലതും നമ്മളിൽ ചിലർ തന്നെയാണ്. അവരുടെ ഭരണചക്രം തിരിക്കുന്നതു നമ്മളിൽ ചിലരാണ്; അവരുടെ പട്ടാളക്കാരും പോലീസുകാരുമായി ജോലി നോക്കുന്നതു നമ്മുടെ സഹോദരങ്ങളാണ്; ഏററവും ലജ്ജാവഹമെന്നല്ലാതെ മറെറന്തു പറയട്ടെ, അവരുടെ സി. ഐ. ഡി. കൾ പോലും നമ്മളിൽ ചിലരാണ്. ആ സ്ഥിതിക്ക് ആ ആഭ്യന്തര ശത്രുവിൻെറ നേരെ ഒരു സായുധസമരം നടത്തുന്നതു സുസാദ്ധ്യമല്ല.

ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തം ആത്മീയമായതാണെന്നു പ്രബലമായ ഒരഭിപ്രായമുണ്ട്; ആയിരിക്കാം. പക്ഷെ രാഷ്ട്രീയമായി വല്ല പ്രയോജനവും അതിനുണ്ടോ എന്നാണു നാം ആരായേണ്ടത്. ഹിംസ കൊണ്ടേ സ്വാതന്ത്ര്യം സിദ്ധമാകുകയുള്ളുവെങ്കിൽ, അങ്ങനെ പോലും അതു നേടുന്നതിനു ഗാന്ധിജിയൊഴിച്ചുള്ള നാമെല്ലാം ഉൽസുകരാണ്. എന്നാൽ ഹിംസകൊണ്ടു, സായുധസമരംകൊണ്ട് ഇൻഡ്യയുടെ സ്വാതന്ത്ര്യം വീണ്ടെടുക്കാമെന്ന് ഇപ്പോഴത്തെ സാഹചര്യങ്ങളിൽ പ്രതീക്ഷിക്കാവുന്നതല്ല, അല്ലേ? നിങ്ങൾ എന്തുപറയുന്നു?

എങ്കിലും സ്വാതന്ത്ര്യം നമുക്കു കൂടിയേ കഴിയൂ. അതിനുള്ള ഉപായമെന്താണ്? ബ്രിട്ടീഷ് അധികാര ശക്തിയുമായി സമ്പൂർണ്ണനിസ്സഹകരണം നടത്തുക; നമ്മെ ചൂഷണം ചെയ്യുന്നതിന് അവരെ അനുവദിക്കാതിരിക്കുക; അവരുടെ ആജ്ഞാശക്തിയെ അഹിംസാപരമായും സഫലമായും ധിക്കരിക്കുക; അതേ സമയത്തു സ്വയംഭരണം ഏറെറടുക്കാനുള്ള സർവ്വ പരിശീലനങ്ങളും നേടുക. അതിനെന്താണു മാർഗ്ഗം?

ഗാന്ധിജി രംഗപ്രവേശം ചെയ്യുന്നതിനുമുമ്പു നമ്മുടെ പ്രവർത്തനങ്ങൾക്ക് ഒരു രാഷ്ട്രീയവശം മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു സാമ്പത്തികവശംകൂടി അതിനു, അത്യന്താപേക്ഷിതമാണെന്നു ഗാന്ധിജി നമ്മെ പഠിപ്പിച്ചു. അതിൻെറ ഫലമാണ് അദ്ദേഹം നിർദ്ദേശിച്ച സൃഷ്ടിപരമായ പരിപാടികൾ. സൃഷ്ടിപരമായ പരിപാടികളെപ്പററി പറയുമ്പോൾ നിങ്ങളിൽ പലരും നെററിചുളിക്കുമെന്ന് എനിക്കറിയാം. അതു മനുഷ്യനെ മിനക്കെടുത്താനുള്ള വിഫലമായ ഒരു പഴഞ്ചൻ പരിപാടിയാണെന്നാണു നിങ്ങളിലധികം പേരും ധരിച്ചു വച്ചിരിക്കുന്നത്. സുഹൃത്തുക്കളേ, പരമാർത്ഥം അതല്ല. ഉദാഹരണം പറയാം. നൂൽനൂൽപ്പിൻെറയും ഖദറിൻെറയും കാര്യംതന്നെ എടുക്കാം. അഭ്യസ്തവിദ്യരായ നാം, സ്വാതന്ത്ര്യപ്രേമികളായ നാം, വീരയോദ്ധാക്കളായ നാം ഈ പരിപാടിയുമായി ബഹുജനങ്ങളെ സമീപിക്കുമ്പോൾ ചുമ്മാതിരുന്നു നൂൽനൂററുകൊള്ളാൻ ഉപദേശിക്കുകമാത്രം ചെയ്തു കൃതകൃത്യരായി മടങ്ങിപ്പോരുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇല്ല; ഒരിക്കലുമില്ല. നൂൽനൂൽപ്പിൽകൂടി ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൻെറ പ്രാധാന്യത്തെ നാം അവർക്കു വിവരിച്ചുകൊടുക്കും; സ്വാതന്ത്ര്യതൃഷ്ണ അവരിൽ നാം ആളിക്കത്തിക്കും. അങ്ങനെ അവരെ വരാനിരിക്കുന്ന ആത്യന്തികസമരത്തിലെ വീരയോദ്ധാക്കളായി രൂപാന്തരപ്പെടുത്തുകയും ചെയ്യും. ബഹുജനങ്ങളുമായി ഇടപെടുവാനും അവരുടെ വിഷമതകൾ നേരിട്ടു മനസ്സിലാക്കുവാനും യഥാശക്തി അവർക്ക് ആശ്വാസം നൽകുവാനും, ഇല്ലെങ്കിൽ അവരോടു സഹാനുഭൂതി പ്രദർശിപ്പിക്കുവാനെങ്കിലും നമുക്കപ്പോൾ സാധിക്കും. അങ്ങനെ അവരുമായി നാം സാത്മ്യപ്പെടും. സ്വാതന്ത്ര്യലബ്ധിക്ക് ഏററവും ഉപകരിക്കുന്നതും സ്വാതന്ത്ര്യത്തോളംതന്നെ പരമപ്രധാനമായതുമായ ഒരു സംഗതിയാണിത്. സൃഷ്ടിപരമായ ഓരോ പരിപാടിയുടെയും പരമാർത്ഥം അതാണ്.

(ശേഷം 10-ാം പേജിൽ)

ത്രിവേണി

# കഥാവിധാനം

(കെ. വി. എം.)

## (കരുണ)

[തുടർച്ച]

"വിസ്തൃതരാജവീഥിതൻ കിഴക്കരികിൽ,, എന്നുള്ള സ്ഥലനിർദ്ദേശത്തിന്റെ ചാതുര്യം 'മാറ്റൊലി,യിൽ ഇങ്ങനെ മാറ്റൊലിക്കൊള്ളുന്നു:– "സ്ഥലകാലനിർദ്ദേശങ്ങൾ രണ്ടുംകൂടിയായാൽ വളരെക്കുറച്ചേയുള്ളു. പക്ഷെ രണ്ടും, നേരെകൊണ്ടുപോയി തൊട്ടുകാണിച്ചാലെന്നവിധം തത്തൽബോധം ഉണ്ടാക്കാൻ മതിയായിട്ടുണ്ട്. രാജവീഥിയുടെ കിഴക്കരികിൽ നിലകൊള്ളുന്ന മാളികയുടെ തെക്കുവശത്ത് എന്നൊക്കെ പറയുമ്പോൾ ദിഗ്ബോധം പെട്ടന്നുണ്ടാകുന്നു.,, ഈ നിസ്സാരവിഷയത്തെ ഇത്രത്തോളംസാരമാക്കി നിരൂപണം ചെയ്യത്തക്ക ഒരു വിമർശകൻ ഉണ്ടാകുമെന്നു കുമാരനാശാൻ വിചാരിച്ചിട്ടുണ്ടാകയില്ല. "അസ്ത്യുത്തരസ്യാം ദിശിദേവതാത്മാ,, എന്നുള്ള കുമാരസംഭവപദ്യത്തിൽ ഉത്തരദിക്കിലാണു ഹിമവാന്റെ കിടപ്പ് എന്നു പറഞ്ഞതിനേക്കാൾ കൂടുതലായി എന്തൊരു ചാതുര്യമാണ് ഇതിലുള്ളതെന്നു മനസ്സിലാകുന്നില്ല. കുമാരസംഭവത്തിലെ ആ പദ്യത്തിനു് അതിലെ ഉത്തരാർദ്ധത്തോടു കൂടുമ്പോൾ മാത്രമാണ് ചമല്ക്കാരജനകത്വമുള്ളത്. അതുപോലെ കരുണയിലും "അനുപമകൃപാനിധി,, എന്നു മുതൽക്ക് "മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി',എന്നുള്ളേടത്തോളം കൂട്ടിച്ചേർത്തു വായിക്കുമ്പോൾ മാത്രമേ ചമല്ക്കാരം തോന്നുകയുള്ളു. പെട്ടെന്നു ദിഗ്ബോധം ഉണ്ടാകുവാൻ "കഥകളിൽ ഇമ്മാതിരി വിദ്യകൾ 'ഡിക്കൻസി,നെപ്പോലെ പലരും പ്രയോഗിച്ചിട്ടുണ്ട്.,, എന്നു നിരൂപകൻ പറയുന്നതിനു് "ഇതു മദിരാശി വെപ്പാണ്.,, എന്നു രുചികരമല്ലാത്ത ഭക്ഷണസാധനത്തെ വെച്ചുണ്ടാക്കിയ പാചകൻ പറയുന്നതിനേക്കാൾ കൂടുതലായി ഒരു മെച്ചവും കാണുന്നില്ല.

ഇനി കഥയിലേക്കു നോക്കാം. കരുണയിലെ കഥ മൂന്നുഭാഗങ്ങളായിട്ടാണു കുമാരനാശാൻ വിഭജിച്ചിട്ടുള്ളത്. ഉപഗുപ്തന്റെ അടുക്കലേക്കയച്ച സഖിയുടെ സമാഗമം പ്രതീക്ഷിച്ചുകൊണ്ടു വാസവദത്ത ഉൽക്കണ്ഠിതയായിരിക്കുന്നതും കുറച്ചുകഴിഞ്ഞതിനുശേഷം സഖി മടങ്ങിവരുന്നതും, അവളുമായിട്ടുള്ള സംഭാഷണത്തിൽനിന്നു് വാസവദത്തയുടെ പ്രണയപ്രാർത്ഥനയെ ഉപഗുപ്തൻ നിരസിച്ചതായറിഞ്ഞ് ആ വിദഗ്ദ്ധവേശ്യ വിവിധവികാരങ്ങൾക്കു വശംവദയാകുന്നതും വർണ്ണിച്ചുകഴിഞ്ഞതിനുശേഷം വാസവദത്തയെ കാമിച്ച് വൈദേശികനായ ഒരു വണിഗ്വരൻ വരുന്നതായും വാസവദത്ത അയാളെ സൽക്കരിക്കുവാൻ മണിയറയിലേക്കു ചെല്ലുന്നതായും ഒന്നാംഭാഗത്തിൽ പറഞ്ഞിരിക്കുന്നു. രണ്ടാംഭാഗത്തിലെ കഥ പൂർവ്വഭാഗകഥനടന്നിട്ട് കുറെക്കാലം കഴിഞ്ഞതിനുശേഷമുള്ളതാണ്. ഈ ഭാഗത്തിൽ ആദ്യം ഭയങ്കരമായ ഒരു ശ്മശാനത്തിന്റെ ദീർഘവർണ്ണനമാകുന്നു. വണിഗ്വരന്റെ കനകവലയിൽ കുടുങ്ങി പൂർവകാമുകനായ തൊഴിലാളിത്തലവനെ ഗൂഢമായിക്കൊന്ന് അവന്റെ ശവം ധാന്യകുണ്ടിൽ കുഴിച്ചിട്ടുവിച്ച വാസവദത്തയെ കൊലപാതകക്കുറ്റത്തിനു് ന്യായാധിപതി വിസ്തരിച്ച് ചെവിയും, മൂക്കും, കരചരണങ്ങളും മുറിച്ചു ചുടലക്കാട്ടിൽ തള്ളിയിടുവിച്ചു. വാസവദത്ത മരണത്തെ പ്രതീക്ഷിച്ചുകൊണ്ട് അതിൽ കിടക്കുമ്പോൾ സഖി സസ്നേഹം അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. തദവസരത്തിൽ ബുദ്ധഭിക്ഷുവായ ഉപഗുപ്തൻ വാസവദത്തയെ കാണ്മാൻ ആ ചുടലക്കളത്തിലേക്കു ചെല്ലുന്നു. മൂന്നാംഭാഗത്തിൽ ഉപഗുപ്തൻ വാസവദത്തയോടു പല ഉപദേശങ്ങളും പറഞ്ഞ് അവൾക്കു നിർവ്വാണം നല്കുന്നതായ കഥയാണു വർണ്ണിച്ചിട്ടുള്ളത്.

ഇതിൽ വാസവദത്തയുടെ "അതീതചരിത്രം സവിസ്തരം പ്രതിപാദിക്കുന്നതിനും അവൾ ഉപഗുപ്തസമാഗമാർത്ഥം ആവർത്തിച്ചു ചെയ്തുകൊണ്ടിരുന്ന ശ്രമങ്ങൾ വിവരിക്കുന്നതിനും കവി ഒരുങ്ങുന്നില്ല,, എന്നും, പ്രത്യാഗതയായ തോഴിയോടുള്ള സംഭാഷണത്തിൽ "രണ്ടേരണ്ടു വാക്കുകൾകൊണ്ടു വാസവദത്തയുടെ ഉപഗുപ്തോന്മുഖങ്ങളായ പൂർവ്വയത്നങ്ങൾ മുഴുവൻ സമാഹരിക്കപ്പെട്ടുവെന്നു പറയാം,, എന്നു മാറ്റൊലിക്കാരൻ പറയുന്നു. വാസവദത്തയുടെ അതീതചരിത്രം സവിസ്തരം പ്രതിപാദിക്കാതെ തന്നെ സാമാന്യമായി ഊഹിച്ചറിയത്തക്ക വിധമാണ് അവളെ കവി അവതരിപ്പിച്ചിട്ടുള്ളത്. വിടാരാധനത്തിനു കേൾവിപ്പെട്ട ഒരു വേശ്യാവംശത്തിൽ ജനിച്ച്, സൗന്ദര്യത്തിന്റെയും ശൃംഗാരത്തിന്റെയും പരമകാഷ്ഠയിലെത്തി, ദേഹം 'രൂപാജീവ'യായി ജീവിച്ചിരുന്നവളാണ് വാസവദത്ത എന്നു് അവളെ അവതരിപ്പിക്കുന്നതിൽ കവി ചെയ്തിട്ടുള്ള "ചിത്രോപമമായ വർണ്ണന' ധാരാളം വ്യക്തമാക്കുന്നുണ്ട്. നഗരശൃംഗാടകത്തിന്റെ നികടത്തിൽ നിധുവനശാല നിർമ്മിച്ച് പഥികന്മാരെ വശീകരിപ്പാൻ ചമഞ്ഞിരിക്കുന്ന ഒരു വേശ്യയുടെ ചിത്രമത്രെ പ്രസ്തുത വർണ്ണന വായിക്കുമ്പോൾ നമ്മുടെ മനോദൃഷ്ടിക്കു വിഷയീഭവിക്കുന്നത്. മംഗലനാമറിയത്തിൽ സൗന്ദര്യവും ശൃംഗാരവും ഏറിപ്പോയി എന്നു് ആവലാതിപ്പെടുന്ന വിമർശകനു് കരുണയിലെ ഈ സൗന്ദര്യശൃംഗാരങ്ങൾ നല്ല 'പാകമായി' തോന്നുന്നുണ്ടായിരിക്കാം! ഉപഗുപ്തസമാഗമാർത്ഥം വാസവദത്ത ആവർത്തിച്ചു ചെയ്തുകൊണ്ടിരുന്ന ശ്രമങ്ങൾ കവി വിസ്തരിച്ചു വർണ്ണിക്കാതെ തോഴിയോടുള്ള അവളുടെ സംഭാഷണത്തിൽ സൂചിപ്പിക്കുക മാത്രം ചെയ്ത വിഷയത്തിൽ കുമാരകവിയുടെ കലാനൈപുണ്യം അഭിനന്ദനീയമാണെന്നു ശ്രീ. മുണ്ടശ്ശേരിയെന്നപോലെ എല്ലാ സഹൃദയന്മാരും പറയാതിരിക്കയില്ല. എന്നാൽ, 'മൂലകഥയിൽ ഉപഗുപ്തൻ സൗന്ദര്യസർവ്വസ്വമായ ഒരു യുവാവായി വർണ്ണിതനായിരിക്കുന്നു. ആ ഭാഗം വിട്ടുകളഞ്ഞുകൊണ്ട് കവി........ഉപഗുപ്തന്റെ സൗന്ദര്യത്തെ ..........സൂചിപ്പിക്കമാത്രം ചെയ്തിരിക്കുന്നു,, 'എന്നു് അദ്ദേഹം പറയുന്നതു് കാവ്യപ്രശംസയെക്കാളധികം കവി പ്രശംസയിലല്ല പര്യവസാനിക്കുന്നതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഉപഗുപ്തന്റെ സൗന്ദര്യത്തെ പാദാദികേശാന്തമായോ കേശാദിപാദാന്തമായോ വർണ്ണിപ്പാൻ മാത്രമുള്ള മൌഢ്യം സാഹിത്യ ശിശുക്കളായ അപ്രശസ്ത കവികൾക്കുപോലും ഉണ്ടാകയില്ല. ഇക്കാര്യത്തിൽ മഹാകവി കുമാരനാശാനെ പ്രശംസിക്കുന്നത്, വാസ്തവത്തിൽ, അദ്ദേഹത്തിന് ഒരു പ്രശംസയാകയില്ല.

––

ഉപഗുപ്തനു് തന്റെ അടുക്കൽ വരുവാൻ സമയമായിട്ടില്ലെന്നു് സഖിയുടെ വാക്കിൽ നിന്നു മനസ്സിലാക്കിയതിനുശേഷം "വാസവദത്തയുടെ ഹൃദയത്തിൽ അടിക്കടി ഉയരുന്ന വിചാരതരംഗങ്ങൾ,, കവി യഥാക്രമം വെളിപ്പെടുത്തിട്ടുണ്ട്. എന്നാൽ ആ വിചാരതരംഗങ്ങളിൽനിന്നു സമാഹരിച്ചു വിമർശകൻ ഓരോന്നായി വേർതിരിച്ചു കാണിച്ചിട്ടുള്ള അക്ഷമ, തിടുക്കം, സൗന്ദര്യാദരം, സംശയം, ശങ്ക, തന്നിവാരണം, വിരോധാഭാസം, സമാധാനം, വിരക്തി മുതലായവ താദൃശസന്ദർഭങ്ങളിൽ കാമുകികളായ സ്ത്രീകൾക്കു് സാധാരണമായി സംഭവിക്കാവുന്ന വികാരങ്ങൾ മാത്രമാകുന്നു. "ദീർഘമായ ഒരു വിചാരധോരണിയുടെ അവസാനത്തിൽ എത്തുമ്പോഴേക്കും വാസവദത്ത ലൗകികസുഖങ്ങളുടെ മീതെ ചവിട്ടിനിന്നുകൊണ്ടു സ്വർഗ്ഗത്തിലേക്കു് എത്തിനോക്കുന്നതായി കവി നമുക്കു കാണിച്ചുതരുന്നു. നൈരാശ്യത്താലോ ഉപഗുപ്തന്റെ മറുപടിയുടെ അവ്യക്തതയാലോ വാസവദത്ത കുറച്ചു സമയത്തേക്കു് ഒരു തപസ്വിനിയായിത്തീരുകയും, അങ്ങനെ അവൾ കുലവൃത്തിയെ ഉപേക്ഷിച്ച് യഥാർത്ഥാനുരാഗത്തെ അവധാരണം ചെയ്യുവാൻ ആരംഭിക്കുകയും ചെയ്യുന്നു.......നിമിഷവർത്തിയായിട്ടെങ്കിലും അവളിൽക്കാണുന്ന ഈ പരിണാമം അവളെ മുക്തിപ്രാപ്തിക്കു് അർഹയാക്കുന്ന പല വഴികളിൽ ഒന്നാമത്തേതാണെന്നു പറയാം,, എന്നുള്ള വിമർശകന്റെ അഭിപ്രായത്തോടു് എല്ലാവരും യോജിക്കുമെന്നു തോന്നുന്നില്ല. ഇഷ്ടപ്രാപ്തിക്കുവേണ്ടി ആവർത്തിച്ചുചെയ്ത പ്രയത്നങ്ങളുടെ വൈഫല്യംകൊണ്ടുണ്ടായ നൈരാശ്യമെന്നല്ലാതെ തപശ്ചിന്തയുടെ ഫലമായുണ്ടാകാവുന്ന വൈരാഗ്യമെന്നു് വാസവദത്തയുടെ തൽക്കാലത്തേക്കുള്ള ഈ വിഷയനിവൃത്തിക്കു പേർകൊടുക്കുവാൻ വയ്യ. ഈ പരിണാമം അവളെ "മുക്തിപ്രാപ്തിക്ക് അർഹയാക്കുന്ന പല വഴികളിൽ ഒന്നാമത്തേതാണെന്നു,, പറയുന്നത് അനുപപന്നവുമാണ്. വാസവദത്തയുടെ ഉപഗുപ്താനുരാഗം "വിശിഷ്ടഭോജ്യങ്ങൾ,, കാണുമ്പോൾ തോന്നുന്ന 'കൊതി'യുടെ അതിരിനെ അതിലംഘിക്കുന്നില്ല. വി

ചാരവീചികളിൽപ്പെട്ടു തല കറങ്ങിയ സമയത്തായാലും, ആ വേശ്യയെക്കൊണ്ടു മഹാനുഭാവനായ ശാക്യമുനിയെക്കുറിച്ച്,

"അഥവാ കാഷ്ഠമീ യുവാവശ്ശ്രമണമനോഹരൻെറ
കഥയില്ലായ്മകൾ കേട്ടു കുഴങ്ങുന്നുണ്ടാം,
അവസരം നോക്കുന്നുണ്ടാം യമരാജ്യത്തിലാ ശാക്യ—
സ്ഥവിരന്നു പോയൊതുങ്ങാൻ സ്ഥലമില്ലല്ലീ,,

എന്നു കവി പറയിച്ചതു അശേഷം ഭംഗിയായില്ല. പ്രകൃതമാകയാൽമാത്രം ഇതിവിടെ എടുത്തുകാണിച്ചു എന്നേയുള്ളു. ഏതായാലും ലൌകികസുഖങ്ങളുടെ മീതെ ചവുട്ടിനിന്നുകൊണ്ട് സ്വർഗ്ഗത്തിലേക്ക് എത്തിനോക്കുന്നതിനിടയിൽ വാസവദത്ത "ചക്രങ്ങൾ നിലത്തുരുളുമൊച്ചകൾ,, കേട്ട് ആകൃഷ്ടഹൃദയയായി, തൻെറ ഗൃഹത്തിലേക്കഭിമുഖമായി വരുന്ന ആ ശ്രേഷ്ഠിപതിയായ വണിഗ്വരനെ ഭ്രമിച്ച് അയാളെ സ്വീകരിച്ചുസൽക്കരിക്കുവാൻ ഒരുങ്ങുന്നതും പിന്നെ ആ വർത്തകപ്രഭുവിനേയും പൂർവ്വകാമുകനായ തൊഴിലാളിത്തലവനേയും ഒരുമിച്ചു ആരാധിക്കുന്നതായാൽ വരുവാൻ പോകുന്ന വൈഷമ്യമോർത്ത് തൊഴിലാളിത്തലവനെ വധിച്ചുകളയുന്നതും കാണുമ്പോൾ "കൊലയും കൊള്ളയും കൂടിക്കലാപരമ്പരയായ" കുലടയുടെ അനുരാഗത്തെക്കാൾ അല്പംപോലും ഉൽക്കർഷം അവളുടെ അനുരാഗത്തിന് ഉണ്ടായിട്ടില്ലെന്ന് സ്പഷ്ടമാകുന്നുണ്ട്. "പരിശുദ്ധാനുരാഗത്തിൻെറ സമീപത്തോളമെത്തിയ നായികയെ എന്തിന് ആശാൻ വ്യപനയിക്കുന്നു എന്നു ചോദിക്കുന്നവരുണ്ടാകാം. അവർ ലോകസ്വഭാവത്തെ വേണ്ടുവോളം മനസ്സിലാക്കാത്തതിൽ അനുശോചിക്കുവാനേ തരമുള്ളു" എന്നാണ് ഈ വിഷയത്തിൽ ശ്രീ. മുണ്ടശ്ശേരി പറയുന്നത്. എന്നാൽ "ലോകസ്വഭാവത്തെ വേണ്ടുവോളം മനസ്സിലാക്കി"യ ഈ വിമർശകനോട് ഒന്നു ചോദിച്ചുകൊള്ളട്ടെ. ആശാൻ നായികയെ ആ പരിശുദ്ധാനുരാഗത്തിൻെറ സമീപത്തുനിന്നു വലിച്ചു നീക്കാതെ—ധനികനായ ചെട്ടിയാരുടേയും തൊഴിലാളിത്തലവൻേറയും കഥകൾ പറയാതെ—നായികയുടെ അനുരാഗത്തെ സംസ്കരിക്കുവാനാണ് ശ്രമിച്ചിരുന്നതെങ്കിൽ എന്തൊരു ദോഷമാണ് വരുമായിരുന്നത്? പരിശുദ്ധാനുരാഗംമാത്രം നല്ലത്, കുലടാവൃത്തിയോ നല്ലത് എന്നു തീർച്ചവരാതെ രണ്ടിൻേറയും മദ്ധ്യത്തിൽകിടന്നു 'മനമങ്ങു മിഴിയിങ്ങും,' എന്ന മട്ടിൽ സംശയഗ്രസ്തയായി സ്ഥിതിചെയ്യുന്ന ഒരുവൾക്ക് ജീവിതസൽഗതി എങ്ങനെ സിദ്ധിക്കും? ചെട്ടിയാരുടേയും തൊഴിലാളിത്തലവൻേറയും കഥകൾ വിട്ടുകളഞ്ഞാൽ വാസവദത്തക്ക് ചെവിയും മൂക്കും കരചരണങ്ങളും വെട്ടിമുറിച്ചുകൊണ്ടുള്ള വധദണ്ഡം വരാതെ കഴിയും. വാസവദത്ത ഉപഗുപ്തനിലുള്ള അനുരാഗത്തെ പടിപടിയായി വർദ്ധിപ്പിച്ച് തൽഫലമായി ശാരീരവും മാനസികവുമായ ക്ലേശമനുഭവിച്ച് അദ്ദേഹത്തെത്തന്നെ ഏകാഗ്രതയോടുകൂടി ചിന്തിച്ചുകൊണ്ടിരിക്കുക; ആ അവസരത്തിൽ ഉപഗുപ്തൻ വന്ന് തൻെറ ദിവ്യോപദേശങ്ങളെക്കൊണ്ട് അവളുടെ ലൌകികമായ അനുരാഗത്തെ യഥാർത്ഥസ്നേഹമായി പരിണമിപ്പിച്ച് ഈശ്വരവിഷയകമായ ഭക്തിഭാവമാക്കി ഉയർത്തി അവൾക്കു മുക്തിനൽകുക—ഇങ്ങനെയായാൽ എന്താണ് കഥക്കു ന്യൂനത വരുവാനുള്ളത്? "അവളുടെ ഹൃദയത്തെ കവി ശസ്ത്രക്രിയചെയ്തു നമ്മുടെ മുമ്പിൽ തുറന്നുവെച്ചിരിക്കുന്നു" എന്നു വിമർശകൻ പറയുന്നു. ഹൃദയത്തെ മാത്രമല്ല ദേഹത്തെത്തന്നെ ശസ്ത്രംകൊണ്ടു ഛേദിച്ച് ഏവർക്കും ദൃശ്യമായവിധത്തിൽ ചുടുകാട്ടിൽ നിക്ഷേപിച്ചിരിക്കുന്നതു് കഥയുടെ പരിണാമത്തിന്ന് എത്രത്തോളം അനുഗുണമാകുന്നു? അവയവങ്ങളെല്ലാം വെട്ടിമുറിക്കുകയാൽ നരകയാതനയനുഭവിച്ചുകൊണ്ട് ചുടുകാട്ടിൽ കിടക്കുന്ന സമയമാണ് വാസവദത്തയുടെ അടുക്കൽ ചെല്ലുവാൻ തക്കതായ അവസരമെന്നു കരുതിയ ഉപഗുപ്തനെ നമസ്കരിക്കുകതന്നെവേണം. വിമർശകൻ പറയുന്നു:—"പ്രധാനമായി മൂന്നു കാര്യങ്ങളാണ് കവിക്കു രണ്ടാംഭാഗത്തിൽ സാധിക്കുവാനുള്ളത്. ദണ്ഡനവിധികളുടേയും മററും വ്യവഹാരത്താൽ വായനക്കാർക്കു നായികയുടെ പേരിൽ അനുകമ്പ തോന്നിക്കുക-അഥവാ അവളുടെ കുററം പൊറുക്കത്തക്കതാണെന്നുള്ള ബോധം എല്ലാവരിലും ജനിപ്പിക്കുക—അതൊന്ന്. അതിനുള്ളിൽ ദണ്ഡനഭയങ്ങളാൽ പാപിനിയുടെ ഹൃദയത്തെ മുക്ത്യർഹമാക്കുമാറു സംസ്കരിക്കുക എന്നുള്ളതു മററൊന്നു. പൊതുജനങ്ങൾക്കു തോന്നുന്ന അനുകമ്പാദി വികാരങ്ങളുടെ പരമകാഷ്ഠക്കു പ്രതിനിധീഭൂതനായ ഉപഗുപ്തനെ ആ രംഗത്തേക്കു വരുത്തുക എന്നുള്ളതു മൂന്നാമത്തേതും,, ഇവിടെ വാസവദത്തയുടെ ഉപഗുപ്താനുരാഗത്തെ സാഹിത്യശാസ്ത്രപ്രസിദ്ധങ്ങളായ അനംഗദശകളുടെ അനുക്രമമായുള്ള ആരോഹത്തോടുകൂടി, വർണ്ണിച്ചിരുന്നാൽ വായനക്കാർക്ക് ദുർവൃത്തയായ ആ നായികയുടെ പേരിൽ അനുകമ്പ തോന്നിക്കുവാനും അവളുടെ വേശ്യാവൃത്തി എന്ന കുററം ക്ഷന്തവ്യമാണെന്നുള്ള ബോധം എല്ലാവരിലും ജനിപ്പിക്കുവാനും കഴിയുമായിരുന്നില്ലേ? പാപിനിയുടെ ഹൃദയത്തെ മുക്തിക്കർഹമാക്കുമാറു സംസ്കരിക്കുവാൻ അവളെ ശാരീരമായ ദണ്ഡങ്ങൾ അനുഭവിപ്പിച്ചിട്ടുതന്നെ വേണമെന്നുണ്ടോ? വശിയായ ഉപഗുപ്തന്ന് വാസവദത്തയുടെ അടുക്കലേക്ക്, അവളുടെ അവയവങ്ങൾ വെട്ടിമുറിച്ചിട്ടുള്ളതു കണ്ടാലേ വരുവാൻ പാടുള്ളു എന്ന് വാശിതോന്നുവാൻ വല്ല കാരണവുമുണ്ടോ? 'ശാകുന്തളത്തിൽ മൂന്നാമങ്കത്തിന്നു ശേഷം ശകുന്തളാദുഷ്യന്തന്മാരിൽ വരുത്തിയ മാററങ്ങൾകൊണ്ടു കാളിദാസനും, ഉത്തരരാമചരിതത്തിൽ രണ്ടും മൂന്നും അങ്കങ്ങളിലായി രാമനിലാരോപിച്ച സ്വഭാവവിശേഷങ്ങൾകൊണ്ടു ഭവഭൂതിയും എപ്രകാരം അഭിനന്ദനീയരായിരിക്കുന്നുവോ അപ്രകാരമാണ് ആശാൻ രണ്ടാംഭാഗം കഴിയുമ്പോഴേക്കും വാസവദത്തയിൽ വരുത്തിയ പരിണാമങ്ങൾകൊണ്ട് ശ്ലാഘനീയനായിട്ടുള്ളതു,, എന്ന് ശ്രീ. മുണ്ടശ്ശേരി ഉപന്യസിച്ചിരിക്കുന്നു. ശാകുന്തളത്തിലേയും ഉത്തരരാമചരിതത്തിലേയും അവസ്ഥ ഇതിൽനിന്ന് എത്രയോ വ്യത്യസ്തമായിട്ടുള്ളതാണെന്ന് ബുദ്ധിയുള്ളവർക്കൊക്കെ അറിവാൻ കഴിയും. കാളിദാസനും ഭവഭൂതിയും വിപ്രലംഭത്തിലെ അവസ്ഥാവിശേഷങ്ങളെ പടിപടിയായി കയററിക്കൊണ്ടു വന്നിട്ടാണ് ശകുന്തളാ ദുഷ്യന്തന്മാരിലും രാമനിലും അപ്രകാരമുള്ള സ്വഭാവവിശേഷങ്ങൾ വരുത്തിയിരിക്കുന്നത്; ആശാനാകട്ടെ വാസവദത്തയെ ചെവിയും മൂക്കും കരചരണങ്ങളും വെട്ടിമുറിച്ച് ചുടുകാട്ടിൽ തള്ളിക്കളഞ്ഞിട്ടാണ് അവളിൽസ്വഭാവവിശേഷം ഉളവാക്കിയിരിക്കുന്നതു്. ഈ രണ്ടും ഒരുപോലെയായി കാണുന്ന വിമർശകൻെറ വിചാരദൃഷ്ടിക്ക് ഒരു ദൂരനമസ്കാരം ചെയ്യുതന്നെ വേണം. നേരെമറിച്ച്, ചെട്ടിയാരുടേയും തൊഴിലാളിത്തലവൻേറയും കഥകളും അവയെ ആശ്രയിച്ചുനില്ക്കുന്ന-വാസവദത്തയുടെ വധദണ്ഡവും വിട്ടുകളഞ്ഞ് വാസവദത്തയുടെ ഉപഗുപ്താനുരാഗത്തെ വിപ്രലംഭോചിതമായ വിധത്തിൽ മൂർദ്ധന്യദശയിലെത്തിക്കുവാനാണ് ശ്രമിച്ചിരുന്നതെങ്കിൽ കവി പ്രശംസനീയനായി ഭവിക്കുമായിരുന്നു. മൂന്നാം ഭാഗത്തിലെ മുക്തിഗ്രഹണത്തിന്ന് അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അസ്വാരസ്യം ഭവിക്കുമായിരുന്നു എന്നു ശങ്കിക്കുന്നുണ്ടെങ്കിൽ ആ ശങ്ക അസ്ഥാനത്താണ്, എന്തുകൊണ്ടെന്നാൽ, ഉൽക്കടകോടികമായ അനുരാഗത്തെ ഈശ്വരവിഷയകമാക്കി പരിണമിപ്പിക്കുവാൻ ദിവ്യന്മാരായ ദേശികന്മാർക്ക് എളുപ്പത്തിൽ സാധിക്കും. ലൌകികമായ കാമത്തെ അലൌകികമായ പ്രേമമാക്കി മാററിയാൽ അതു് ഊതിക്കിഴിച്ച തങ്കംപോലെ അധികം സമുജ്ജ്വലമായി പരിണമിക്കും. "കരചരണാദ്യവയവങ്ങൾ ഛേദിക്കപ്പെട്ടു മരണത്തിൻെറ വക്കോളം എത്തിക്കിടക്കുന്ന ഒരു നായികക്ക് ഏതാനും ഉപദേശോക്തികൾകൊണ്ടു മുക്തി പ്രദാനം ചെയ്യുക എന്നുള്ളതു് അത്യന്തം ദുഷ്കരമാണെന്ന് ആശാന് അറിയാം,, എങ്കിൽ അദ്ദേഹം എങ്ങനെയാണ് ചെയ്യേണ്ടിയിരുന്നതെന്ന് ആലോചിക്കേണ്ടഭാഗം വായനക്കാരിൽതന്നെ അർപ്പിക്കുകയാണ് നല്ലതെന്നു തോന്നുന്നു.

വാസവദത്തയുടെ മുക്തിപ്രാപ്തിക്കുശേഷവും കവി കാവ്യം ഉപസംഹരിക്കുന്നില്ല. അവളുടെ ചിതാഭസ്മത്തിൽ ഉപഗുപ്തൻെറ കണ്ണിൽനിന്നു ചില കണ്ണീർക്കണങ്ങൾ അടർന്നുവീണതായി കവി വർണ്ണിച്ചിട്ടുണ്ട്. സ്നേഹത്തിൻെറ ഒരു വകഭേദമായി കരുണയെയാണ് ആശാൻ കണക്കാക്കുന്നതെന്നും, ആ ലക്ഷ്യത്തെ സ്ഥാപിപ്പിക്കുകയാണ് ഇതുകൊണ്ടു ചെയ്തിട്ടുള്ളതെന്നും, ഈയൊരംശം ഇല്ലായിരുന്നുവെങ്കിൽ ആശാൻെറ 'കരുണ' 'നളിനി,'യുടെയും 'ലീല,'യുടെയും പുനരവതാരമായി 'വാസവദത്ത,' ആകുമായിരുന്നുവെന്നും വിമർശകൻ പറയുന്നു. എന്നാൽ ആ കണ്ണീർക്കണങ്ങൾ താദൃശസന്ദർഭത്തിൽ ഉപഗുപ്തനെപ്പോലെയുള്ള ഒരു കാരുണികന്ന് സ്വതേ സംഭവിക്കാവുന്ന കരുണയുടെ അനുഭാവമാണെന്നേ സാധാരണക്കാരായ വായനക്കാർക്കു തോന്നുകയുള്ളു. "രാമപുരത്തു വാരിയരുടെ ശ്രീകൃഷ്ണൻ കരഞ്ഞതു കണ്ടിട്ട് ഉപഗുപ്തൻ കരഞ്ഞതാണെന്ന്. ജല്പിക്കുന്നവരുണ്ടാകാം അവരോടെല്ലാം കവി തന്നെ സമാധാനം പറഞ്ഞിട്ടുണ്ട്,, എന്നുപറഞ്ഞുവെച്ച് "ദുഃഖസത്യജ്ഞനാധീരൻ കരകയില്ല,, എന്ന വരി വിമർശകൻ പകർത്തിയിരിക്കുന്നു. വാസ്തവത്തിൽ ഈയൊരു വരിതന്നെയായിരിക്കണം അങ്ങനെ 'ജല്പിക്കുന്ന,വരുടെ ജല്പനത്തിന്നു കാരണം. "ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളു,, എന്ന വാരിയരുടെ വരിക്കും "ദുഃഖസത്യജ്ഞൻ" ഇത്യാദിയായ ഈ വരിക്കും തമ്മിൽ കാണുന്ന സാദൃശ്യം ആർക്കും അന്യഥാകരിപ്പാൻ സാധിക്കുന്നതല്ല.

മഗ്ദലനമറിയത്തിലും കരുണയിലും തത്തൽപ്രണേതാക്കൾ ചെയ്തിട്ടുള്ള കഥാവിധാനങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ ഒരു സംഗതി നല്ലപോലെ വ്യക്തമായിക്കാണുമാറുണ്ട്. അതു മററൊന്നുമല്ല. കരുണ പലതുകൊണ്ടും മഗ്ദലനമറിയത്തിൻെറ ഒരു മറിച്ചടിയാണ്. മഗ്ദലനമറിയത്തിൽ കവി ആദ്യമായി മുക്തിദാതാവായ ശ്രീയേശുക്രിസ്തുവിനെ [illegible] അലൌകികമഹി

# നർമ്മസല്ലാപം

(ജോസഫ് ചേന്ദമംഗലം)

സഖി:– ഇന്നലെയെൻതോഴി നിന്നാത്മകാന്തൻ
വന്നില്ലേ, നിദ്രയിൽ നിന്നരികിൽ?
തോഴി:– പോടി നീ എന്തോ ഭ്രമിച്ചിവണ്ണം
പാഴ്പ്പരിഹാസം പറഞ്ഞിടാതെ!
സഖി:– നിന്നാത്മനാഥനെന്നോത്തിരവിൽ
എന്നംഗമെല്ലാം തടവിയില്ലേ?
തോഴി:– നീ സ്വപ്നംകണ്ടു കരഞ്ഞനേരം
നിന്നെഞാൻ തൊട്ടുവിളിച്ചതല്ലേ!
സഖി:– എൻമുഖംതൊട്ടു തലോടിപ്പിന്നെ
കണ്ണിണചുംബിച്ചതെന്തിനാവോ?
തോഴി:– നീയുള്ളിൽ ധ്യാനിക്കും കാമുകൻകി-
നാവിൽവന്നാവിധം ചെയ്തിരിക്കാം!
സഖി:– എൻകരം മെല്ലെപ്പിടിച്ചുമന്ദം
നിൻസ്തനസ്ഥാനത്തണച്ചതില്ലേ?
തോഴി:– പണ്ടെന്നോ നിൻപ്രിയൻ ചെയ്തതിന്റെ
വീണ്ടുവിചാരം വരികയാകാം?
സഖി:– മുൻതിരിഞ്ഞൊന്നു കിടക്കവെയാണെൻ
കണ്ണത്തിൽ മുത്തിച്ചതോർമ്മയുണ്ടോ?
തോഴി:– നിത്യവുംതൊട്ടു കിടന്നുറങ്ങും
നിന്നോമൽപ്പൂച്ച മുരണ്ടതാകാം.
സഖി:– പ്രേമപരവശ്യമൂർഛയാൽപ്പോ-
ലെന്നെനീ കെട്ടിപ്പുണർന്നതില്ലേ?
തോഴി:– മറ്റെന്തോ ചിന്താവ്യഥിതമാം നിൻ
ചിത്തമാഭാഗ്യം ചൊതിപ്പതുണ്ടാം!
സഖി: കാമദേവന്റെ കരിംകുരങ്ങായ്-
പിന്നെഞാൻ ചൊല്ലണോ തോഴിബാക്കി.
തോഴി:– വേണ്ടവേണ്ടേവം വിധുരതേ നിൻ
വീണാട്ടമേറിയാൽ കൊള്ളുകില്ല.
ഉലകയാഥാർത്ഥ്യം മറച്ചുകാട്ടും
പ്രണയമതെന്തെന്തു ചെയ്യയില്ല!!

★

മാതിശയത്തിനു തെല്ലുപോലും ഭംഗംവരാത്തവിധം അവതരിപ്പിക്കുന്നു., കരുണയിൽ, നേരെ മറിച്ച്, മുക്തി ലഭിക്കേണ്ട പാപശീലയായ 'വാസവദത്തയെ ഒരു വേശ്യാംഗനയുടെ തന്മയത്വത്തോടുകൂടി അവതരിപ്പിക്കുന്നു. ആദ്യത്തേതിൽ കവി മറിയത്തെ മുക്തിദാതാവായ യേശുക്രിസ്തുവിന്റെ സന്നിധിയിലേക്കു നയിക്കുന്നു; രണ്ടാമത്തേതിലാകട്ടെ കവി ഉപഗുപ്തനെ വാസവദത്തയുടെ സമീപത്തേക്കാണ് നയിക്കുന്നത്. മറിയം നിർവ്യാജമായ വിരക്തി സിദ്ധിക്കുകയാൽ കേവലം മുക്തി കാമയായിട്ടാണു യേശുക്രിസ്തുവിനെ സന്ദർശിക്കുന്നത്, വാസവദത്തയാകട്ടെ ഉപഗുപ്തനെ ദർശിക്കുമ്പോൾ 'മുഖാവയവലൂന'യായി ചുടുകാട്ടിൽ കിടക്കുകയാണെങ്കിലും വെറും ഭുക്തി കാമയാണ്. വള്ളത്തോൾ പാപശീലയായ മറിയത്തെപ്പററി "മുഖം കറുപ്പിച്ചൊരു വാക്കു പറവാൻ,, പോലും സന്നദ്ധനാകുന്നില്ല; ആശാനാകട്ടെ വാസവദത്തയെ അംഗച്ഛേദം ചെയ്തു ചുടുകാട്ടിൽ തള്ളുവാൻ മടിക്കുന്നില്ല. മറിയത്തിൽ കവി നായികയെ പാപമോചനം ചെയ്തു ശുദ്ധയാക്കിയതിനുശേഷം താപസവൃത്തിയിൽ വാഴിക്കുന്നു; കരുണയിലാകട്ടെ കവി അവളുടെ അന്ത്യശ്വാസമോചനത്തോടു കൂടിയാണ് പാപമോചനം ചെയ്യുന്നത്.

(തുടരും)

## ആഗസ്റ്റ് 9

(7-ാം പേജിൽനിന്നു തുടർച്ച)

ഇനി നിസ്സഹകരണം എന്നുവെച്ചാൽ എന്താണ്? എതിരാളികളോടു യാതൊരുവിധത്തിലും സഹകരിക്കാതിരിക്കുകതന്നെ. ഇതു മഹാത്മാജിയുടെ പുതിയ കണ്ടുപിടുത്തമൊന്നുമല്ല. പാശ്ചാത്യരാജ്യങ്ങളിലെ വമ്പിച്ച വ്യവസായത്തർക്കങ്ങളിൽ ഇതു പ്രയോഗിക്കപ്പെട്ടിട്ടുള്ളതാണ്, ഇന്നും ആവശ്യത്തിനും അനാവശ്യത്തിനും പല ദിക്കിലും അതു പ്രയോഗിക്കപ്പെട്ടുവരുന്നു. പക്ഷെ, പണിമുടക്കെന്നാണ് അവരതിനു പേരുപറയുന്നത് എന്നുമാത്രം. പണിമുടക്ക് ഏററവും ഫലപ്രദമായ ഒരായുധമാണെന്നുള്ളതിൽ തർക്കമില്ല. 1942-ൽ ഞങ്ങളതു പരീക്ഷിച്ചുനോക്കി. ഇൻഡ്യയിലെ ടെക്സ്റ്റൈൽ മില്ലുകളുടെ തലസ്ഥാനമായ അഹമ്മദാബാദിൽ ഞങ്ങൾ മൂന്നുമാസം തുടരെ പണിമുടക്കി. ബോംബയിലും മററുപല വ്യവസായിക പട്ടണങ്ങളിലും ഞങ്ങളതു പരീക്ഷിച്ചുനോക്കി; പരാജയപ്പെട്ടു. ഞങ്ങൾക്കും ചില സി. ഐ. ഡി. മാരെല്ലാമുണ്ട്. ആ സി. ഐ. ഡി. കൾക്ക് ഇൻഡ്യാഗവൺമെൻറിന്റെ സെക്രട്ടേറിയററിൽനിന്നു ലഭിച്ച ഒരു രേഖയിലെ ചില പരാമർശനങ്ങൾ കാര്യങ്ങൾ നല്ലപോലെ വെളിപ്പെടുത്തുന്നവയാണ്. അതിൽ പറഞ്ഞിരിക്കയാണ്: നമ്മുടെ "ഇൻഡ്യാക്കാരായ റെയിൽവെ തൊഴിലാളികളും പോസ്റ്റൽ തൊഴിലാളികളും പണിമുടക്കു നടത്താതെ വിശ്വസ്തസേവനം നിർവ്വഹിച്ചിരുന്നില്ലെങ്കിൽ ഇൻഡ്യാഗവൺമെൻറ് 1942-ൽ തകർന്നുപോകുമായിരുന്നു."

എന്താണിതിന്റെ അർത്ഥം. സമ്പൂർണ്ണമായ പണിമുടക്കു ഫലപ്രദമാകുമെന്നല്ലേ? വിദേശീയ ഗവൺമെൻറിനെ ഇൻഡ്യയിൽനിന്നു തുരത്തുന്നതിനായി അങ്ങനെ സമ്പൂർണ്ണമായ ഒരു പണിമുടക്കിന്റെ ആവശ്യം നമുക്കു നേരിട്ടേക്കാം. അതിനു നാം തയ്യാറാകുന്നതുവരെ അങ്ങുമിങ്ങും ചില്ലറപ്പണിമുടക്കുകളിൽ ഏർപ്പെട്ടു നമ്മുടെ ശക്തി ശിഥിലീകരിച്ചുകളയുന്നത് അവിവേകമാണ്. വരാനിരിക്കുന്ന ആ പൊതു — പൂർണ്ണ — പണിമുടക്കിനുവേണ്ടി, ആത്യന്തികമായ സ്വാതന്ത്ര്യസമരത്തിനുവേണ്ടി നമ്മുടെ ശക്തിമുഴുവൻ സംഭരിച്ചു പ്രവർത്തനസജ്ജരാകുവാനും നമ്മുടെ ഐകമത്യവും അച്ചടക്കവും, സൃഷ്ടിപരമായ പരിപാടികളിലൂടെ വേണം ഏറെറടുക്കുവാൻ സ്വയം പര്യാപ്തരാകുകയും.

സുഹൃത്തുക്കളെ, ആഗസ്റ്റ്-9-ന്റെ സന്ദേശം ഇതാണ്.

★


## ചക്രവാളം

ഉത്തമ വാരിക

വരിസംഖ്യ —

| | |
|---|---|
| ഒരാണ്ടേത്തേക്ക് | 12-0-0 |
| ആറുമാസത്തേക്ക് | 6-0-0 |
| മൂന്നുമാസത്തേക്ക് | 3-0-0 |

മൂന്നുമാസത്തിൽ കുറഞ്ഞകാലത്തേക്ക് വരിസംഖ്യ സ്വീകരിക്കുന്നതല്ല.

മാനേജർ,
ചക്രവാളം, കോട്ടയം.

# പരിഷത്തും പുരോഗമനസാഹിത്യസംഘടനയും

പതിനേഴു വാർഷികങ്ങൾ ആഘോഷിച്ചുകഴിഞ്ഞ സമസ്തകേരള സാഹിത്യപരിഷത്തും രണ്ടു വാർഷികങ്ങൾ മാത്രം നടത്തിയ പുരോഗമന സാഹിത്യ സംഘടനയും ഏതാണ്ട് തുല്യ സംഖ്യയുള്ള ജനവിഭാഗങ്ങളെ തങ്ങളുടെ കക്ഷിയിലേക്കു ആകർഷിക്കുകയും കേരളീയ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് വളരെ ഗണ്യമായ സഹായങ്ങൾ ചെയ്യുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ രണ്ടു സംഘടനകളും കേരളത്തിനു ഒന്നുപോലെ ആവശ്യമാണെന്നിരിക്കിലും ഇവ പരസ്പരവിരുദ്ധങ്ങളായ ലക്ഷ്യങ്ങളെ മുന്നിൽവച്ചുകൊണ്ടു പ്രവർത്തിക്കുന്നവയാണെന്നും ഒന്ന് ഒന്നിനേക്കാൾ ശ്രേഷ്ഠമാണെന്നും ഒക്കെ പലരും ശക്തിയായി വാദിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. ഇതു് ഒരു ദൗർഭാഗ്യമാണെന്നുള്ള വിനീതമെങ്കിലും സുദൃഢമായ തോന്നലിന്റെ ഫലമാണ് ഈ ലേഖനം.

കോട്ടയത്തുവച്ച് രണ്ടാമത്തെ പുരോഗമന സാഹിത്യസമ്മേളനം നടന്നപ്പോൾ അന്നത്തെ അദ്ധ്യക്ഷന്മാരിലൊരാൾ പരിഷത്തിന്റെയും പുരോഗമന സംഘടനയുടെയും വ്യത്യാസം ഒററ വാചകത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. അദ്ദേഹം പറഞ്ഞതു് ഇതാണ്: "പരിഷത്തു എഴുത്തു നിർത്തിയ സാഹിത്യകാരന്മാരുടെയും പുരോഗമന സാഹിത്യ സമിതി എഴുതിക്കൊണ്ടിരിക്കുന്നവരുടെയും സംഘടനയാണ്". ഈ പ്രസ്താവന അന്നു ശരിയായിരുന്നോ എന്നു നമുക്കു ആലോചിക്കേണ്ടതില്ല. ഇന്നു ശരിയല്ല എന്നുള്ളതു് തീർച്ച. കേരള സാഹിത്യ പരിഷത്തും പുരോഗമനസാഹിത്യ സംഘടനയും ഇന്നു ഒന്നുപോലെ എഴുതിക്കൊണ്ടിരിക്കുന്നവരുടെ സംഘടനയാണ്. പുരോഗമന സാഹിത്യ സമിതിയിലെ അംഗങ്ങളും ലേഖന വ്യായാമത്തിൽ നിരതരും ആയ ജി. ശങ്കരക്കുറുപ്പ്, കാരൂർ നീലകണ്ഠപ്പിള്ള, എം. എസ്സ്. ദേവദാസ്, എം. പി. പോൾ ഇങ്ങനെ ഒട്ടനവധി ആളുകൾ പരിഷത്തിലെയും അംഗങ്ങളാണ്. അംഗങ്ങളെന്നു മാത്രമല്ല സജീവപ്രവർത്തകരുമാണ്. പരിഷത്ത് എഴുത്തു നിർത്തിയവരുടെ സംഘടനയാണെങ്കിൽ ഇവരടങ്ങിയ പുരോഗമന സാഹിത്യ സമിതിയും എഴുത്തു നിർത്തിയവരുടെ സംഘടനയാണ്.

എന്നാൽപിന്നെ എവിടെയാണ് ഇവ തമ്മിലുള്ള വ്യത്യാസം? ഒന്നിൽ നല്ല കലാകാരന്മാരും മററതിൽ ചീത്ത കലാകാരന്മാരുംചേർന്നിരിക്കുന്നു/എന്നാണോ? അല്ല. സാഹിത്യപരിഷത്ത് വൃദ്ധന്മാരെയും യുവാക്കന്മാരെയും ഉൾക്കൊള്ളുന്നുവെങ്കിൽ പുരോഗമന സാഹിത്യസമിതി ചെറുപ്പക്കാരെമാത്രം ഉൾക്കൊള്ളുന്നു. ഒന്നു വളർച്ചയെപ്പററി മിത സ്വരത്തിൽ സംസാരിക്കുന്നു; മററതു മാററത്തിനുവേണ്ടി വെമ്പുന്നു. ഇത്രയുള്ള ഭേദം.

പുരോഗമനസാഹിത്യ സംഘടന മൺമറഞ്ഞ സാഹിത്യകാരന്മാരെ ചീത്തപറയാനുള്ള ഒരു കൂട്ടുകെട്ടാണെന്നും മററും ആദ്യകാലത്തു് ഓരോരുത്തർ പറഞ്ഞുപരത്തിയതിൽ അർത്ഥമില്ലെന്നു ഇന്നു മിക്കവാറും ബോദ്ധ്യമായിക്കാണും. അഥവാ അങ്ങനെ ആരാനും ചിലർ ഒരെഴുത്തച്ഛനെയോ വലിയകോയിത്തമ്പുരാനെയോ നിർഭയമായി വിമർശിച്ചിട്ടുണ്ടെങ്കിൽ അതു് പുരോഗമനസമിതിയുടെ മാത്രം പ്രത്യേകതയൊന്നുമല്ല. പഴമയെ പൂവിട്ടു പൂജിച്ചുകൊണ്ടിരുന്ന പരിഷത്തിന്റെ പ്രസംഗ പീഠത്തിൽ നിന്നാണ് ശ്രീ. എം. ആർ. വേലുപ്പിള്ളശാസ്ത്രി കേരളവർമ്മയുടെ മയൂരസന്ദേശത്തെ പുച്ഛിച്ച് പുല്ലാക്കിവിട്ടതു്. എഴുത്തച്ഛന്റെ കാവ്യകലയെ കുറെയൊക്കെ തരംതാഴ്ത്തി ജി. ശങ്കരക്കുറുപ്പ് പ്രസംഗിച്ചതും പരിഷൽ സമ്മേളനങ്ങളിലൊന്നിലാണ്. അന്നു പുരോഗമനസാഹിത്യമെന്നൊരു പ്രസ്ഥാനം ജനിച്ചിട്ടേ ഉണ്ടായിരുന്നില്ല. അപ്പോൾ ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടതെന്താണ്? പുതിയ ചിന്തകളുടെയും പുതിയ ആശയങ്ങളുടെയും വെളിച്ചത്തിൽ (അവ ചിലപ്പോൾ അപക്വങ്ങളും ഉദ്ധതങ്ങളുമായിരിക്കാം) പുനഃപരിശോധിക്കുമ്പോൾ ഒരു ഭൂരിപക്ഷത്തിനു് രസിക്കാത്ത അഭിപ്രായങ്ങൾ ചിലർ പറഞ്ഞെന്നു വരാം. അതു വ്യക്തിഗതമായ അഭിപ്രായങ്ങളാണുതാനും. അതു വച്ചുകൊണ്ട് ഒരു പ്രസ്ഥാനത്തെയാകെ ആക്ഷേപിക്കുന്നതിൽ അർത്ഥമില്ല.

കോട്ടയത്തുവച്ചുകൂടിയ സമ്മേളനത്തിൽ ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ള സഞ്ജയനെ അതികർക്കശമായി ആക്ഷേപിച്ചതു് എല്ലാവർക്കും ഓർമ്മയുള്ള ഒരു കാര്യമാണ്. പക്ഷേ അതേ സമ്മേളനത്തിൽവച്ചുതന്നെ ശ്രീമാൻ ശങ്കരക്കുറുപ്പ് സഞ്ജയസാഹിത്യത്തിന്റെ നേർക്കു തനിക്കുള്ള ആദരവിനെ വികാരവായ്പോടെ വെളിപ്പെടുത്തുകയും ചെയ്തു. അവയെല്ലാം ഓരോ സാഹിത്യകാരന്റെയും നേർക്ക് ഓരോ വ്യക്തിക്കും ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ മാത്രമാണ്. ഇതിന്റെയെല്ലാം ഉത്തരവാദിത്വം ഒരു സാഹിത്യസംഘടന ചുമലിൽ താങ്ങിക്കൊള്ളണമെന്നു പറയുന്നതു ന്യായമല്ല. പിന്നെ, സാഹിത്യസംഘടനകളിൽ പട്ടാളവകുപ്പിലോ, കമ്മ്യൂണിസ്റ്റ് സംഘത്തിലോ ഉള്ളതുപോലെ അച്ചടക്കനടപടികളൊന്നും പതിവില്ലെന്നു വിമർശകന്മാർ ഓർമ്മിക്കേണ്ടതാണ്. ഒരാൾ സംഘടനയുടെ പൊതുനിയമത്തിനിണങ്ങാത്ത ഒരഭിപ്രായം പറഞ്ഞുവെന്നു വച്ച് അയാളെ പുറംതള്ളുക സാദ്ധ്യമല്ല. അങ്ങനെ കേട്ടുകേഴ്വി പോലുമില്ല. ചീത്ത പറയുന്നതു പുരോഗമനസാഹിത്യസമിതിയെ സംബന്ധിച്ചിടത്തോളം ഒരു പൊതുനിയമമാണെന്നു ചിലർ പറഞ്ഞേക്കാം. ഇതിനു സമാധാനമുണ്ട്. യൗവനത്തിന്റെ രക്തത്തിനു തിളപ്പുകൂടും. യുവാക്കന്മാർ പറയുന്ന അഭിപ്രായത്തിന് ചിലപ്പോൾ മാർദ്ദവം കുറഞ്ഞെന്നു വന്നേക്കാം. ഈ മാർദ്ദവക്കുറവു കാലം കൊണ്ടേ മാറുകയുള്ളു. ദേഷ്യപ്പെട്ട് അച്ഛനെ ഒന്നു ചീത്ത പറഞ്ഞുവെന്നു വച്ചു ആ കാരണം കൊണ്ടു മക്കളെ ആരും തള്ളിപ്പുറത്താക്കാറില്ല.

പിന്നെ കാലം മാറിക്കൊണ്ടിരിക്കുകയാണെന്നും കാഴ്ചപ്പാടുകൾക്കുഭേദം വരുന്നതു സ്വാഭാവികം മാത്രമാണെന്നും പ്രായം ചെന്നവർക്കു ധരിച്ചുകൂടായ്കയില്ല. ചീത്ത പറയുന്നതിൽ ചെറുപ്പക്കാർ അങ്ങേ അററമാണെങ്കിൽ വിറളി പിടിക്കുന്നതിൽ വയസ്സന്മാരും അങ്ങേ അററമാണ്. അവിടെയാണു കുഴപ്പം. ഇന്നു ചെറുപ്പക്കാരായ സാഹിത്യകാരന്മാരിൽ മിക്കവരും രാജിക്കു തയ്യാറാണ്. വയസ്സന്മാർ തയ്യാറല്ല. പുരോഗമനസാഹിത്യകാരന്മാരിൽ ഒരു നല്ലപങ്ക് പരിഷത്തുംകൂടി ഏറെറടുത്തു നടത്താൻ തയ്യാറാണെന്നു തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. പക്ഷേ ചെറുപ്പക്കാരുടെ പ്രവേശം കണ്ടു വൃദ്ധന്മാർ പരിഷത്തിൽനിന്നു പുറംകോട്ടു മാറുകയാണ്. ഇതിന്റെ അർത്ഥമെന്താണ്? ചെറുപ്പക്കാരുടെ സാഹിത്യപ്രവർത്തനങ്ങളുടെ കൂട്ടത്തിൽ കല്ലേറും ദേഹോപദ്രവമേല്പിക്കലും ഒന്നും ഇല്ലെന്നു തീർത്തുപറയാം. എന്നിട്ടും അവരെന്തിനു മാറുന്നു. ഒരു കേശവദേവ് എഴുത്തച്ഛനെ ചീത്ത പറഞ്ഞു എന്നുവച്ചോ, ഒരു തകഴി ഗീതയെ ആക്ഷേപിച്ചു എന്നു വച്ചോ മലയാളസാഹിത്യം അധഃപതിച്ചുപോകുമോ? മേൽപ്പറഞ്ഞ രണ്ടുപേരുടെ തന്നെയും ഉത്തമകലാസൃഷ്ടികളെ വേണ്ടെന്നുവയ്ക്കാൻ കേരളസാഹിത്യത്തിനു സാധിക്കുമോ? അപ്പോൾ രണ്ടു സംഘടനകളുണ്ടായിപ്പോയതുകൊണ്ട് സാഹിത്യകാരന്മാരെല്ലാം രണ്ടുചേരിയായി പിരിഞ്ഞ് പല്ലിളിച്ചും മുറുമുറുത്തും കഴിയുന്നതു് സാഹിത്യത്തിന്റെ വളർച്ചയെ തടയുന്നതിനേ സഹായിക്കുകയുള്ളു. കൂടിയിരുന്നാലോചിച്ചാൽ ഒരു ഒത്തുതീർപ്പിലെത്താൻ കഴിയാത്ത വികടത്തരങ്ങളൊന്നും കലയുടേയും, സാഹിത്യത്തിന്റെയും മണ്ഡലത്തിലുണ്ടായിരിക്കുകയില്ല. കലയുടെ മൗലികതത്വങ്ങൾ അത്രയ്ക്ക് ഐകരൂപ്യമുള്ളവയാണ്. അഭിപ്രായങ്ങളിൽ ചില ചില അംശങ്ങൾക്കു ഏററക്കുറച്ചിലുകൾ വന്നേക്കാമെന്നേ ഉള്ളു. ഇന്ന വിധത്തിലെഴുതുന്നതു മാത്രമേ കലയാവൂ എന്നു മർക്കടമുഷ്ടിപിടിക്കാതെ മനുഷ്യനെ നന്നാക്കാൻവേണ്ടി, സൗന്ദര്യം ചോർത്തിക്കളയാതെ ആരെന്തെഴുതിയാലും അതിനെ മാനിക്കാനുള്ള സൗമനസ്സും സമചിത്തതയും എല്ലാവർക്കുമുണ്ടാകണം.

പണ്ടു യാഥാസ്ഥിതികന്മാരായിരുന്നവർക്ക് പിന്നൊരിക്കൽ ഉല്പതിഷ്ണുക്കളായിക്കൂടെന്നില്ല. വാർദ്ധക്യം ആ മനം മാററത്തിന് ഒരു തടസ്സവുമല്ല. മഹാകവി ടാഗോർ തന്നെ കാലം ചെല്ലുന്തോറും കൂടുതൽ ഉല്പതിഷ്ണുവായി മാറി എന്നു നമുക്കറിവുള്ളതാണ്. ആദർശങ്ങളിലും അഭിപ്രായങ്ങളിലും ഉല്പതിഷ്ണുത്വമുള്ളവർക്കു മാത്രമേ ലോകസംഗ്രഹത്തിനുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്നതിനു സംശയമില്ല. ശ്രീകൃഷ്ണനും ക്രിസ്തുവും എല്ലാം അക്കാലത്തെ ഏററവും വലിയ ഉല്പതിഷ്ണുക്കളായിരുന്നതുകൊണ്ടാണ് അവരുടെ പേരു ഇന്നും ലോകം മറക്കാത്തതു്. ഇന്നത്തെക്കഥയാണെങ്കിൽ, 'ഇന്ത്യയ്ക്കുസ്വാതന്ത്ര്യം കൊടുത്താൽ പ്രളയമുണ്ടായിപ്പോകുമെന്നു പറയുന്ന യാഥാസ്ഥിതികനായ

(ശേഷം 16-ാം പേജിൽ)

'എസ് ഗുപ്തൻനായർ)

# ആശാന്റെ സീതയെപ്പററി

## മൂന്നാമത്തെ കത്ത്

പ്രിയസ്നേഹിതാ,

പ്രസ്തുത വിഷയത്തെസ്സംബന്ധിച്ചുള്ള നമ്മുടെ കത്തിടപാട് ഇനി ഇവിടെ നിർത്താമെന്നു തോന്നുന്നു. എന്റെ നില ഞാൻ ആവുംവിധമെല്ലാം താങ്കളെ അറിയിച്ചു കഴിഞ്ഞു; താങ്കൾ താങ്കളുടെ നിലപാടിൽനിന്ന് ഒരു പദവും ഇളകാൻ ഭാവമില്ലെന്ന് എന്നെയും അറിയിച്ചു കഴിഞ്ഞു. ഇത്രത്തോളം പരസ്പരം അറിഞ്ഞുവെയ്ക്കുന്നതു നമ്മുടെ സൌഹാർദ്ദബന്ധത്തിന് അത്യാവശ്യമാണ്; ഇതിനപ്പുറം പോകുന്നത് അനാവശ്യവുമാണ്.

എന്നിട്ടും ഞാനീ കത്തെഴുതുന്നതു, താങ്കൾ പ്രാസംഗികമായി ചെയ്ത ചില പ്രസ്താവനകളെപ്പററി ഒരു വിശദീകരണം നൽകുവാൻ മാത്രമാണ്—വാദം തുടരുവാനല്ല.

ഞാൻ ചെയ്ത രാമനിരൂപണം അവിചാരസഹമാണെന്നു വരാം—അതു മറെറാരു വാദവിഷയമാണ്. എന്നാൽ, ഞാൻ രാമന്റെ ഗുണങ്ങളെ അറിഞ്ഞേടത്തോളം വിസ്മരിക്കയോ, അദ്ദേഹത്തെ വെറും നിസ്സാരനാക്കുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ത്യാഗവും സത്യനിഷ്ഠയുംമററും ശിശുസഹജമാണെന്നഭിപ്രായപ്പെട്ടിട്ടുമില്ല. ശരിയാണ്—രാമൻ സീതാനിർവ്വാസനത്തിലനുഭവിച്ച സ്വാർത്ഥത്യാഗം, ആ കർമ്മത്തെ ധർമ്മ്യമാക്കുന്നില്ലെന്നു തെളിയിപ്പാൻ ഞാൻ ദുവാശിപിടിച്ച ഒരു കുട്ടിയെ ഉദാഹരിക്കുകയുണ്ടായി. താങ്കളും ഇതുപോലെ, ഈ രണ്ടാം മറുപടിയിൽ, രാമന്റെ തീക്ഷ്ണതയ്ക്ക് ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയെ ഉദാഹരിച്ചിട്ടുണ്ടല്ലോ. അതിനു, താങ്കൾ രാമന്റെ ലോകോത്തരമായ വീരതയെ ബാലചാപല്യത്തിന് സഹജമായി തരം താഴ്ത്തി എന്നർത്ഥമുണ്ടോ? ഉണ്ടെങ്കിൽ, ആ മഹാനായ രാമായണകഥാപുരുഷനെ ഇവ്വിധം അപമാനിച്ചതിനു നാം രണ്ടുപേരും ഒപ്പം മാപ്പു ചോദിക്കുക.

പിന്നെ താങ്കൾ എന്നോടു ചോദിക്കുന്നു: "താങ്കളുടെ നില ശരിയാണെങ്കിൽ എന്റെ പക്ഷത്തു ചേരാൻ താങ്കൾ ഇഷ്ടപ്പെട്ടുമായിരുന്നോ?" കഷ്ടം, എന്റെ ദാമോദരൻപിള്ളേ, താങ്കളിങ്ങനെ സംശയിച്ചുവല്ലോ! ഇതിനു ഞാൻ വാങ്മാത്രം കൊണ്ടു മറുപടി പറഞ്ഞിട്ടു കാര്യമെന്ത്? ചതുരക്കത്തിൽ ഒരുദാഹരണം മതിയെന്നുവെച്ചു കുറിക്കുന്നു:— സീതയുടെ ചിന്താഗതിയിൽ പൌരിമാരസ്സംബന്ധിച്ചുള്ള ആ ഭാഗം ഔചിത്യസീമയെ അതിക്രമിച്ചിരിക്കുന്നു എന്നതുവരെ എനിക്കു താങ്കളോടു യോജിപ്പാൻ തോന്നുന്നു എന്നു ഞാൻ ആദ്യത്തെ കത്തിൽ എഴുതിയിരുന്നുവല്ലോ. അതു തുറന്നു പറയാതെ, താങ്കളുടെ നിരൂപണം പ്രകരണവിരുദ്ധമാണെന്നു മാത്രം വാദിച്ചു നില്ക്കുവാൻ പഴുതു കാണാഞ്ഞിട്ടാണ് ഞാനതു സമ്മതിച്ചതെന്നു താങ്കൾ വിചാരിക്കുന്നുണ്ടോ? ഞാൻ ചെയ്യപ്പോകുന്ന തെററിനു മാപ്പു ചോദിക്കാൻ എത്രത്തോളം സന്നദ്ധനാണെന്ന്, അടുത്തു പുറപ്പെടുന്ന 'മംഗളോദയ'ത്തിൽ ഞാൻ "ദേവഗീതാ"കർത്താവിനയച്ചമറുപടി താങ്കളോടു പറയും. ഇത്തരം തെററു സമ്മതിയ്ക്കൽ, എന്റെ നിലയെ കൂടുതൽനന്നാക്കുകയല്ലാതെ വല്ല വിധവും വഷളാക്കിയേയ്ക്കുമെന്ന ശങ്കയേ എനിയ്ക്കില്ല.

ഒടുവിൽ, 'ഞാൻ വിരുദ്ധാഭിപ്രായക്കാരെ എന്റെ പക്ഷത്തിലേയ്ക്കു ക്ഷണിച്ചിട്ടില്ല. എന്തോ മനഃപൂർവ്വമായ ഒരു പക്ഷപാതത്തിനു വേണ്ടിയല്ലെങ്കിൽ അതിന്റെ ആവശ്യകത ഞാൻ അറിയുന്നുമില്ല.' എന്നീ വാക്യങ്ങൾ താങ്കളെഴുതിയതു്, അവക്ക് ഈ സന്ദർഭത്തിൽ വന്നേയ്ക്കാവുന്ന മുഴുവൻ അർത്ഥവും വിവക്ഷിച്ചുകൊണ്ടുതന്നെയാണോ? ആണെങ്കിലും അല്ലെങ്കിലും, ഇതിൽ എന്റെ നില നേരെ മറിച്ചാണെന്നു വ്യക്തമാക്കിയേക്കാം. എനിക്കു ചില സാഹിത്യകൃതികളോടും സാഹിത്യപരങ്ങളായ ആശയാദർശങ്ങളോടും പക്ഷപാതം തോന്നാറുണ്ട്, അതു മനഃപൂർവ്വവുമാണ്. അങ്ങിനെയൊരു പക്ഷപാതം തോന്നിയാൽപ്പിന്നെ അതിനു വേണ്ടി ഞാൻ വിടാതെ പൊരുതും. എന്റെ സാഹിത്യപരശ്രമത്തിലെ വലിയൊരു ഭാഗംതന്നെ താദൃശമായ സമരമാണ്. അങ്ങിനെ ഞാനെഴുതുന്ന ഓരോവാക്കിന്റെയും പരമോദ്ദേശം, സ്വപക്ഷത്തിലേക്ക് ആളെ കൂട്ടുകയും വിരുദ്ധാഭിപ്രായക്കാരെ വഴിപ്പെടുത്തുകയുമാണ് താനും. 'ഫലമോ?' എന്ന ഒടുക്കത്തെ ചോദ്യത്തിനുള്ള സമാധാനം എന്റെ കയ്യിലല്ല, ആവുകയും വേണ്ട.

ഈ വിശദീകരണത്തെപ്പററി താങ്കൾക്കു വല്ലതും പറവാനുണ്ടെങ്കിലാവട്ടെ, ഇല്ലെങ്കിലാവട്ടെ ഞാനീ വിവാദം, താങ്കളുടെ സീതാനിരൂപണത്തോടൊപ്പം ഇതാ ഇവിടെ അവസാനിപ്പിക്കുന്നു.

ശേഷമെല്ലാം മുന്നേപ്പോലെ!

സ്വന്തം കുട്ടികൃഷ്ണമാരാര്

മാതൃഭൂമി—കോഴിക്കോട്.

8–8. 46.

[ശ്രീ. ദാമോദരൻപിള്ളയുടെ മറുപടി 14-ാംപേജിൽ.]

★

ജൂലിയൻ

മുന്തിയ മലയാളികളെപ്പററിയുള്ള തൂലികാചിത്രങ്ങൾ—സി. വി., ഉള്ളൂർ, ഈ. വി., നന്ത്യാരുവീടൻ, വള്ളത്തോൾ, പുന്നശ്ശേരി, ശ്രീ. നാരായണൻ, മുണ്ടശ്ശേരി, മള്ളൂർ, കെ. ജി. ശങ്കർ—കൂടാതെ മററു പലരും. ഗ്രന്ഥകർത്താ: പി. ദാമോദരൻപിള്ള ബി. ഏ.

വില 1 രൂപാ 4 അണ മാത്രം.

മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ അയച്ച് ആവശ്യപ്പെടുക.

ഏജൻറന്മാർക്ക് ആകർഷകമായ കമ്മീഷൻ

കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ചക്രവാളം,

കോട്ടയം, (തിരുവിതാംകൂർ)

# പകിടകളി

## കേരളത്തിലെ ഒരു ദേശീയ വിനോദം

(വിദ്വാൻ വി. ററി. ഐപ്പ്)

വളരെ അധികം പഴക്കമുള്ള ഒരു കേരളീയവിനോദമാണ പകിടകളി. ഗവേഷകചിന്ത പകിടകളിയിയിൽ പതിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. പാണ്ഡവജ്യേഷ്ഠനെപ്പോലും വിഭ്രമിപ്പിച്ച വശംകെടുത്തിയിരുന്ന ചൂതുകളിയുടെ സഹോദരസ്ഥാനം വഹിക്കുന്ന ഒന്നാണിത്. ചതുരംഗത്തിനും ചീട്ടുകളിക്കുമുള്ള വൈദേശികത്വം ഇതിനുണ്ടോ എന്നുള്ളതു ചിന്താർഹമാണ്. പൊന്നും ചിങ്ങമാസവും തിരുവോണവും സമീപിക്കുംതോറും കേരളലക്ഷ്മിയുടെ നൂപുരശിഞ്ജിതമായ പകിടമണിരവം ഗ്രാമംപ്രതി പ്രതിധ്വനിച്ചു തുടങ്ങിയിരിക്കുന്നു. കേരളീയജനത ഉച്ചനീചത്വമോ വർഗ്ഗീയബുദ്ധിയോ ഗണിക്കാതെ, ആബാലവൃദ്ധം ഊണുറക്കവുമുപേക്ഷിച്ച് ഏകാഗ്രചിത്തരായി ആരാധിക്കുന്ന വിനോദം ഒന്നുണ്ടെങ്കിൽ അത് പകിടകളിയാണ്. സ്ഥിതിസമത്വമെന്ന നവീനാശയമാണ ഈ പ്രാചീനവിനോദത്തിന്റെ മുദ്രാവാക്യം. "പകിടകളി പകലുണ്ണിനാകാ, ചതുരംഗം കണ്ണിനാകാ, ഏട്ടകളി ഒട്ടുമാകാ,, എന്നിങ്ങനെയാണു പണ്ടേയുള്ള പഴമൊഴി.

64 കളങ്ങളാണു വിനോദരാജൻ ചതുരംഗത്തിനുള്ളത്. 81 കളങ്ങളത്രേ പകിടകളിക്കുവേണ്ടതു്. അതായത് ഒരു വലിയ സമചതുരത്തെ നെടുകയും കുറുകയും ഒമ്പതു സമഖണ്ഡം വീതമായി അംശിക്കണം. ഇതിൽ ആകെ അഞ്ചു കളങ്ങൾക്കു 'തായം' എന്ന പേരാണ പലദിക്കിലും പറഞ്ഞുവരുന്നത്. കളത്തിന്റെ ഒത്ത നടുക്കുള്ള കളമാണ പ്രധാന 'തായം,' അവിടെയാണ കാകൾ അഥവാ കരുക്കൾ ചെന്നടിയേണ്ടതു്. സർവ്വകാകളുടേയും പുരോഗമനലക്ഷ്യം ഈ മദ്ധ്യ'തായ'മാണ്. പുറംവള്ളികൾ നാലിന്റേയും മദ്ധ്യത്തിലുള്ള ഓരോ കളമാണ് പിന്നെ നാലുതായങ്ങൾ. ഈ തായങ്ങൾ അഞ്ചും ഗുണചിഹ്നംകൊണ്ടു പ്രത്യേകം അടയാളപ്പെടുത്തിയിരിക്കും. സർവ്വകരുക്കൾക്കും ശത്രുസംഹാരത്തിൽനിന്നും അഭയം പ്രാപിക്കുന്നതിനുള്ള സങ്കേതസ്ഥാനങ്ങളാണ് ഈ തായങ്ങൾ അഞ്ചും. അവയിൽ ചെന്നു കയറിയാൽപിന്നെ എതിരാളിയുടെ കരുക്കൾക്കു അവയെ ഹിംസിക്കുവാൻ അവകാശമില്ല. മാത്രമല്ല, ആജന്മശത്രുക്കളായ കരുക്കൾ സഹോദരഭാവേന അവിടെ സമ്മേളിക്കുന്നതു ലോകജീവിതത്തിലെ ചുരുക്കം ചില അസാധാരണഘട്ടങ്ങളെ അനുസ്മരിപ്പിക്കാറുമുണ്ടു്. തറ നിരപ്പിൽനിന്നു ഏകദേശം അരഞാണി ഉയരത്തിൽ മണ്ണിട്ടുതിട്ടു ഒരു വലിയ മുറത്തിന്റെ വലിപ്പത്തിൽ തല്ലിമെഴുകി ഒരു തറയുണ്ടാക്കി കളങ്ങൾ വരച്ചാണ വലിയവലിയ പകിടപ്പോരു നടത്തുന്നതു്. കളിക്കു ഒരു പുന്നയും ചൈതന്യവുമേല്ലുന്ന മാട്ടുപകിടകൾ രണ്ടും ഇരുകരതലങ്ങളിലുംചേർത്തുള്ള ആ കശക്കലിൽനിന്നും ഉത്ഭവിക്കുന്ന കടകടാരവവും പകിടകൾക്കുള്ളിലുള്ള കിങ്ങിണികളുടെ കിണികിണിനാദവും കളിക്കാരുടെ വീരവാദത്തകപ്പും കാണികളുടെ നാശംപിടിച്ചുള്ള വാശിയിൽനിന്നുത്ഭവിക്കുന്ന ആക്രോശങ്ങളും എല്ലാംകൂടി ഇടകലർന്നു ചെണ്ടയും, മദ്ദളവും, ചേങ്ങലയും, കൈമണിയും, നടവീരഘോഷവും ചേർന്ന കഥകളിരംഗത്തുളവാകാറുള്ള ഒരു ഊർജ്ജസ്വലത പകിടക്കളങ്ങളിൽ പലപ്പോഴും ദൃശ്യമാണ്. പകിടകളുടെ വശങ്ങൾ നാലാണുള്ളതു്. ഒന്ന്, മൂന്ന്, നാല്, ആറ്, ഇങ്ങനെ നാലെണ്ണങ്ങളാണു നാലുവശത്തും. അതിനാൽ പകിട രണ്ടും ഉരുട്ടിക്കളിക്കുമ്പോൾ വീഴാവുന്ന എണ്ണങ്ങൾ പലതാണ്. രണ്ടിലുംഉള്ള ഒററവീഴാം. ഇതിനു 'പകിട,' എന്നുതന്നെയാണു പേർ. പിന്നെ മൂന്നൊററ, നാലൊററ, ആറൊററ ഇവ വീഴാം. കൂടാതെ, ഇരുമൂന്നാറ്, നാലുംമൂന്നുമേഴ്, ആറും മൂന്നൊമ്പത്, ഇരുനാലെട്ട്, ആറും നാലും പത്ത്, ഈരാറ പന്ത്രണ്ട്, ഇത്രയും എണ്ണങ്ങളാണ് പകിടയിൽ വീഴാവുന്നവ. പകിട രണ്ടിലും ഒരേ എണ്ണം തന്നെ വീഴുന്നതിനു "വിരുത്തം" എന്നാണു പറയുക. "പകിട" അഥവാ രണ്ട്, ഇരുമൂന്നാറ്, ഇരുനാലെട്ട്, ഈരാറുപന്ത്രണ്ട് ഇങ്ങനെ നാലു കളികളാണ് വിരുത്തങ്ങൾ. ഒരുവൻ വിരുത്തം കളിച്ചാൽ വീണ്ടും കളിക്കാൻ അവകാശമുണ്ട്, അതിനു "വാരിക്കളി" എന്നാണു നാമനിർദ്ദേശം. തുടർച്ചയായി വിരുത്തം കളിച്ചാൽ നാലു പ്രാവശ്യം വാരിക്കളിക്കാം. ഒരു കായെ വെട്ടിയാലും വാരികളിക്കാം "വെട്ടുപുറം കളിക്കുക" എന്നിതിനു പറയുന്നു. വെട്ടുപുറം കളിക്കുമ്പോൾ വിരുത്തംതന്നെ തുടർച്ചയായി വന്നാൽ, വിരുത്തം തീരുന്നതുവരെ എത്ര പ്രാവശ്യം വേണമെങ്കിലും വാരിക്കളിക്കാം. ഈ നിയമങ്ങൾക്കെല്ലാം ദേശഭേദം അനുസരിച്ചു പല പല വ്യത്യാസങ്ങൾ നാട്ടിലുണ്ടു്.

രണ്ടുപേർചേർന്നും നാലുപേർചേർന്നും പകിടകളി നടത്താറുണ്ടു്. നാലുപേർ കളിക്കുമ്പോൾ എതിർ കൊമ്പത്തിരിക്കുന്ന രണ്ടുപേരും ഒരു കക്ഷിയാണ്. കളിക്കാർ ഏട്ടുപേരായി ചിലപ്പോൾ കളിക്കുന്നതു കാണാം. അപ്പോഴും കക്ഷികൾ രണ്ടേയുള്ളു എന്നോർക്കണം. ഒരേ കക്ഷിയിൽ ഉൾപ്പെട്ട ഒരുവന്റെ ജയാപജയങ്ങൾ അപരനേയും ബാധിക്കും. ഒരുവനു നാലു കരുക്കൾ ആണുള്ളതു്. അതു പുറത്തുനിന്നും കളത്തിലേക്കു പ്രവേശിക്കണമെങ്കിൽ പകിടയിലെ ഒററ അഥവാ പകിടക്കണ്ണു കളിക്കണം. പകിടക്കണ്ണുവീഴാത്തിടത്തോളം കാലം മറെറന്തു കളിച്ചാലും കാ പുറത്തു കിടക്കുകയല്ലാതെ മററു ഗതിയില്ല. ഒരുകണ്ണു വീണാൽ പുറത്തിരിക്കുന്ന ഒരു കായ് കളിക്കാരന്റെ നേരേ മുമ്പിലുള്ള 'തായ,ത്തിൽ പ്രവേശിക്കും. അങ്ങനെ കാകൾ നാലും പ്രവേശിപ്പിച്ചു ദക്ഷിണ പാർശ്വത്തിലൂടെ പുറവള്ളിമുഴുവൻ ചുററി അടുത്ത അകവള്ളിയിൽ കയറി അങ്ങനെ ചുററി കളങ്ങൾ എല്ലാം തരണംചെയ്തു മദ്ധ്യതായത്തിൽ എത്തണം. അതിനു കാ 'അടിയുക, എന്നാണ് സങ്കേത സംജ്ഞ. പകിടയിലെ ഒരെണ്ണംകൊണ്ടു കരുവിനു ഒരു കളം നീങ്ങാം. അതായതു പത്തു കളിച്ചാൽ പത്തുകളം നീങ്ങാം. കാകൾ നാലും ഒന്നുചേർന്ന കൌശലം കൊണ്ടും നയതന്ത്രങ്ങൾ കൊണ്ടും ശത്രുബാധയിൽ നിന്നു മാറി ഒഴിഞ്ഞും പുരോഗമനംചെയ്തു മദ്ധ്യമാർഗ്ഗം വീരപൌരുഷത്തോടെ ശത്രുസംഹാരം നടത്തിയും മദ്ധ്യതായത്തിൽ എത്തി ആദ്യം പുറത്തിറങ്ങുന്ന കളിക്കാരനാണ് വിജയമകുടം ചാർത്തുന്നതു്. പ്രവേശിക്കുന്നതിനെന്നപോലെ മദ്ധ്യതായത്തിൽ നിന്നും പുറത്തിറങ്ങുന്നതിനും പകിടക്കണ്ണുതന്നെ കളിക്കേണ്ടതാണ്. തായമൊഴിച്ചു ഏതു കളത്തിൽ ഇരിക്കുന്ന എതിർ കരുവിനെയും പുറകെ തുരമ്പി പാഞ്ഞുചെല്ലുന്ന കരുവിനു, പ്രസ്തുത കളത്തിൽ എത്തത്തക്ക കൢപ്തമായ എണ്ണം കളിച്ചാൽ വെട്ടി എടുത്തു കളത്തിനു പുറത്തു തള്ളാം.

നിശ്ശബ്ദതയും ചിന്താമഗ്നതയും ധ്യാനനിഷ്ഠയും സമ്മേളിക്കുന്ന ചതുരംഗത്തിൽ ഒരു മഹർഷിയുടെ ആശ്രമത്തിലെന്നതുപോലെ സാത്വികശാന്തതയാണു കളിയാടുന്നതു്. അട്ടഹാസങ്ങളും അലർച്ചകളും വീരവാദങ്ങളും നിറഞ്ഞു കവിയുന്ന പകിടക്കളത്തിൽ ആസുരനൃത്തച്ഛായയാണ് കാണുമാറുള്ളതു്. പകിടഎടുത്തു കളിക്കുന്നവനും, പോരുവെക്കുന്നവനും രണ്ടുപേരാണ്. ഏതാണ് ഓരോരോ ഘട്ടങ്ങളിലും കളിക്കേണ്ടതു് എന്നു, പകിട എടുത്തുകഴിഞ്ഞാലുടനെ നിർദ്ദേശിച്ചു കൊടുക്കേണ്ടതു പോരുകാരന്റെ ചുമതലയാണ്. ഇരുനാലെട്ട് എന്നൊരുകളിയാണ് ആവശ്യം. അതുകളിച്ചു ശത്രുവിന്റെ അടിയാറായിരിക്കുന്ന ഒരു കരുവിനെ തൽക്കാലം വെട്ടിയെടുത്തു പുറ

ത്തിട്ടില്ലെങ്കിൽ ജയം സന്ദിഗ്ദ്ധമാണ്. കാണികളെല്ലാം രണ്ടു ചേരിയായി പിരിഞ്ഞു വാശിക്കൂട്ടുകയായി. ഗ്രാമവാസികളിലാരെങ്കിലും അപ്പോൾ ആ രംഗത്തില്ലാതെ വരുന്നതു അപൂർവ്വമത്രെ! ഔരസികത ഗ്രാമങ്ങളെ അത്രത്തോളം ബാധിച്ചിട്ടില്ല. പകിട എടുത്തുകഴിഞ്ഞു കളിക്കാരൻ എട്ട്ഗന്ധം പൊട്ടുവാറ്, എട്ടെട്ടെന്നുള്ള ശബ്ദം കൂട്ടമായി പുറപ്പെട്ടു അംബരവീഥിയിൽ പ്രതിധ്വനിച്ചുള്ള മുഴക്കമായി. എതിരാളികളുണ്ടോ അടങ്ങിയിരിക്കുന്നു. പത്തുതന്നെ പകിടയിൽ വീഴ്ത്തുന്നതിനുള്ള ശ്രമമായി അവർ. ആഭിചാരക്രിയകൾക്കു അറുവധിയാണ് പകിടകളിയിൽ. പകിടയിൽ ഊതുക, പല പല ദേവതകളെ ആവാഹനം ചെയ്യുക, ചില ഇലകൾ പറിച്ചു വായിലിട്ടുചവച്ചു തുപ്പുക, ചില കമ്പുകൾ ഒടിച്ചു പ്രത്യേക സ്ഥലങ്ങളിൽ നാട്ടുക, പകിടകളുടെ അഗ്രം കൊണ്ടു മണ്ണിൽ വരക്കുക എന്നിങ്ങനെയുള്ള വിക്രിയകളുടെ എണ്ണങ്ങൾക്കു അവസാനമില്ല- പകിട, കളിക്കാൻ എടുത്തുകഴിഞ്ഞാൽ പിന്നെ സ്വന്തം കക്ഷിയിൽപ്പെട്ട വാശിക്കാരായ ചെറുപ്പക്കാരുടെ തോളിലാണ് കളിക്കാരന്റെ ഇരിപ്പ്.-ഒന്നുംരണ്ടും ഫർലോംഗ് അകലത്തിൽപോയി, കൂട്ടുകാരുടെ തലകളിലും തോളുകളിലും കൂടി സഞ്ചരിച്ച് പകിടക്കളത്തിൽ എഴുന്നെള്ളിയിറങ്ങി, കലികൊണ്ടു അലറി പകിട ഉരുട്ടി, എട്ടിനു ആ എട്ടുതന്നെ പകിടയെക്കൊണ്ടു കളിപ്പിച്ചു ശത്രുവിന്റെ കാ വെട്ടി ദൂരെ എറിയുന്ന ആ രംഗം ഒന്നു കാണേണ്ടതു തന്നെയാണ്.-സാക്ഷാൽ ജയാപജയങ്ങൾക്ക് സാരമില്ല. ഇത്തരം രംഗങ്ങളിൽ ഇരുപക്ഷിയരുടെയും മുഖത്തുളവാകുന്ന വർണ്ണവൈചിത്ര്യങ്ങൾ, ചങ്കിന്റെ കൂമ്പിനകത്തു നടക്കുന്ന മട്ടുള്ളപ്രയോഗങ്ങൾ എന്നിവ പഠനാർഹങ്ങളാണ്.-വെട്ടേററു ക്ഷതോത്സാഹരായി മ്ലാനവദനത്വം പൂണ്ടുനില്ക്കുന്ന അവസ്ഥ, അഭിമാനംകൊണ്ടു മറയ്ക്കുവാനുള്ള ശ്രമത്തിൽ പിടിച്ചുവലിച്ചു കയററുന്ന ഒരു തരം "ചുണക്കച്ചിരി"യുടെ പ്രകടനം മുഖത്തു നടമാടുന്നതു കണ്ടാൽ, കൂത്തിൽ വലിച്ചു, വലിച്ചു കീറി മലർത്തിയ കൂഴച്ചക്കപ്പഴത്തിന്റെ സ്മരണ ആർക്കുമുളവായിപ്പോകും.- 'ഇണ്ടം' അഥവാ 'കിണ്ടം' എന്നു പറയുന്ന ഒരു ദുർഘടസ്ഥാനം പകിടക്കളത്തിൽ ഉണ്ട്.-ആ വൈതരണിയിൽ വീണുപോയാൽ പിന്നെ 'പൂട്ടുപകിട' കളിക്കാതെ കാ അടിയുകയില്ല. പകിടക്കണ്ണു രണ്ടും ഒരുമിച്ചു വീഴുക അത്ര എളുപ്പവുമല്ല - ഈ 'കിണ്ടം പിണഞ്ഞു,,പോയാൽ പിന്നെ ഗതിയററ നിലയാണു കളിക്കാരനും കൂട്ടർക്കും.-എതിരാളിയുടെ പുറത്തു കിടക്കുന്ന കാ, കളത്തിൽ കയറി കളംചുററി അടിഞ്ഞു കഴിഞ്ഞാലും "കിണ്ടവാസി,, അവിടെത്തന്നെ ഇരുന്നു ബകധ്യാനം അനുഷ്ഠിക്കുന്നതു സാധാരണയാണ്.

# മൂന്നാംമറുപടി

ശ്രീ. കുട്ടികൃഷ്ണമാരാർക്ക്

പ്രിയസുഹൃത്തേ,

വല്ലതായാലും ഈ കത്തിടപാടുകൊണ്ടു് നമ്മുടെ നിലപാടുകൾ മാറുന്നില്ലെന്നു വ്യക്തമായിക്കഴിഞ്ഞു. ഇനി അതു നിർത്തുകതന്നെ.

പക്ഷെ രാമനെ കുട്ടിയാക്കിയതിനെപ്പററി ഒന്നുകൂടി പറയട്ടെ. ഒന്നാംക്ലാസ്സിലെ കുട്ടിയെ ഉദാഹരണമാക്കിയതും, രാമന്റെ ത്യാഗവും, ചോറുവേണ്ടെന്നു പറഞ്ഞു കിടന്നുറങ്ങുന്ന കുട്ടിയുടെ ശാഠ്യവും ഒന്നുപോലാണെന്നു പറയുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. രണ്ടാമതു് ഇന്റർമീഡിയററിനു പഠിക്കുന്ന ഒരു പുരുഷനെത്തന്നെ ഒന്നാംക്ലാസ്സിലെ കുട്ടിയുടെ സ്ഥാനത്തു സങ്കല്പിച്ചാലും എന്റെ ഉദാഹരണത്തിൽ പിശകുവരികയില്ലല്ലോ.

---

"വെട്ടിരിക്കെ പോരില്ല, അഥവാ വെട്ടുവാനുള്ള കളി കളിച്ചാൽ വെട്ടാതിരിക്കുവാൻ പാടില്ല, ഒരേ പക്ഷത്തിൽ പെട്ട ഇരുവരുടെ രണ്ടു കാകൾ ചേർന്നു ഒരു കളത്തിൽ വച്ചാൽ പ്രതിപക്ഷികളുടെ രണ്ടു കാ ചേർന്നു വന്നാലെ വെട്ടാവൂ, എന്നിങ്ങനെ നിയമാംശങ്ങൾ ഇനിയും പലതും പ്രസ്താവ്യമായി അവശേഷിച്ചിട്ടുണ്ട്.-ഏതായാലും ഒരു സംഗതി പരമാർത്ഥമാണ്, കേരളഗ്രാമങ്ങളിലെ പ്രാചീന ജീവിത രീതിയുടെ അവശിഷ്ടാംശം വല്ലതും ഇന്നു വല്ലയിടത്തും പ്രതിബിംബിക്കുന്നുണ്ടെങ്കിൽ അതു പകിടകളിക്കളത്തിലാണ്. കാരണമെന്തായാലും കൊള്ളാം, നിശ്ശബ്ദമായി ഇരുന്നു പകിട ഉരുട്ടി കളിയിൽ വിജയം കൈവരിക്കാമെന്നു ഒരു വ്യാമോഹം ആർക്കും ഉളവാകേണ്ട ആവശ്യമില്ല. അനുഭവം അതിനു വിപരീതമാണ്.- പകിടകളിയിൽ ശബ്ദകോലാഹലപ്രതിപത്തിയല്ല ശബ്ദഘോഷവിരക്തിയാണ് അന്ധവിശ്വാസം.

പകിടകളി വളരെ വ്യത്യസ്തമായ ചട്ടങ്ങളോടെയാണു ഉത്തരകേരളത്തിൽ നടന്നു വരുന്നതെന്നു കേട്ടിട്ടുണ്ട്.-ആ രീതി വിവരിച്ചു ആരെങ്കിലും 'ചക്രവാള,,ത്തിൽ എഴുതുന്നതു പ്രയോജനകരമായിരിക്കും.- കേരളീയ ജനത ഒരൈക്യകേരളം വിഭാവനം ചെയ്യുന്ന ഇക്കാലത്തു കേരളീയ വിനോദങ്ങൾക്കു ഐകരൂപ്യം വരുത്തുന്നതിനുള്ള ഒരു പരിശ്രമം ഒരിക്കലും അധിക്ഷേപാർഹമായി തീരാൻ ഇടയില്ല.

★

പിന്നെ പക്ഷപാതത്തെപ്പററിയാണെങ്കിൽ, അഭിപ്രായം പറയുക, അതിനോടു യോജിക്കുന്നവർ അങ്ങനെ ചെയ്തുകൊള്ളട്ടെ, എന്നല്ലാതെ അവർ എന്റെ പക്ഷത്തിൽ ചേരുന്നുണ്ടോ എന്നു് അന്വേഷിക്കാൻ ഞാൻ ഒരിക്കലും തയാറായിട്ടില്ല. അതിനാൽ എന്റെ സംശയം ഞാൻ വെളിപ്പെടുത്തിയെന്നേയുള്ളു. സീതയുടെ "ദുർവ്യതിയാനാസക്തി,,ക്കു ഞാനൊരു ഉദാഹരണം മാത്രം കാണിച്ചു. അതിനോടു താങ്കൾ യോജിച്ചു എന്നുള്ളതു ശരിതന്നെ. പക്ഷെ അതോടൊപ്പം താങ്കൾ പറഞ്ഞു, പൗരിമാരെ ശകാരിച്ച സീത തന്നെത്തന്നെയും കുററപ്പെടുത്തുന്നുണ്ടല്ലോ എന്നു്. ഒരാൾ സ്വയം കുററപ്പെടുത്തുന്നതും അന്യരെ കുററപ്പെടുത്തുന്നതും ഒന്നുപോലെയല്ല എന്നു ഞാൻ വീണ്ടും പറയാതിരുന്നതു് പ്രധാനപ്രശ്നത്തെ സംബന്ധിച്ചിടത്തോളം അതു് അത്രതന്നെ ആവശ്യമില്ലാത്തതുകൊണ്ടുമാത്രമായിരുന്നു. പോകട്ടെ അതുകൊണ്ടൊന്നും പ്രയോജനമില്ല. നിർത്തിക്കളയാം.

എന്നു്

സ്വന്തം പി. ദാമോദരൻ പിള്ള

★

# അഭിനവ ആൻഡ്രൂസ്

ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള ഈ വാർത്ത വായനക്കാർക്കു താല്പര്യമുള്ളതായിരിക്കും:-

"ദക്ഷിണാഫ്രിക്കയിലെ ഇൻഡ്യാക്കാരുടെ സമരത്തിൽ അവരുടെ കൂടെ ചേർന്നിട്ടുള്ള റവറന്റ് മൈക്കേൽസ്കോട്ട് "ബലംകൊണ്ടല്ല,, എന്ന തലക്കെട്ടിൽ ഒരു ലഘുലേഖ എഴുതീട്ടുണ്ട്. ദിനപത്രങ്ങൾ അതു പ്രസിദ്ധം ചെയ്തു കഴിഞ്ഞിരിക്കുന്നു. എല്ലാ യൂറോപ്യന്മാരുടേയും ഉള്ളിൽ തട്ടേണ്ട ഒന്നാണ് അത്,,.

അദ്ദേഹം വ്യക്തിപരമായി അയച്ച ഒരു കുറിപ്പിൽ ഇപ്രകാരം പറയുന്നു:-

"താങ്കളെയും താങ്കളുടെ പ്രസ്ഥാനത്തേയും ഉൾക്കൊള്ളുന്ന ആ ചൈതന്യം കെടുത്തിക്കളയാൻ അതിനെതിരായി അണിനിരന്നിട്ടുള്ള പ്രബലങ്ങളും സുസജ്ജങ്ങളുമായ ശക്തികൾക്കു കഴിവില്ല,,

ഇംഗ്ലീഷുകാരിയായ ഒരു സഹോദരി ഡർബനിൽ നിന്നു് എഴുതിയിരിക്കയാണ്:-.........റവ: മൈക്കേൽസ്കോട്ട വളരെ നല്ല ഒരു മനുഷ്യനാണ്, കഷ്ടിച്ചു നാല്പതു വയസ്സേ അദ്ദേഹത്തിനായിട്ടുള്ളു. മിക്ക ആംഗ്ലിക്കന്മാരേയുംപോലെ അദ്ദേഹവും ഷർട്ടാണു ധരിക്കാറുള്ളതു്; ഫാദർ സ്കോട്ട് എന്നാണ് അദ്ദേഹത്തെയും വിളിക്കാറ്. സി. എഫ്. ആൻഡ്രൂസിന്റെ സ്മരണയാണ് അദ്ദേഹത്തെ കാണുമ്പോൾ എനിക്കുണ്ടാകുന്നതു്,,

—ഗാന്ധിജി (ഹരിജനിൽനിന്നു്)

## മലബാർ കത്ത്

# ശ്രീ. വി. കെ. കൃഷ്ണമേനോൻെറ ആഗമനം

(ചക്രവാളം ലേഖകൻ) കോഴിക്കോട്ട്, ആഗസ്റ്റ് 9

മലബാറിൽ കഴിഞ്ഞ ആഴ്ചയിൽ നടന്ന പ്രധാന സംഭവങ്ങളിൽ ഒന്ന് ലണ്ടനിലെ ഇന്ത്യാലീഗ് സെക്രട്ടറിയും ബ്രിട്ടീഷ് ജനതയുടെ ഇടയിൽ ഇന്ത്യൻ സ്വാതന്ത്ര്യ പ്രശ്നത്തിൻെറ സന്ദേശവാഹകനുമായ മി. വി. കെ. കൃഷ്ണമേനോൻ ബാർ-അററ്-ലായുടെ ആഗമനമായിരുന്നു. പതിമൂന്നു കൊല്ലത്തിനുശേഷം ആദ്യമായി അദ്ദേഹം സ്വദേശമായ കോഴിക്കോട്ടെത്തിയതു് കഴിഞ്ഞ ആഗസ്റ്റ് 8-ാംനു യായിരുന്നു. 1932 ലെ നിയമലംഘന പ്രസ്ഥാനകാലത്തു് ബ്രിട്ടീഷ് ലേബർ പാർട്ടിയുടെ ഒരു സൌഹാർദ്ദ സംഘത്തിലെ അംഗമെന്ന നിലക്ക മിസ്സ് എല്ലൻ വില്കിൻസൻ, മി. ലയനോഡ് മാററർസ് എന്നിവരോടുകൂടി ഇന്ത്യസന്ദർശിച്ച അവസരത്തിൽ സ്വദേശവും അദ്ദേഹം സന്ദർശിച്ചിരുന്നതു് ഇന്നും പലരും ഓർക്കുന്നു.

ആഗസ്റ്റ് 8-ാംനു- മെയിൽവണ്ടി സമയത്തു് കോഴിക്കോട്ട് സ്റ്റേഷനിൽ സ്ഥലത്തെ ദേശീയ പ്രവർത്തകരടക്കം ഒരു വമ്പിച്ച ജനാവലി സന്നിഹിതരായി. എല്ലാവരും മലബാർ എക്സ്പ്രസ്സ് തന്നെയായിരുന്നു പ്രതീക്ഷിച്ചിരുന്നതു്. വണ്ടി അടുത്തു തുടങ്ങിയപ്പോൾ ജനസഞ്ചയത്തിൻെറ കണ്ഠങ്ങളിൽ നിന്നു മുദ്രാവാക്യങ്ങളുയർന്നു. 'ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് കീജയ്', 'ഭാരതമാതാ കീജയ്' 'മഹാത്മാഗാന്ധി കീജയ്' 'കൃഷ്ണമേനോൻ കീജയ്' 'ഇങ്കിലാബ് സിന്ദാബാദ്' ഈ മുദ്രാവാക്യങ്ങൾ ഇടവിടാതെ മുഴങ്ങിക്കൊണ്ടിരുന്നു. ഇരുനിറത്തിൽ നെടുതായി മുടി മാടി പിന്നോക്കം ചീകിയ ഒരു മനുഷ്യൻ മന്ദഹസിച്ചു കൊണ്ടു വണ്ടിമുറിയിൽ നിന്നിറങ്ങി വരുന്നു. കണ്ടാൽ ചില തലവന്മാരും നരച്ചിട്ടുണ്ടോ എന്നു തോന്നും.

മി. കൃഷ്ണമേനോൻതന്നെ. തനിനാടൻ വേഷത്തിലായിരുന്നു, ജുബ്ബയും മുണ്ടും ഉടുത്തുകൊണ്ട്; അദ്ദേഹത്തിൻെറ കണ്ഠത്തിൽ ഹാരങ്ങളും ഒരു ചെറുകൂമ്പാരം തന്നെ ചുരുങ്ങിയ സമയത്തിനുള്ളിൽ സൃഷ്ടിച്ചു. ടൌൺകോൺഗ്രസ്സ് കമ്മററി, മജ്ലിസ്സ് കമ്മിററി, വിദ്യാർത്ഥികോൺഗ്രസ്സ്, വിവിധതൊഴിലാളി കോൺഗ്രസ്സ് സംഘടനകൾ ഇവയുടെ വകയായിരുന്നു മാലകൾ.

വൈകുന്നേരം 'മാതൃഭൂമി' ആപ്പീസിൽ വെച്ചു് സ്ഥലത്തെ പത്രപ്രതിനിധികളുമായി അദ്ദേഹം ഒരു സംഭാഷണം നടത്തുകയുണ്ടായി. ബ്രിട്ടനിലെ പത്രപ്രവർത്തനം, ഇൻഡ്യയുടെ നേരെയുള്ള ബ്രിട്ടീഷ്കാരുടെ മനോഭാവം, മന്ത്രിസംഘത്തിൻെറ നിർദ്ദേശം, ബ്രിട്ടനും സോഷ്യലിസവും, ബ്രിട്ടനിലെ റേഷനിങ്ങ്, മറ്റു രാഷ്ട്രപ്രശ്നങ്ങളും റഷ്യയും തുടങ്ങിയ നിരവധി വിഷയങ്ങളെക്കുറിച്ച് സംഭാഷണമദ്ധ്യേ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ബ്രിട്ടീഷ് മന്ത്രിസംഘത്തിൻെറ നിർദ്ദേശങ്ങൾ മുസ്ലിംലീഗ് തള്ളിക്കളഞ്ഞതിൽ ബ്രിട്ടനിലെ ജനങ്ങൾക്ക വലിയ അസ്വസ്ഥത തോന്നുന്നുണ്ടെന്നാണ് അദ്ദേഹത്തിൻെറ പക്ഷം. എന്നാലും, നിർദ്ദേശങ്ങൾ അവർ (ബ്രിട്ടീഷുകാർ) തീരെ ഉപേക്ഷിക്കമെന്ന് അദ്ദേഹത്തിനു വിശ്വാസമില്ല. കമ്മ്യൂണിസ്റ്റുകാർക്ക ബ്രിട്ടനിൽ ഗണ്യമായ പ്രാബല്യമൊന്നുമില്ലെങ്കിലും തൊഴിലാളികളുടെ ഇടയിൽ കുറേയൊക്കെ സ്വാധീന ശക്തിയുണ്ടെന്നു മി. മേനോനു തോന്നുന്നു. ബ്രിട്ടീഷുകാർ സ്വതവേ വിപ്ലവപരമായ പരിവർത്തനങ്ങൾ ഇഷ്ടപ്പെടുന്നവരല്ലെന്നും സോഷ്യലിസം വേരൂന്നിക്കഴിഞ്ഞ ഒരു നാട്ടിനു സാമ്രാജ്യത്വം വെച്ചു പുലർത്തുവാൻ സാദ്ധ്യമല്ലെന്നും, ബ്രിട്ടനിൽ സോഷ്യലിസം നടപ്പാക്കുകയാണോ ലേബർ കക്ഷിചെയ്യുന്നതെന്ന ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞു. ചില വ്യവസായങ്ങൾ പൊതുവുടമയിലാക്കിയിട്ടുണ്ടെന്നു മാത്രം. റഷ്യയുടെയും അമേരിക്കയുടെയും കയ്യിൽ ലോകം അറിഞ്ഞിട്ടില്ലാത്ത പല ഭയങ്കരമായ നശീകരണായുധങ്ങളുമുണ്ടെന്നാണ് തൻെറ പക്ഷമെന്ന് ഒരു ചോദ്യത്തിനുത്തരമായി മി. മേനോൻ പ്രസ്താവിച്ചു.

### ആഗസ്റ്റ് 9

1946 ആഗസ്റ്റ് 9-ാംനു-, ആഗസ്റ്റ് വിപ്ലവത്തിൻെറ നാലാം വാർഷികദിനത്തിൽ ഒരു ദൃഢനിശ്ചയത്തോടും നവചൈതന്യത്തോടുംകൂടിയാണ ദേശീയഭാരതം ഉണർന്നതു്. ഇന്ത്യയുടെ മററ ഭാഗങ്ങളെപ്പോലെതന്നെ ആ മഹത്തായ ദിനത്തിൻെറ പ്രാധാന്യത്തിനു അനുയോജ്യമായ വിധത്തിൽ കോഴിക്കോട്ടും പ്രസ്തുതദിനം ആചരിക്കുകയുണ്ടായി.

പുലർച്ചെ പ്രഭാതഭേരിയുണ്ടായി. ത്രിവർണ്ണപതാകയുമേന്തി ദേശീയമുദ്രാവാക്യങ്ങൾ വിളിച്ചു പറഞ്ഞുകൊണ്ടുള്ള ഒരു വമ്പിച്ച ഘോഷയാത്ര നഗരപ്രദക്ഷിണം ചെയ്തു. നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്ന ഘോഷയാത്രകൾ മുതലക്കുളം മൈതാനത്തിലെത്തിച്ചേർന്നു. ജനാബ് മൊയ്തുമൌലവി സാഹിബ് പതാക ഉയർത്തുന്ന കർമ്മം നിർവ്വഹിച്ചു. നിരവധി രക്തസാക്ഷികളുടെ വീരരക്തംകൊണ്ടു പവിത്രമാക്കപ്പെട്ട ത്രിവർണ്ണപതാകയുടെ മാനം കാക്കുവാൻ എന്തുത്യാഗവും ചെയ്യുവാൻ സന്നദ്ധരാവണമെന്ന് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. നാട്ടിൻെറ സ്വാതന്ത്ര്യം കരസ്ഥമാക്കുവാനായി, ജാതിവ്യത്യാസംകൂടാതെ എല്ലാവരും ത്രിവർണ്ണപതാകയുടെ തണലിൽ അണിനിരക്കുവാൻ പ്രസംഗകൻ അഭ്യർത്ഥിച്ചു.

മി. വി. കെ. കൃഷ്ണമേനോൻെറ സാന്നിദ്ധ്യം ഇപ്രാവശ്യത്തെ ആഗസ്റ്റ് ദിനാചരണത്തിനു പ്രാധാന്യംകൂട്ടി.

വൈകുന്നേരം മുതലക്കുളം മൈതാനത്തു വച്ചു് ശ്രീ. കെ. എ. ദാമോദരമേനോൻെറ അദ്ധ്യക്ഷതയിൽചേർന്ന 'ആഗസ്റ്റ്ദിന'യോഗത്തിൽ മി. കൃഷ്ണമേനോൻ പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "നമ്മുടെ ശത്രു ബ്രിട്ടീഷ്സാമ്രാജ്യത്വമാണ്. അതിനെ അത്ര എളുപ്പത്തിൽ തകർക്കുവാൻ സാധിക്കുന്നതല്ല. അതിനെ തച്ചുടക്കുവാൻ ഇന്ത്യക്കാരായ നാമെല്ലാവരും ഏകോപിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.", 1942 ആഗസ്റ്റിലെ രക്തസാക്ഷികളെപ്പററി പ്രസ്താവിച്ചശേഷം, അവരുടെ പാവനസ്മരണ നിലനിർത്തുവാനായി എല്ലാകൊല്ലവും ഈ ദിനം ആചരിക്കേണ്ടതാണെന്നു അദ്ദേഹം ജനങ്ങളെ ഉൽബോധിപ്പിച്ചു.

ശ്രീ. കെ. എ. ദാമോദരമേനോൻചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ, തങ്ങൾക്ക മുസ്ലിംലീഗിനോടോ, കമ്മ്യൂണിസ്റ്റുകാരോടോ യാതൊരു വിരോധവുമില്ലെന്നും അവർ തങ്ങളോടൊന്നിച്ചു നിന്നു പൊരുതുവാനായി മുന്നോട്ടു വരാത്ത കാലത്തോളം അവരുമായി സഹകരിക്കുവാൻ നിവൃത്തിയില്ലെന്നും പ്രസ്താവിച്ചു.

ശ്രീമാന്മാർ കോഴിപ്പുറത്തു മാധവമേനോൻ, കെ. കുമാരൻ, പി. അബ്ദുള്ളക്കോയ എന്നിവരും യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി.

ആഗസ്റ്റ് സമരത്തിൽ ആത്മാഹുതിചെയ്ത വീരരക്തസാക്ഷികളുടെ സ്മരണക്കായി യോഗം രണ്ടുമിനുട്ടുനേരം മൌനമാചരിച്ചു.

### നോൺഗസററഡ് ഉദ്യോഗസ്ഥന്മാർ

കോഴിക്കോട്ടു നഗരത്തിലെ നോൺഗസററഡ് ഉദ്യോഗസ്ഥന്മാരുടെ ഒരു റാലി ആഗസ്റ്റ് ൮-ാംനു- നടക്കുകയുണ്ടായി. എല്ലാ ഗവമ്മെണ്ടാപ്പീസുകളിൽനിന്നും അംഗങ്ങൾ ജാഥയായി മിഷ്യൻഗേൾസ്സ്കൂളിൽ എത്തിച്ചേരുകയുണ്ടായി. ശ്രീമതി കമലാബായിലക്ഷ്മണൻെറ അദ്ധ്യക്ഷതയിൽ ഒരു യോഗംചേർന്നു. ജൂലായ് 29-ാംനു- പ്രധാനമന്ത്രിക്ക സമർപ്പിച്ച നിവേദനത്തിനു ആഗസ്റ്റ് 25-ാംനു മുമ്പായി അനുകൂലമായ മറുപടി കിട്ടാത്തപക്ഷം ആഗസ്റ്റ് 25-ാംനു ചേരുന്ന സംസ്ഥാനസമ്മേളനത്തിൽവച്ചു് 'നേരിട്ടുള്ള നടപടി, കല്പ്പനപ്പററി ചെയ്യുന്ന എന്തുതീരുമാനത്തിനും അനുകൂലമായി വോട്ടുചെയ്യുവാൻ, കോൺഫറൻസിലേക്ക തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ യോഗം അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കി.

മന്ത്രിസഭയിൽനിന്നും അനുകൂലമായ മറുപടി കിട്ടാത്തപക്ഷം നോൺഗസററഡ് ഉദ്യോഗസ്ഥന്മാർ പണിമുടക്കം ചെയ്യുമെന്നതു മിക്കവാറും തീർച്ചപ്പെട്ട കാര്യമാണ്. 'വിശന്നുവലയുന്ന ഗവമ്മെണ്ടു ജീവനക്കാർ, എന്നർത്ഥം വരുന്ന ഇംഗ്ലീഷിലെഴുതിയ ബാഡ്ജുകൾ ധരിച്ചുകൊണ്ടാണ രണ്ടുദിവസമായിട്ട് നോൺഗസററഡ് ഉദ്യോഗസ്ഥന്മാർ ജോലിക്ക ഹാജരാവുന്നതു്. ഇതു പണിമുടക്കത്തിൻെറ നാന്ദിയാവാം.

★

## പരിഷത്തും പുരോഗമന സാഹിത്യസംഘടനയും

(11–ാം പേജിൽനിന്നു തുടർച്ച)

ചാപ്ലിനെയാണോ ഉല്പതിഷ്ണുവായ ലൂയി ഫിഷറെയാണോ സോറ് ർസനിനെയാണോ ഞാനാംഗങ്ങളിലുമതിയാണെന്നൊന്നു പറഞ്ഞു തീരാൻ. യാഥാസ്ഥിതികത്വം നല്ലതെങ്കിൽ ചർച്ചിൽ ഇന്നത്തെ ഏററവും ഉത്തമനായ മനുഷ്യനാണെന്നു നിങ്ങരം സമ്മതിക്കണം. അതു സമ്മതിക്കുന്നില്ലെങ്കിൽ പുതിയ ആദർശങ്ങരംക്കു വഴിയൊരുക്കുക.

പക്ഷെ ഉള്ളപ്പുറംകൂടി നോക്കാനുണ്ട്. എല്ലാം വെട്ടിത്തകർക്കണമെന്നും എന്തു തോന്ന്യാസവും കാണിക്കണമെന്നും ഉല്പതിഷ്ണുത്വമല്ല. തിരിച്ചറിയാൻ കെല്പുള്ളവൻ താജ്മഹാളിനേയും കൽത്തുറുങ്കിനേയും തിരിച്ചറിയണം. സ്വാതന്ത്ര്യവും ലൈസൻസും രണ്ടാണ്. മലയാളത്തിലെ പുരോഗമനസാഹിത്യകാരന്മാരിൽ ഒരു നല്ല പങ്കു സ്വാതന്ത്ര്യത്തെ ലൈസൻസായി വ്യാഖ്യാനിക്കുകയും പുരോഗമനത്തിന്റെ പേരിൽ ചില അക്രമങ്ങളും കാട്ടിക്കൂട്ടുകയും ചെയ്യുന്നുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അവരുടെ അനുസ്യൂതയത്നങ്ങളുടെ ഫലമായി മഹർഷിതുല്യരായ ടോൾസ്റ്റോയിയും ടാഗോറും റൊളണ്ടും ലോകസംഗ്രഹാർത്ഥം പ്രചരിപ്പിച്ച സാഹിത്യസിദ്ധാന്തങ്ങളും നിർമ്മിച്ച കലാസൃഷ്ടികളും മലയാളനാട്ടിലേക്കു മാറിയപ്പോരം പൂരപ്പാട്ടിന്റെ പര്യായമായി തീർന്നിട്ടുണ്ട്. പഴമക്കാരുടെ സമ്പ്രദായങ്ങളെയും നാട്ടിന്റെ പാരമ്പര്യത്തെയും പാടേ ചീത്തപറയുകയും അസന്മാർഗ്ഗത്തെ സമൂഹ്യസ്വാതന്ത്ര്യത്തിന്റെ പുതിയ പതിപ്പായി രംഗപ്രവേശം ചെയ്യിക്കുകയും അല്ല പുരോഗമനം ഇച്ഛിക്കുന്നവർ ചെയ്യേണ്ടതു്. പഴയ സന്മാർഗ്ഗനിയമങ്ങളിൽ ധിക്കരിക്കപ്പെടേണ്ട പലതും ഉണ്ടായിരിക്കാം. പഴയ സംസ്കാരത്തിൽ വിലയില്ലാത്ത പുറംപൂച്ചുകളും ഉണ്ടായിരിക്കാം. പക്ഷെ അവയെ പുനരുദ്ധരിക്കുകയും സംസ്കരിച്ചെടുക്കുകയും ആണ് നമ്മുടെ കർത്തവ്യം. അല്ലാതെ അവയെ ചീത്ത പറഞ്ഞു നാറ്റുകയും അതിന്റെ മേൽ അതിലും ദുഷിച്ച ഒരു പാരമ്പര്യത്തെ കെട്ടിപ്പടുക്കുകയും അല്ല. പഴയതിനെ എപ്പോഴും ചീത്ത പറഞ്ഞുകൊണ്ടിരുന്നാൽ അതിൽ ചീത്തമാത്രമേയുള്ളു എന്നായിരിക്കും വരുംതലമുറ ധരിക്കുന്നതു്. നമ്മുടെ വിലയേറിയ നേട്ടങ്ങളൊക്കെ അങ്ങനെ കാലക്രമത്തിൽ മൺമറഞ്ഞു പോകുവാൻ ഇടവരുന്നതിന്റെ നഷ്ടം നമുക്കുതന്നെയാണ്. പിൻതുടർച്ചയില്ലാതെ എവിടെയാണ് ചവുട്ടിനില്ക്കുക എന്നു ഇക്കൂട്ടർ ആലോചിക്കുന്നില്ല. റോമിന്റെയും ഫ്രാൻസിന്റെയും സംസ്കാരം രണ്ടുകൈകൊണ്ടും സ്വീകരിച്ചാലും കാലു ഭാരതത്തിന്റെ മണ്ണിൽത്തന്നെ നില്ക്കുകയാണ് ഭേദം. 'വങ്കി' കൊള്ളയുടെ തത്വശാസ്ത്രമാണ് ഗീതയുടെ തത്വശാസ്ത്രമെന്നു, പ്രചരിപ്പിക്കുന്നതു വിവേചനത്തോടുകൂടിയുള്ള വിമർശനമല്ല, നില്ക്കുന്നിടത്തു കുഴി തോണ്ടുക മാത്രമാണ്. ഇങ്ങനെ ആത്മഹത്യാപരമായ ഒരു പരിപാടി ഉടർന്നുകൊണ്ടു പോകുന്നവരാണോ സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മക്കുവേണ്ടി പ്രവർത്തിക്കുക?

## വനിതാപംക്തി

(17–ാംപേജിൽനിന്നു തുടർച്ച)

(എഫ്) വററലുകരം

(10) ഗോരസവിഭവങ്ങരം; തേൻ, മുട്ട, മുതലായവ.

(11) കയർസാധനങ്ങരം.

(12) വല.

(13) ആലങ്കാരികവും ആകർഷണീയവുമായ മററ സാധനങ്ങരം.

രണ്ടാംവിഭാഗം - പ്രകടനങ്ങരം.

എ.

(i) ശിശുമാതൃസംരക്ഷണപരമായ പ്രവർത്തനങ്ങരം.

(ii) ആതുരസേവനം.

(iii) പ്രഥമശുശ്രൂഷ.

ഈ പ്രകടനങ്ങരം സംസ്ഥാനത്തെ സ്ത്രീസംഘടനകരം ഇത്തരം പ്രവർത്തനങ്ങരം നടത്തുന്നതിന്റെ രീതി പ്രദർശിപ്പിക്കുന്നതിനാണു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

ബി.

വീട്ടുജോലി ലാഘവപ്പെടുത്തുന്നതിനുള്ള ഉപായങ്ങളേയും കുടിൽ വ്യവസായങ്ങരം നടത്തുന്നതിന്നു് പരിഷ്കരിച്ച ഉപകരണങ്ങളേയും പ്രദർശിപ്പിക്കുന്നതിനു കമ്മിററി ശ്രമിക്കുന്നതാണു്.

12. മത്സരങ്ങരം.

എ.

(i) മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ, ഏകദേശം ആറുപുറത്തിൽ കവിയാതെ "തിരുവിതാംകൂറിലെ സ്ത്രീകളും ക്ഷേമപരപ്രവർത്തനങ്ങളും" എന്ന വിഷയത്തെപ്പററി ഒരു ഉപന്യാസം.

(ii) ഒരു പുരുഷൻ, അയാളുടെ ഭാര്യ, രണ്ടു ആൺകുട്ടികരം, ഒരു പെൺകുട്ടി എന്നിവരടങ്ങിയ, മാസത്തിൽ നൂറു രൂപാ വരവുള്ള, ഒരു കുടുംബത്തിന്റെ ചെലവു കണക്ക്.

(iii) മേല്പറഞ്ഞ കുടുംബത്തിനു് ഒരു ദിവസത്തേക്കുള്ള സന്തു ഭക്ഷണത്തിന്റെ മാതൃക.

ബി.

താഴെപ്പറയുന്ന മത്സരങ്ങളിൽ, സുവ്യക്തങ്ങളായ കാരണങ്ങളാൽ, തിരുവനന്തപുരം നഗരത്തിലുള്ളവർക്കു മാത്രമേ ഭാഗഭാക്കുകളാകുവാൻ പാടുള്ളു.

(i) ഉദ്യാനം-ആലങ്കാരികോദ്യാനം.

(ii) സസ്യോദ്യാനം.

(iii) വിരുന്നുമുറി.

സി.

പ്രദർശനശാലയിൽ വച്ചു് താഴെപ്പറയുന്ന മത്സരങ്ങരം നടത്തപ്പെടും. ദിവസവും സമയവും പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

(i) ശിശുപ്രദർശനം. ആറുമാസത്തിനു് മുകളിലും ഒരു വയസ്സിനു താഴെയുമുള്ള കുട്ടികളെ മാത്രമേ മത്സരത്തിൽ ചേർക്കുകയുള്ളു.

(ii) വിനോദവേഷങ്ങരം. പത്തുവയസ്സിനു താഴെയുള്ള പെൺകുട്ടികരംക്കു മാത്രം.

(iii) നൂൽനൂൽപ്പ്

(എ) തക്ലി.

(ബി) ചക്രം.

(iv) മധുരപദാർത്ഥങ്ങളും ഉപദംശങ്ങളും രണ്ടുതരത്തിലുമുള്ള എട്ടോ പത്തോ സാധനങ്ങരം കമ്മിററി നിർദ്ദേശിക്കുന്നതാണ്. അതിൽ ഏതെങ്കിലും മൂന്നെണ്ണം തെരഞ്ഞെടുത്തു് അവ തയ്യാറാക്കാവുന്നതാണ്. പ്രദർശനസ്ഥലത്തുവച്ചുതന്നെ അവ തയ്യാറാക്കണമെന്നില്ല.

(v) ഉടുപ്പ്.

(൧) ദിവസവും ഉപയോഗിക്കാനുള്ള സാധാരണ ഉടുപ്പുകരം

(എ) മൂന്നും അഞ്ചും വയസ്സുകരംക്കിടയിലുള്ള പെൺകുട്ടികരംക്ക്.

(ബി) അഞ്ചും പത്തും വയസ്സുകരംക്കിടയിലുള്ള പെൺകുട്ടികരംക്ക്.

(൨) വിശേഷാവസരങ്ങളിൽ ഉപയോഗിക്കാനുള്ള ഉടുപ്പുകരം.

(എ) മൂന്നും അഞ്ചും വയസ്സുകരംക്കിടയിലുള്ള പെൺകുട്ടികരംക്ക്.

(ബി) അഞ്ചും പത്തും വയസ്സുകരംക്കിടയിലുള്ള പെൺകുട്ടികരംക്ക്.

(vi) നൃത്യം.

(എ) ഭരതനാട്യം.

(ബി) അഭിനവഭാരതീയനൃത്തം.

രണ്ടുതരത്തിലുമുള്ള ഓരോ പാഠങ്ങരം കമ്മിററി നിശ്ചയിക്കുന്നതാണ്.

13. ഫീസ്. പ്രദർശനത്തിനു സാധനങ്ങരം അയക്കുന്നവരിൽനിന്നും യാതൊരു ഫീസും ചുമത്തുന്നതല്ല. എന്നാൽ മത്സരത്തിനു പങ്കുകൊള്ളുന്നവർ ഒരു പ്രവേശനഫീസു നൽകേണ്ടതാണ്. ഓരോ മത്സരത്തിനും നിശ്ചയിക്കുന്ന ഫീസും പിന്നാലെ പരസ്യപ്പെടുത്തുന്നതാണ്. സന്ദർശകർക്കു ഒരു പ്രവേശനഫീസ് ചുമത്തുന്നതാണ്.

14. വിനോദങ്ങരം. രംഗവിധാനങ്ങരം സജ്ജീകരിക്കുന്നതിനും ചെറിയ പ്രഹസനങ്ങരം നടത്തുന്നതിനും മററും തിരുവനന്തപുരത്തെ വനിതാസംഘടനകളുടേയും സാമുദായികപ്രവർത്തകരുടേയും, കാളേജു വിദ്യാർത്ഥിനികളുടേയും സഹായം കമ്മിററി അഭ്യർത്ഥിക്കുന്നതാണ്. തിരുവിതാംകൂറിലെ സ്ത്രീകരം പല കാലങ്ങളിൽ അംഗീകരിച്ചിരുന്ന വസ്ത്രധാരണരീതികളുടെ ഒരു പ്രദർശനം നടത്തണമെന്നുകൂടി കമ്മിററി ആഗ്രഹിക്കുന്നുണ്ട്. ഒരു ഭാഗ്യക്കുറിക്കൂടി നടത്തപ്പെടും.

15. ലഘുഭക്ഷണങ്ങരം. സ്ത്രീകളുടെ നിയന്ത്രണത്തിൽ നടത്തപ്പെടുന്ന ഒരു ഭോജനശാലയും അല്ലാതെ ഒരു ലഘുഭക്ഷണസ്ഥാപനവും ഉണ്ടായിരിക്കും.

16. സേവകസംഘം. നഗരത്തിലെ വ

(ശേഷം കവർ 3-ാംപേജിൽ)

---

എല്ലാ സാഹിത്യകാരന്മാരുടെയും പരമമായ ലക്ഷ്യം ഒന്നായിരിക്കുന്ന സ്ഥിതിക്കു് ഇന്നു കാണുന്ന മാതിരിയുള്ള അനാരോഗ്യകരങ്ങളായ വാദപ്രതിവാദങ്ങരംക്കും വിരുദ്ധസൃഷ്ടികരംക്കും വിരാമമിടേണ്ടതു് സാഹിത്യത്തിന്റെ പേരിൽ മാത്രമല്ല സഹോദരസ്നേഹത്തിന്റെ പേരിലും അനുപേക്ഷണീയമാണെന്നു തോന്നുന്നു.

പുത്തന്റെയും പഴയതിന്റെയും നല്ല ഭാഗങ്ങളെടുത്തു കാണിക്കുന്നതും അവയെ സ്വീകരിക്കാൻ തയ്യാറാകുന്നതും ഒരുവച്ചാത്ത് മനസ്ഥിതിയാണെന്നു ആക്ഷേപിച്ചാലും ആ മദ്ധ്യഗതിക്കുവേണ്ടി വാദിക്കാതിരിക്കാൻ നിവൃത്തിയില്ല.

★

വനിതാപംക്തി

# വനിതാകലോത്സവം

മഹാറാണി സേതു പാർവ്വതിബായി തിരുമനസ്സ് എൻഡോമെൻറ് ഭരണ സമിതിയുടെ ആഭിമുഖ്യത്തിൽ, ഒരു അഖില തിരുവിതാംകൂർ വനിതാകലാ പ്രദർശനം നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

2 പരിധി. സ്ത്രീകളുടെ കരകൌശല സാധനങ്ങളുടെ ഒരു പ്രദർശനമുണ്ടായിരിക്കുന്നതു കൂടാതെ സ്ത്രീകൾക്കു താല്പര്യമുള്ളതും താല്പര്യമുണ്ടായിരിക്കേണ്ടതുമായ വിവിധ സംഗതികളിൽ മത്സരങ്ങളുമുണ്ടായിരിക്കും.

3. രംഗം. തിരുവനന്തപുരത്ത് പട്ടത്തുള്ള മഹാറാണി മെമ്മോറിയൽ കെട്ടിടത്തിൻെറ പരിസരങ്ങളിൽവച്ച് പ്രദർശനം നടത്തപ്പെടുന്നതാണ്.

4. കാലം. 1122 ചിങ്ങമാസത്തിൽ ഓണം ഒഴിവുകൾക്ക് മുമ്പായി നടത്തപ്പെടും. പ്രദർശനം മൂന്നു ദിവസത്തേക്കുണ്ടായിരിക്കും. പ്രദർശനത്തിലും മററു മത്സരങ്ങളിലും ഭാഗഭാക്കുകളാകുവാൻ ഉദ്ദേശിക്കുന്നവർക്ക് അവയ്ക്കുവേണ്ടി തയ്യാറാകുന്നതിന് ധാരാളം സമയം ലഭിക്കുന്നതിനായിട്ടാണ് നാലുമാസം കഴിഞ്ഞുള്ള തീയതി നിശ്ചയിച്ചിരിക്കുന്നതു്. ഇതിനെ സംബന്ധിച്ച് ധാരാളം പ്രചരണം നടത്തണമെന്നും സർവ്വവ്യാപകമായി പരസ്യപ്പെടുത്തണമെന്നും തന്മൂലം ഏററവും കൂടുതൽ ആളുകൾ ഇതിൽ പങ്കെടുക്കണമെന്നും കമ്മററിക്ക് ആഗ്രഹമുണ്ട്.

5. ഉദ്ദേശങ്ങൾ. ഗൃഹസംരക്ഷണ കലയിൽ തിരുവിതാംകൂറിലെ സ്ത്രീകൾക്ക് സിദ്ധിച്ചിട്ടുള്ള പാടവത്തിൻെറ പരിമാണം നിർണ്ണയിക്കുന്നതിനും അവരുടെ കലാബോധത്തിൻെറ മാനദണ്ഡം ആരായുന്നതിനും, ഗാർഹിക ധനവിനിയമനത്തിന് പ്രാ[illegible] കൊടുക്കുന്നതിലും നിയന്ത്രണം നൽകുന്നതിലും സ്ത്രീകൾ വഹിക്കുന്ന പങ്ക് എത്രമാത്രമുണ്ടെന്ന് അറിയുന്നതിനും ആണ് പ്രദർശനം വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നതു്. ഗൃഹം കൂടുതൽ സുന്ദരവും സുഖകരവുമാക്കുന്നതിന് സ്ത്രീസമുദായത്തിൽ കൂടുതൽ പ്രചരണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഉദ്യാനപരമായും വ്യവസായപരമായും മററു സാമ്പത്തികപ്രവർത്തനങ്ങളാലും രാജ്യത്തിൻെറ സമ്പൽവർദ്ധനയ്ക്ക് സ്ത്രീകൾ എത്രമാത്രം സഹായിക്കുന്നുണ്ടെന്നുള്ളതു് അറിയുന്നതിന് പ്രദർശനം ഒരു അവസരം നൽകുകയും ചെയ്യും. മത്സരങ്ങൾ ചിന്തോദ്ദീപകവും സ്ത്രീകളുടെ ദൈനംദിന ജീവിതത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ താല്പര്യസംവർദ്ധകവുമായി, കൂടുതൽ ആരോഗ്യപരവും സൌഭാഗ്യകരവും ആയ പരിതഃസ്ഥിതികളിലുണ്ടാകാവുന്ന സംഘടിതവും സുന്ദരതരവുമായ ജീവിതത്തിൽ അവർക്ക് ആകാംക്ഷ ജനിപ്പിക്കുന്നതിന് പര്യാപ്തമാകണമെന്നാണുദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

6. ഭാഗഭാക്കുകൾ. പ്രദർശനത്തിൻേറയും മത്സരങ്ങളുടേയും ഉദ്ദേശ്യങ്ങൾ മുകളിൽ വിവരിച്ചിരിക്കുന്നവ മാത്രമായിരിക്കുന്നതുകൊണ്ട് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പ്രദർശനവസ്തുക്കൾ അയക്കുന്നതിനും സ്ത്രീകൾ മാത്രമേ അനുവദിക്കപ്പെടുകയുള്ളു. പ്രദർശനമത്സരങ്ങളിൽ പങ്കെടുക്കുന്നവർ അവരുടെ സംഭാവന സ്വതന്ത്രമായതാണെന്നും പരസഹായാധീനമല്ലെന്നും ഒരു സാക്ഷിപത്രംകൂടി നൽകേണ്ടതാണ്.

സന്ദർശകരായി സകലരേയും കമ്മിററി സ്വാഗതം ചെയ്യുകയാണ്. പുരുഷന്മാരുടെ ഉദാരമായ സഹായംകൊണ്ട് പ്രദർശനം ഒരു മഹത്തായ വിജയമാക്കിത്തീർക്കണമെന്നാണ് കമ്മിററിയുടെ ആഗ്രഹം.

7. സ്ഥലം. മഹാറാണി മെമ്മോറിയൽ കെട്ടിടത്തിന് പുറമേയുള്ള വിശാലോദ്യാനസ്ഥലത്ത് പ്രത്യേകം തയ്യാർ ചെയ്യപ്പെടുന്ന പന്തലിൽ സാധനങ്ങൾ സൌന്ദര്യമായി പ്രദർശിപ്പിക്കുന്നതിനു സൌകര്യം നൽകുന്നതാണ്. ഗതാഗതത്തിനു[illegible] ബുദ്ധിമുട്ടുകളേയും തിരുവനന്തപുരത്ത് ഭക്ഷണത്തിനും താമസത്തിനും മററുമുണ്ടാകാവുന്ന അസൌകര്യങ്ങളേയും പുരസ്കരിച്ച്, തിരുവനന്തപുരത്തിന് പുറത്തുള്ളവർ സ്വയം വന്നുചേരണമെന്നില്ല. പ്രദർശനവസ്തുക്കൾ തിരുവനന്തപുരത്തേക്ക് അയച്ചുതന്നാൽ മതിയാകും. സാധനങ്ങൾ പ്രദർശനശാലയിലേയ്ക്കും തിരിച്ചും അയക്കുന്നതിനുള്ള ചെലവ് കമ്മിററി വഹിക്കുന്നതായിരിക്കും. സാധനങ്ങൾ ഏററവും ശ്രദ്ധയോടുകൂടി സൂക്ഷിക്കുന്നതിലും കേടുകൾ കൂടാതെ തിരിച്ചയച്ചുകൊടുക്കുന്നതിലും കമ്മിററി ജാഗരൂകമായിരിക്കും. എന്നാൽ സാധാരണ ശ്രദ്ധക്കതീതമായ കാരണങ്ങളാൽ ഉണ്ടായേക്കാവുന്ന നഷ്ടത്തിനോ ക്ഷതങ്ങൾക്കോ കമ്മററി ചുമതല വഹിക്കുകയില്ല.

8 വിൽപ്പന. പ്രദർശനത്തിന് അയക്കുന്ന സാധനങ്ങൾ വില്ക്കുന്നതിന് അനുവദിക്കുന്നതാണ്. എന്നാൽ വില്ക്കപ്പെടുന്ന സാധനങ്ങൾ, പ്രത്യേകിച്ചും അവയ്ക്കു പകരം സാധനങ്ങൾ ഉടനെ പ്രദർശിപ്പിക്കുവാൻ സാധിക്കാതെ വരുമ്പോൾ പന്തലിൽനിന്നും നീക്കം ചെയ്യുന്നതിന് കമ്മിററിയുടെ അനുവാദം വേണ്ടതാണ്. പ്രദർശനത്തിന് വന്നുചേരാതെ സാധനങ്ങൾ മാത്രം അയക്കുന്നവരുടെ പ്രദർശനവസ്തുക്കൾ അവർക്കുവേണ്ടി കമ്മിററി വില്പന നടത്തുകയും അതിൽനിന്നു കിട്ടുന്ന പണം അവർക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നതാണ്. പ്രദർശനത്തിനുള്ള സ്ഥലം അപരിമിതമല്ലാത്തതിനാൽ, ഒരേ തരത്തിലുള്ള അധികം സാധനങ്ങൾ അയക്കുന്നതായാൽ അവ സ്വീകരിക്കുന്നതിനു സാധിക്കാതെ വന്നേക്കും.

9. അപേക്ഷകൾ. പ്രദർശനത്തിന് സാധനങ്ങൾ അയക്കണമെന്നാഗ്രഹിക്കുന്നവർ, അയയ്ക്കുവാനുദ്ദേശിക്കുന്ന സാധനങ്ങളുടെ ലിസ്റ്റോടുകൂടിയ അപേക്ഷകൾ കമ്മററിക്ക് അയയ്ക്കേണ്ടതാണ്. പ്രദർശനത്തിനുവന്നുചേരുന്ന സാധനങ്ങളുടെ സംഖ്യയും അവയ്ക്കാവശ്യമുള്ള സ്ഥലവും നിർണ്ണയിച്ചതിനുശേഷം വേണ്ട സജ്ജീകരണങ്ങൾ ചെയ്യുന്നതിനാണ് ഇത്രനേരത്തെ തന്നെ അപേക്ഷകൾ വരണമെന്ന് പറഞ്ഞിരിക്കുന്നതു്. പ്രദർശനത്തിന് അയയ്ക്കുന്ന സാധനങ്ങൾ പ്രദർശനം ആരംഭിക്കുന്നതിന് രണ്ടോ മൂന്നോ ദിവസങ്ങൾക്കു മുമ്പു വന്നുചേർന്നാൽ മതിയാകുന്നതാണ്. അപേക്ഷാഫാറങ്ങൾ കമ്മിററി അച്ചടിപ്പിച്ച് ആവശ്യപ്പെടുന്നവർക്ക് അയച്ചുകൊടുക്കുന്നതാണ്. അപേക്ഷകൾ അനുവദിക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോ ഉള്ള അവകാശം കമ്മിററിക്കുണ്ടായിരിക്കുന്നതാണ്. മത്സരങ്ങളിൽ പങ്കെടുക്കണമെന്നാഗ്രഹിക്കുന്നവരുടെ അപേക്ഷകൾ അയയ്ക്കേണ്ട തീയതിയും പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

10. സംവിധാനം. യാതൊരു പ്രദർശകയ്ക്കും പ്രത്യേകസ്ഥലം വേണമെന്നവകാശപ്പെടുവാൻ പാടില്ല. കമ്മിററി അനുവദിക്കുന്ന സ്ഥലം തന്നെ സ്വീകരിച്ചുകൊള്ളണമെന്നുള്ള വിശ്വാസത്തിന്മേലാണ് സകല അപേക്ഷകളും അനുവദിക്കപ്പെടുന്നതു്. പ്രദർശനസ്ഥലത്തു സന്നിഹിതരാകാതെ സാധനങ്ങൾ മാത്രം അയക്കുന്നവരുടെ പ്രദർശനവസ്തുക്കൾ എല്ലാംകൂടി ഒരു പൊതുശാലയിൽ പ്രദർശിപ്പിക്കണമെന്നാണ് കമ്മിററി വിചാരിക്കുന്നതു്. സാധനങ്ങളുടെ ഗുണം, വൈവിധ്യം, തരം സംഖ്യ ഇവ ന്യായീകരിക്കുമെങ്കിൽ ചിലർക്ക് പ്രത്യേക ശാലകൾ അനുവദിക്കുന്നതിനു പക്ഷേ സാധിച്ചേക്കാം. പൊതുശാല കമ്മിററിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഭരണത്തിലുമായിരിക്കും. ഓരോ സാധനത്തോടും അതിനെ സംബന്ധിച്ചുള്ള ഒരു ചെറുവിവരണം പ്രദർശകയുടെ പേർ, സാധനം വില്പനക്കാണോ അല്ലയോ, വിൽപ്പനക്കാണെങ്കിൽ വില, ഇവ കാണിക്കുന്ന ഒരു പത്രിക ബന്ധിക്കപ്പെട്ടിരിക്കണം. ഈ പത്രികകൾ എത്ര ആവശ്യമുണ്ടെന്ന് അപേക്ഷാഫാറത്തിൽ കാണിക്കുകയാണെങ്കിൽ അത്രയും അയച്ചുകൊടുക്കുന്നതാണ്.

11. പ്രദർശനം. പ്രദർശനത്തിൽ രണ്ടു വിഭാഗങ്ങളുണ്ടായിരിക്കും.

ഒന്നാം വിഭാഗം.

(1) പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള ഉടുപ്പുകൾ.

(2) കസവ്, റേന്ത, തുന്നൽ എന്നിവകളിൽ പലമാതിരി കരകൌശലവേലകൾ.

(3) ആകർഷണീയമായ സൂചിവേല—അലങ്കാരതുന്നൽ (Embroidery), നൂലു വലിച്ചെടുത്ത തുന്നൽ (Drawn Threads), പാശികൊണ്ടുള്ള വേല(adwork

(4) പാവകൾ (Dressed dolls), മററുള്ള കളിപ്പാട്ടങ്ങളിലുള്ള തുന്നൽവേല.

(5) ചിത്രപ്പണി, പടംവരയ്ക്കൽ, രൂപനിർമ്മാണം തിരുവിതാംകൂർ ചരിത്രഭാഗങ്ങൾ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ഉണ്ടാക്കുക.

(6) നെയ്ത്തു സാമാനങ്ങൾ.

(7) മർപ്പാണി, ചിത്രവേല, കൊത്തുപണി

(8) മെത്തപ്പാ, കോരപ്പുല്ല്, ചൂരൽ മുതലായവകൊണ്ടുള്ള വേല.

(9) സംഭരിതഭക്ഷ്യങ്ങൾ.

(എ) ഉപ്പിലിട്ടതു്

(ബി) ചമ്മന്തി, ചട്ട്ണി

(സി) മസാലപ്പൊടി

(ഡി) ജാം

(ഇ) വറുത്തുപ്പേരികൾ

(ശേഷം 16-ാംപേജിൽ)

കൈനോട്ടം

# ആത്മരേഖ

(തുടർച്ച)

(പഴകുളം നാണുക്കുറുപ്പ്)

III

പാതപോലെ ചിലക്കെല്ലാം
പാരം വീതി കലർന്നതായ്
പാണിയിൽ കാണുമാത്മാവു,
പാടെ പാടലകാന്തിയിൽ

2

വര വാരൊളിയൊത്തേവം
വലുതായ് കയ്യിലുള്ളവൻ
വരസൌഹൃദമുള്ളത്തിൽ
വളരുന്നവനായിടും.

3

കാരുണ്യമിവനെപ്പോലെ
കാണുന്നൊരു മനുഷ്യരും
കാണുകില്ലുലകത്തിങ്കൽ
കാണിയും കളവില്ലതിൽ

4

പുഞ്ചിരിപ്പൂക്കളിട്ടല്ലും
പൂജിക്കുമിവനാരെയും
പിന്നവർക്കു സുഖിക്കുന്ന
നന്മൊഴിത്തേൻ വിളമ്പിടും.

5

ചിത്തമാം ചുവരിൽ ചൊവ്വേ
ചിന്മയന്റെ പദാംബുജം
ചിത്രണം ചെയ്തിടും ചിന്തും
ചിന്തകൊണ്ടെന്നുമിപ്പുമാൻ.

6

സമ്പത്തധികമുള്ളപ്പോഴും
സർവ്വമാനജനത്തെയും
സല്ക്കരിപ്പതിനുള്ളത്തിൽ
സന്തോഷമവനേറിടും.

7

ഇത്തരം പെരുമാററത്താ–
ലിത്തിളിൻറിര മാതിരി
ഇത്രയെന്നൊന്നുമില്ലാത്ത–
മിഷ്ടരെമ്പാടുമായിടും.

8

അവനങ്ങോട്ടുദിച്ചീട-
മധികം സ്നേഹമെങ്കിലും
അതുപോലെയവരിങ്ങോട്ടു–
ലഭിയാതെയിരുന്നിടും

9

പലർക്കിലവൻ പാക്കും
പലതും പന്നിചെയ്തിടും.
പണമെത്ര കിടച്ചാലും
ഫലമില്ലാതെയായിടും.

10

കല്യാണം കൈവെടിഞ്ഞീടും
കല്യാണം കൈവെടിഞ്ഞിടും
കല്യാണം കൈവരാൻ പിന്നെ
കല്യാണം കൈവരിച്ചിടും.

11

അമിതവ്യയമീയാളെ
അതിദാരിദ്ര്യദുഃഖമാം.
അഗാധഭവനാഗത്തത്തി–
ലതിവേഗം മറിച്ചിടും

12

തുലയാറാകുമീവണ്ണം
തുണയും തുണയെന്നിയെ
തുനിയും ദൈവമന്നേരം
തുടരെ ഗതി നല്കുവാൻ.

IV

ആശാന്റെ നടുവിൽച്ചെന്നി–
ട്ടാത്മരേഖയണഞ്ഞിടും
ആളനല്പമിടുക്കള്ളോ–
നായിടും മരണം വരെ.

2

അവനെന്തിനിറങ്ങട്ടെ
അതിലൊക്കെയുമെത്രയും
അനുകൂലഫലം തന്നെ
അതിവേഗമധീനമാം.

3

വിഷമങ്ങൾ വരുന്നേരം
വിഷമിക്കുകയില്ലവൻ
വിശരിൻ പ്രകൃതം കാട്ടി
വിജയം തന്നെ വേട്ടിടും.

4

പടവും വെടിയും കൊണ്ടു–
പണിപറന്നിടത്തവൻ
പരിശോഭിച്ചിടും പാരം
പടവായതി സത്വരം.

5

കാര്യശേഷി മഹാബുദ്ധി-
ചാതുര്യമിവയൊക്കെയും
കാണുമെങ്കിലു മെമ്പാടും
ദോഷമാനസനാണിവൻ

6

'തട്ടാമുട്ടി', മുഴുത്തിടും
തണ്ടും പ്രൌഢിയുമേറിടും
തൻകാര്യം കാണുവാനൊന്നും
തഞ്ചം പോൽ പെരുമാറിടും

7

വായാടിയിവനന്യൻ
വാദിക്കാൻ വന്നു കൂടിയാൽ
വാങ്ങിടും വങ്ങിനാമർത്യൻ
വാങ്മൊഴിതെല്ലുനല്ലപോൽ

8

അയലത്തൊരുവനല്ല
ശ്രീവൃദ്ധിയുദിക്കുകിൽ
അതു കാണുകിലവനന്നു
മതിനീരസമായിടും.

9

അതുകൊണ്ടവനെമ്പാടു
മവമാനമിയന്നിടാൻ
അപവാദമിവൻ ചൊല്ലു
മണുവും മടിയെന്നിയെ

10

പട്ടവെന്നിവനെപ്പററി
പതിവായ് പലരും പാരം
പരിചിൽ പാകിൽപ്പാരം
പരിതൃപ്തനിവൻ സദാ

11

മററുള്ളോരൊക്കെയും ശുദ്ധ-
മണ്ടരാം*അണ്ടർ, താനതിൽ
മദ്ധ്യയുള്ളമഹാ ബുദ്ധി-
മതെ,ന്നോക്കുമിവൻ സ്വയം.

12

കണ്ടവന്റെ പണം കൈയിൽ
കണ്ടമാനം കരേററുവാൻ
കണ്ടെത്തുകമിവൻ കൊച്ചി–
ക്കണ്ടകം കൊണ്ടുവേ കരം

13

ശരിയായ സമാധാനം
വരികില്ലിവനാശയെ
അരികിൽ കണ്ടിരുന്നിട്ടു–
മരിപ്പൂരമതെന്നിനാൽ

*അണ്ടർ അണ്ടൻ എന്നതിന്റെ ബഹുവചനം. അണ്ടൻ = അഴകോടൻ, ചെണ്ടൻ = ചെണ്ടപ്പുറവാലൻ, ഇതെല്ലാം 'കൊച്ചൊന്നന്മാരുടെ, വകഭേദങ്ങളാണ്.


# മിഥുനം കർക്കടകം

ഔഷധസേവയ്ക്കു വിധിക്കപ്പെട്ട കാലഘട്ടങ്ങളാണ്. ഔഷധസേവകൊണ്ടു ലഭ്യമാകേണ്ടതു എന്തെല്ലാമാണ്? ശരീരത്തിനു സംഭവിച്ചിരിക്കാവുന്ന ദേഹബന്ധങ്ങൾക്കു പരിഹാരം, അസ്ഥിമജ്ജകൾക്കു വളർച്ച, രക്തശുദ്ധിയും, രക്തവർദ്ധനവും. ഇതുകൾ സാധിക്കുമ്പോൾ ശരിയായ ആരോഗ്യവും ഉന്മേഷവും ലഭ്യമാകും. ഈ ഗുണവിശേഷങ്ങൾ കൈവരുത്തുവാൻ അതിശക്തമെന്നു പൊതുസമ്മതിയും, മൈസൂർദസറാ എക്സിബിഷൻ കമ്മററിയിൽനിന്നു സ്വർണ്ണമെഡലും ലഭിച്ചിട്ടുള്ള

"ഗോൾഡ്-ഇൻ-വിററാ ഈ അവസരത്തിൽതന്നെ സേവിച്ചു തുടങ്ങുക.

സ്റ്റോക്കിസ്റ്റ്സ്:– എല്ലാ ഇംഗ്ലീഷ് മെഡിക്കൽ ഷാപ്പിലും വിൽക്കപ്പെടുന്നു.
നിർമ്മാതാക്കൾ:–

ശ്രീ പഞ്ചിരാജ്യായുർവ്വേദഫാർമസി (Regd) ആലപ്പുഴ.

## ഗ്രന്ഥവിഹാരം

# അനശ്വരതയിലേക്കുള്ള ക്ഷണം

[ഗ്രന്ഥകർത്താവ്: കെ. അഹമ്മദ് അബ്ബാസ്. വിവർത്തകൻ:- വി. വി. വക്കി എം. എ. വില 12 ണ. നാഷണൽ ബുക്കസ്റ്റാൾ, കളരിക്കൽ ബസ്സാർ, കോട്ടയം.]

മുടി നരച്ച മധ്യവയസ്കനും മററി ക്കാരനും ധിഷണാശാലിയുമായ ശാസ്ത്രജ്ഞൻ; ലക്ഷണയുക്തയെങ്കിലും, വീട്ടുകാര്യങ്ങളിൽ ശ്രദ്ധയില്ലാത്ത ഭർത്താവു നേടിക്കൊടുത്ത ദാരിദ്ര്യംനിമിത്തം വൃദ്ധയും പരിക്ഷീണയുമായി തോന്നിക്കുന്ന മുപ്പതു വയസ്സു പ്രായമുള്ള, ശാസ്ത്രജ്ഞന്റെ ഭാര്യ; ഗ്രേററാഗാർബോയും കാനൻബാലയും, അഥവാ ദേവികാറാണിയും മാർലെൻഡിയട്രിച്ചും ഇണങ്ങിച്ചേർന്നുമട്ടുള്ള സിനിമാതാരം; തനിനിറം പ്രത്യക്ഷപ്പെട്ടത്താത്ത ബ്രിട്ടീഷുസാമ്രാജ്യവാദിയുടെ 1944-ലെ പതിപ്പ് അഥവാ സർ സ്റ്റാഫോർഡ് ക്രിപ്പ്സ്; ഹൈന്ദവ, ഇസ്ലാമിക, ക്രൈസ്തവ മതാചാര്യന്മാരുടെ സംയോഗമായ പുരോഹിതൻ; സാക്ഷാൽ ഹിററ്ലറല്ലെങ്കിലും സ്വപ്നവേളകളിൽ ഹ്യററിന്റെ പ്രതീതി ജനിപ്പിക്കുന്ന ഹിററ്ലർ; പണിയെടുക്കുന്നവനെന്നു നിരാക്ഷേപമായി തോന്നിക്കുന്ന തൊഴിലാളി — ഇങ്ങനെ ആധുനികലോകത്തിന്റെ യഥാർത്ഥ പ്രതിനിധികളെന്നു പറയാവുന്ന ഏഴു പാത്രങ്ങളെക്കൊണ്ടു പുരോഗമനോത്സുകനായ ഒരൊന്നാംകിട കലാകാരന് എത്ര സുന്ദരവും ഹ്ലാദസംപൂർണ്ണവുമായ സൃഷ്ടി സാദ്ധ്യമാണെന്നുള്ളതിന്റെ ഉത്തമോദാഹരമാണു വിഖ്യാതനായ ശ്രീ അബ്ബാസിന്റെ വിശ്രുതമായ "An Invitation to Immortality" എന്ന ഏകാങ്ക നാടകം. അതിന്റെ വിവർത്തനമാണ് 'അനശ്വരതയിലേക്കുള്ള ക്ഷണ'മെന്നു പറഞ്ഞാൽ പിന്നെ പറയേണ്ടതായി അധികമൊന്നും അവശേഷിക്കുന്നില്ല.

ഇതിവൃത്തം ഇതാണ്:- മുൻ വിവരിച്ച ശാസ്ത്രജ്ഞൻ തന്റെ സവിശേഷമായ ഗവേഷണശാലയിൽ ദീർഘകാലം പരീക്ഷണം നടത്തിയതിന്റെ ഫലമായി മരണഹരമായ ഒരു മരുന്നു കണ്ടുപിടിച്ചു. അതിലഭിമാനപുളകിതനായി മതിമറന്നിരിക്കുമ്പോൾ അദ്ദേഹം ഒരു സ്വപ്നം കാണുന്നു. ആ "അമരൌഷധം" തട്ടിയെടുക്കാനായി ആദ്യം നമ്മുടെ സിനിമാതാരവും അനന്തരം അഭിനവ ജോൺബുള്ളും മൂന്നാമതൊരു പുരോഹിതനും, പിന്നെയൊരു ഹിററ്ലറും അദ്ദേഹത്തെ സമീപിക്കുന്നു; അവർക്കെല്ലാം, ഓരോരോ കാരണം പറഞ്ഞ് അദ്ദേഹമതു നിഷേധിക്കുന്നു, അവസാനം സാക്ഷാൽ തൊഴിലാളി രംഗപ്രവേശം ചെയ്യുന്നു; അയാളാണതിനു തികച്ചും അർഹനെന്നു ശാസ്ത്രജ്ഞനു ബോധപ്പെടുകയും അദ്ദേഹം അതയാൾക്കു സമ്മാനിക്കുകയും ചെയ്യുന്നു. "സാമ്രാജ്യാധിപന്മാരും സൌന്ദര്യധാമങ്ങളും കേണപേക്ഷിച്ചിട്ടും കൊടുക്കാതിരുന്ന ആ ജീവാമൃതം ആ തൊഴിലാളി നിഷേധിച്ചു", അപ്പോൾ, അതിലേ കടന്നുപോയ തൊഴിലാളിഘോഷയാത്രയിൽ പങ്കുകൊള്ളുവാൻ കൂടുതൽ ഉത്സുകനായിരുന്ന ആ തൊഴിലാളിയുടെ കൈയിൽനിന്നു ധൃതിക്കിടയിൽ കുപ്പി താഴെവീണ് ആ അമരൌഷധം തകർന്നുപോകുന്നു. ഇതോടുകൂടി നാടകത്തിന്റെ ഭരതവാക്യവുമായി.

ആദ്യന്തം, അങ്ങോളമിങ്ങോളം, പരിഹാസം — അർത്ഥഗർഭമായ പരിഹാസം-ഓളംവെട്ടുന്ന ഒരു കൃതിയാണ് ഇത്. ബർണാർഡ്ഷായുടെ പ്രതിപാദന രീതിയെ തികച്ചും അനുസ്മരിപ്പിക്കുന്ന ഈ ഏകാങ്കനാടകം യഥാർത്ഥ പുരോഗമനസാഹിത്യത്തിന്റെ ഒരു ഉത്തമമാതൃകയാണെന്നു പറയാമെന്നുതോന്നുന്നു. കലയെ കൊലചെയ്യാതെ പുരോഗമനപരങ്ങളായ ആശയങ്ങൾ കലാപരമായി എങ്ങനെ പ്രചരിപ്പിക്കാമെന്ന് അറിഞ്ഞുകൂടാത്തവർ മനസ്സിരുത്തി പാരായണം ചെയ്യുകയും, പഠിക്കുകയും, കഴിയുമെങ്കിൽ അനുകരിക്കുകയും ചെയ്യുന്നതു കൊള്ളാം,

യാതൊരു പാർട്ടി ലേബലും നെററിയിൽ എഴുതിയൊട്ടിക്കാതെ നിസ്വാർത്ഥമായും സശ്രദ്ധമായും സാഹിത്യമണ്ഡലത്തിൽക്കൂടി മനുഷ്യസേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യാക്കാരിൽ എണ്ണപ്പെടേണ്ട ഒരു ജീവൽസാഹിത്യകാരനാണു ശ്രീ. അഹമ്മദ് അബ്ബാസ്. അദ്ദേഹത്തിന്റെ ഒരു ഉത്തമകൃതി കേരളീയർക്കു കാഴ്ചവയ്ക്കാനുള്ള വിവർത്തകന്റെ ശ്രമം വളരെ അഭിനന്ദനാർഹമായിട്ടുണ്ട്. മൂലകൃതിയുടെ ജീവൻ മുഴുവനും ഈ തർജ്ജിമയിലില്ലെങ്കിൽ, ഭാഷയുടെ പരിമിതിയും സാമൂഹ്യാന്തരീക്ഷത്തിലുള്ള അന്തരവുമാണ് അതിനു കൂടുതൽ ഉത്തരവാദിത്വം വഹിക്കേണ്ടതെന്നു ഞങ്ങൾ പറയും; എങ്കിലും വിവർത്തകന്റെ ശ്രേഷ്ഠിക്കുറവിനെയുംനിഷ്കർഷയില്ലായ്മയേയും അനർഹമായ പ്രശംസയുടെ മൂടുപടംകൊണ്ടു പുതപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല, പക്ഷെ വേണ്ടിടത്താണു വിവർത്തകന്റെ ശ്രമം ചുഴന്നുനില്ക്കുന്നതെന്നു പറയാൻ സന്തോഷമുണ്ട്.

—ക. പി.

## കൈപ്പററി

1. തിരമാലകൾ.—എസ്. കെ. ആർ. കമ്മത്ത്.
2. ആരോമലുണ്ണി.
3. അനാഥബാലിക.
4. റിക്ഷാക്കാരൻ.
5. കഥാലത.
6. കഥാലോകം.

2 മുതൽ 6 വരെയുള്ള പുസ്തകങ്ങൾ ശ്രീ സി. എ. കിട്ടുണ്ണി രചിച്ച്, തൃശ്ശൂർ ആശാൻപ്രസ്സ് ആൻഡ് ബുക്ക്ഡിപ്പോയിൽനിന്നു പ്രസിദ്ധപ്പെടുത്തീട്ടുള്ളവയാണ്.

## കലണ്ടർ

പുനലൂർ ഉദയാ ബുക്കുസ്റ്റാളുകാരുടെ വക ഉപയോഗയോഗ്യമായ കലണ്ടർ നന്ദിപൂർവ്വം കൈപ്പററി.

★


# വായ്പകൾ

നിങ്ങൾക്കു നിങ്ങളുടെ കൈയൊപ്പിന്റെ ജാമ്യത്തിൽ (യാതൊരു പണയവും കൂടാതെ) ആണ്ടിൽ 9 ശതമാനം പലിശനിരക്കിൽ 1000 ക പാവരെയുള്ള തുക വായ്പ വാങ്ങാം. 20 മാസംകൊണ്ടു തുല്യപ്രതിമാസ തവണകളായി തിരിച്ചടച്ചാൽമതി.

രാജ്യത്ത് എല്ലായിടത്തുമായി അനേകശതം ആളുകൾക്ക് ഇങ്ങനെ വായ്പ കൊടുത്തുകഴിഞ്ഞിരിക്കുന്നു.

ഈ ഏർപ്പാടുകൾ മുഴുവൻ പോസ്ററുവഴി പൂർത്തീകരിക്കാമെന്നുള്ളതു് ഇതിന്റെ ഒരു പ്രത്യേകതയാണ്.

കൂടുതൽ വിവരങ്ങൾക്ക് ഈ കൂപ്പൺ നിങ്ങളുടെ മേൽവിലാസമെഴുതിയ പോസ്ററുകവറുസഹിതം അയയ്ക്കുക.

..............................കൂപ്പൺ..............................

സിററിസൺ ക്രെഡിററ് സിൻഡിക്കേററ് ക്രൊപ്പം

പോസ്ററുബാഗ് നമ്പർ 1035,

ബോംബേ 1

മാന്യരെ,

എന്റെ കൈയൊപ്പിന്മേൽ എനിക്കു കടമെടുക്കാവുന്ന നിങ്ങളുടെ വായ്പ പദ്ധതിയുടെ പൂർണ്ണവിവരങ്ങൾ സദയം അയച്ചുതരിക.

..............................

[ഒപ്പ്]

പേര് ..............................

മേൽവിലാസം ..............................

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽമാത്രം

# ജീവിതം

(ഭരതൻ, എരനല്ലൂർ)

മാധവിക്കലിവുള്ളൊരുള്ളുമുണ്ടലതെന്ന–
ലോത്തുനരവു മാഞ്ഞുപുൽകുമാ മാറിനുള്ളിൽ
പിടയാറുണ്ടപ്പിഞ്ചു കരളിൻനാളം പൊന്മ–
പ്പിടതൻ കൊക്കിൽപ്പെട്ട പൊടിമീൻ പിടയുമ്പോൾ
കരയാറുണ്ടബ്ബാലചേതനയലയാഴി–
ക്കരയിൽ കടൽക്കാക്ക കരുണം കരയുമ്പോൾ

2

കടലിൻ വിളകൊയ്യു നാളുകൾ പോകുന്നോരു–
കുടിലിൻ ഭാവിക്കുള്ളോരേകസമ്പത്താണവൾ
ഏഴെട്ടുവർഷം മുമ്പൊരല്ലിലഗ്ഗൃഹനാഥ–
നാഴിയിലോളംതള്ള മോടത്തിലുലഞ്ഞുമ്പോൾ
മീൻപിടിക്കുവാനന്നു പോയപ്പോൾ–നിശീഥിനി–
തിങ്കളിൻ തിരിനീട്ടിയമ്പരത്തണഞ്ഞപ്പോൾ.
അക്കടലവധാന പൂർവ്വകം ഗൃഹസ്ഥിതി-
ക്കൈകൾ കൂട്ടിച്ചേർത്തും കിഴിച്ചും ഗണിക്കുമ്പോൾ.
ഗൃഹനായിക വീട്ടിന്നകമെ കൊളുത്തിയ–
മണിദീപികയാണദ്ദാശബാലികാ രത്നം.

3

വീട്ടുവേലകൾ കഴിച്ചമ്മറത്തുദധിതൻ–
നേർക്കു കണ്ണിണയാട്ടി നിശ്ചലം നിലകൊൾകെ
അലമേലുന്നികുതിച്ചെത്തിട്ട മിളന്തെന്ന–
ലവൾ തൻ കുറുനിരച്ചാർത്തിൽ വന്നൂഞ്ഞാലാടി.
നുരതൻ ധവളിമ ചിരിയിൽ, വിലാസത്തി–
ലലതന്നുല്ലോലത, ത്തുമയിലനന്തതം,
പൂരിക്കുന്തലിൽ സാന്ദ്രനീലിമ, യാഹാ! നേത്രോ–
ത്സവമാമവളൊരു കടലിൻ മകൾ തന്നെ.

4

അലമാലകൾപോലെ നാളുകളോരോന്നായി
വിലയംകൊണ്ടു വീണ്ടുമാഴിതൻ വിരിമാറിൽ
കോളുപിടിപെട്ടു തായയും, കടലിന്റെ
കോളിളക്കത്തിൽപെട്ടു താതനും മരിച്ചുപോയ്
ജീവിതമക്കുഞ്ഞിനെക്കൊണ്ടു ചൂണ്ടലിൻ ചര
ടാഹന്ത! പാപം തീണ്ടാപ്പാണിയിലെടുപ്പിച്ചു!
പാവനമക്കൈകൊണ്ടുതന്നെ ചൂണ്ടലിൽപ്പാതി—
ജീവനായ് പിടയുന്ന ജീവിയെ കൊല്ലിപ്പിച്ചു!
എൻനാവു മടങ്ങില്ല ജീവിതത്തിനെ ഹിംസ്ര-
കർമ്മദൂഷിതമെന്നു വിളിക്കാനൊരിക്കലും!

—

5

കാലമങ്ങനെമാറി, കടലിൻ ഭണ്ഡാരത്തിൽ
നാളുകളോരോന്നവൻ നേർച്ചയിട്ടകലുമ്പോൾ
അന്നവൾ കനിവിന്റെയുറവാണ, നാഥയാ—
ണി,ന്നൊരു കശാപ്പുകാരന്റെ പത്നിയാണത്രേ!
ജീവിതം നോക്കൂ നോക്കൂ മാറുവത,യാളുകൾ—
സ്രാവിനെക്കരക്കിട്ടു കത്തിയങ്ങുയർത്തുമ്പോൾ,
അവൾ താൻ പിടയുന്ന വാൽ പിടിച്ചമർത്തുവാൻ
അവൾ താനതു തുണ്ടം തുണ്ടമായ് മുറിക്കുവാൻ.
എങ്ങിനെയെരികനലായിപ്പോയ് മഞ്ഞിൻതുള്ളി-
യെങ്ങനെ കിസലയം വജ്രധാരയായ് മാറി?
ചോദിക്കു ജഗത്തേ! നീയീയൊരേ ചോദ്യം തന്നെ —
ജ്ജീവിതത്തോടു വീണ്ടും ലഭിക്കും സമാധാനം
ഒരു ജീവിതത്തിന്റെ സത്യമായിരം ഹിംസ—
യൊരു പുണ്യത്തിൽ സത്യമായിരം മഹാപാപം!

★

ഹാസ്യകവിത

# കൈരളീവിലാപം

(ഒ. ആബു)

കുരുമുളകിന്റെ, നാളികേരത്തിന്റെ
അരുമ വിശിട്ടും കേരളനാട്ടിന്റെ
'ഗമനസാഹിത്യം,, കണ്ടു വിഷാദിപ്പൂ
വിമല കൈരളി സഞ്ജയ പാഹിമാം.
ബിരുദധാരികൾ ഭാഷാഭിജ്ഞന്മാർ
ദൂരകരിതേച്ചു ഉല്പ്ലവോത്സുകർ
കരുണയററവർ കേരളവാണിതൻ
തിരിപൊലിക്കുന്നു സഞ്ജയ പാഹിമാം.
കവികൾ ജീവിത നൈരാശ്യ വഹ്നിയിൽ
ഭുവനമത്രയും ചുട്ടുകരിക്കവേ
ചെറുകഥക്കാർ പുളിക്കൊമ്പിൽ ഗോപ്യമായ്
കയറുകെട്ടുന്നു സഞ്ജയ പാഹിമാം.
വിരുതുടയവർ ധിഷണാധീശന്മാർ
അരുളിവാണുള്ളൊരാസന മേറുവാൻ
ചെറുകുരങ്ങന്മാർ വാലുംവലിച്ചു വെ–
ച്ചുഴറിടുന്നിതു സഞ്ജയ പാഹിമാം.
സുമതി 'കേസരി,, ധീരധീതനുടേ
വിമലമോഹനാ ക്രീഡാവാടികയിൽ
ശുനക ജംബുക മാർജ്ജാര മൂഷികർ
നിണമൊഴുക്കുന്നു സഞ്ജയ പാഹിമാം.
പുഴകൾ വററണം മർദ്ദന മേറണം
അഴലിലാഴണം ഭാരതം കേഴണം
കരയുവാനുള്ള ഭാവന യീവിധം
ഉരുവിടുന്നിതു സഞ്ജയ പാഹിമാം.
അറിയുകില്ലൊന്നു മെന്നാലുമേറണം
മറയഴിഞ്ഞോന്റെയോ മൽപ്പിരടിയിൽ
മുറിയറിയാതെ മാറിമറിയണം
മുറയിതാണിന്നു സഞ്ജയ പാഹിമാം.
സുധികളൊന്നല്ല മൂന്നല്ല പത്തല്ല
അധികമുണ്ടിന്നും കേരള നാട്ടിൽ
അവരെയൊക്കെ യീ വാലററ വാനരർ
അവമതിക്കുന്നു സഞ്ജയ പാഹിമാം.
ഗുണമണമേലും പുഷ്പവും ചന്തമാ–
ർന്നരുണ ശോഭയെ സൃഷ്ടിച്ച ദൈവവും
ഝടുതി ചട്ടട പൂക്കണമെന്നമി–
ക്കെട്ടുതിപാടുന്നു സഞ്ജയ പാഹിമാം.
കൊടിയക്ഷാമത്തെ നാറും പിണങ്ങളിൽ നി
ന്നുടലെടുപ്പിപ്പൂ നിറന്ന ബുദ്ധികൾ.
പരമസത്യമോ മൂടുവാൻ അജ്ഞത
കരമയയ്ക്കുന്നു സഞ്ജയ പാഹിമാം.
അരുതു മിണ്ടുവാൻ, മിണ്ടിയാൽ നാവുകൾ
മുറിപെടുത്തും നിരൂപകർ, നിർദ്ദയർ
അതിവഷളായി കേരള വാണിതൻ
സ്ഥിതിയിതല്ലയോ, സഞ്ജയ പാഹിമാം.
പതപതക്കുന്ന ശൈലികൾ വക്രമായ്
കുതി കുതിക്കുന്ന യുക്തികൾ, വാക്കുകൾ
ധരയിലില്ലില്ല മററൊരിടത്തിലും
നരകമിത്തരം സഞ്ജയ പാഹിമാം.
''ചെറുകവികൾ മുടിക്കെട്ടഴിക്കുന്നു
ചെറുകഥക്കാരൻ മാറിലിടിക്കുന്നു
ഒരുതരക്കാരെൻ വസ്ത്രമഴിക്കുന്നു
പൊറുതി മുട്ടിയെൻ സഞ്ജയ പാഹിമാം.
കുരുടരെന്നേ വലിച്ചിഴക്കുന്നിതാ
ഇരുളടഞ്ഞൊരു ഭാവിയിലേക്കഹോ,,
ഇതിവിലപിച്ചുകൈരളീ ദീനയായ്,
ക്ഷതമണസ്സാതെ സഞ്ജയ പാഹിമാം.
ഒരു 'സുദർശനം,, വിട്ടയച്ചാൽ മതി
ഒരുകൊട്ടുംകാററിതെല്ലാം തകർത്തിടും
മറവിൽ നിന്നൊന്നു 'ഗർജ്ജി'ക്കിലൊക്കെയും
വിറവിറക്കുമെൻ സഞ്ജയ പാഹിമാം.

ചെറുകഥ

# 25 രൂപാ

(എസ്. ജി. നായക് ബി. ഏ.)

[കണ്ണാടകസാഹിത്യലോകത്തിൽ 'കമാർ' എന്ന തൂലികാനാമത്തിൽ എഴുതിപ്പോരുന്ന ശ്രീ. നായക്കിൻെറ 'അരുണോദയം' എന്ന ചെറുകഥാസഞ്ചികയിലെ ഒരു ഖണ്ഡകഥയാണ് ചുവടെ ഭാഷാന്തരം ചെയ്തിട്ടുള്ളത്— സുകുമാർ അഴീക്കോട്]

ജീവിതത്തിൽ സന്തോഷമുണ്ടെങ്കിൽ പരിതാവസ്ഥയിലും സന്തോഷമുണ്ട്. പാർവ്വതി പ്രഹർഷത്തിൻെറ മൂർത്തിയായതിനാൽ, ദാരിദ്ര്യം ഗണിക്കാതെ, സുന്ദരിയായ ഭാര്യയോടൊപ്പം സാധു ദിവസങ്ങൾ സഹായം കഴിച്ചുപോന്നു. നിശാമധ്യത്തിലെ മാധുര്യമേറുന്ന സ്വപ്നത്തിനു തുല്യമായിരുന്നു അവരുടെ ജീവിതം.

അവർ ദരിദ്രരായിരുന്നു. പക്ഷെ അവരുടെ പരസ്പരപ്രേമം ദരിദ്രമായിരുന്നില്ല. അതഗാധവും ആസ്വാദ്യവുമായിരുന്നു. പകലെല്ലാം സാധു മില്ലിലും പാർവ്വതി ഗൃഹകാര്യങ്ങളിലും വ്യാപൃതരായിരിക്കും. എന്നാലും ദൂരം അവരെ വേർതിരിച്ചില്ല. പരസ്പരം ധ്യാനം ചെയ്യാനുതകുന്ന ഒരു മധുരതന്തു അവരെ ബന്ധിച്ചിരുന്നു.

പാർവ്വതിയും സാധുവും നവപരിണീതരായിരുന്നു. അവർക്ക് ജീവിതത്തിന്നു പുതിയൊരർത്ഥം ലഭിച്ചു—ചില മധുരസ്വപ്നങ്ങളും, മൃദുലനിശ്വാസങ്ങളും എന്നിവ... ലോകം പനിനീരലരിൻതോട്ടമായവർ കണ്ടു. അതേ, അവർ—പാർവ്വതിയും സാധുവും—പുതുതായി വിവാഹംകഴിച്ചവരായിരുന്നു!

പാരേലിലെ ഒരു മില്ലിലായിരുന്നു സാധുവിന്നു പ്രവൃത്തി. പുലർതൊട്ടന്തിയോളം അവന്നു ജോലിചെയ്യണം—രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണിവരെ. ഇടക്കു രണ്ടുമണിക്കൂർ വിട്ടതും. പ്രവൃത്തി വിരാമം കുറിക്കുന്ന സന്ധ്യയിലെ ഘണ്ടാനാദത്തോടെ അവൻ വീട്ടിലേക്കു തിരിക്കും. അവനെ പ്രതീക്ഷിച്ചു നില്ക്കുന്ന പാർവതി ഒരു മോഹനസ്മേരത്താൽ അവനെ സ്വാഗതംചെയ്യും. ആ സുന്ദരസ്മിതം അവൻെറ ക്ഷീണാംഗങ്ങൾക്കു തർപ്പകമായിരുന്നു. പിന്നീടൊരു ചെറിയ ഭക്ഷണം; ചാന്ദ്രവീഥികളിൽ ചില സംഭാഷണങ്ങളും.

ഇങ്ങിനെതന്നെയായിരുന്നു സർവ്വദിനങ്ങളുമെങ്കിൽ! എന്നാൽ എല്ലാദിനങ്ങളും തുല്യങ്ങളാവില്ലല്ലോ. സുന്ദരമായ വാസരവും കറുത്തിരുണ്ടുപോകുന്നു!

സാധുവിൻെറ കുടുംബം ശോകലങ്കാലാവൃതമായി. എന്തെന്നാൽ പാർവ്വതി രോഗിണിയായതിന്നു. ഉപജീവനത്തിനുമാത്രം പോരുന്ന അവൻെറ വരുമാനം ഔഷധങ്ങൾവാങ്ങുവാൻ പര്യാപ്തമായില്ല. അവൻ ജോലിചെയ്യുമ്പോൾ പാർവ്വതിയെ ശുശ്രൂഷിക്കുവാനാര്? പക്ഷെ നിർവ്വാഹാന്തരം അവൻ കണ്ടില്ല.

ശരിയായ ശുശ്രൂഷയും ഔഷധവും ഇല്ലാഞ്ഞതിനാൽ, ഒരാഴ്ചക്കുള്ളിൽ അവളുടെ സ്ഥിതി അപായകരമായി. മേലാസകലം തപിപ്പിക്കുന്ന പനി അവളെ ഗതബോധയാക്കിത്തീർത്തു, സാധുവിൻെറ ഹൃദയം ഭഗ്നമായി—അവൻെറ കയ്യിൽ നാലുറുപ്പികയുണ്ട്!

ഡോക്ടരുടെ അടുത്തേക്കോടി അവൻ. ഡോക്ടർ കാറിലല്ലാതെ വരികയുമില്ല. നാലുറുപ്പിക കാറിന്നു കൂലിയുമായി.

ഡോക്ടർ വന്നു രോഗിയെ നോക്കി. "കാര്യം അപായകരമാണ്.....ആശിക്കേണ്ട അധികം....ഒരിഞ്ചെക്ഷനുണ്ട്. ഇരുപത്തഞ്ചുറുപ്പയാവും.,,

"എന്നെരക്ഷിക്കണം ഉത്തവണ. ഒരൊററക്കാശില്ല. ഡോക്ടർ ദയവുചെയ്യണം,, സാധു കേണപേക്ഷിച്ചു.

"ഞാൻ ധർമ്മാസ്പത്രി നടത്തുന്നില്ലടൊ. കടം എനിക്കാവുകയില്ല. ഉറുപ്പിക ഇരുപത്തഞ്ചുകൊണ്ടുവന്നാൽ ഞാൻ ശ്രമിച്ചുനോക്കാം 'ജീവിക്കുന്നതു നിൻെറ ഭാഗ്യം,, ഡോക്ടർ ആസ്പത്രിയിലേക്കുപോയി.

"25 രൂപാ'—അവനൊന്നു ഞെട്ടി. എവിടെ നിന്നാണതു കിട്ടുക? പെട്ടെന്നവന്നൊരാശയംതോന്നി—മില്ലിൻെറ ഉടമയായ ധനദേവിൻെറ ബങ്കളാവിലേക്കവനോടി.

ബങ്കളാവ് ശോകംകൊണ്ടതായാണു കാണപ്പെട്ടത്. മില്ലുടമയുടെ നായ—ഇംഗ്ലണ്ടിൽനിന്നു കൊണ്ടുവരപ്പെട്ടത് – ഏതോ ഒരു രോഗത്തിൽ വലയുകയായിരുന്നു. മില്ലുടമ കണ്ണീർതപ്പെട്ടിരിക്കുന്നു. മൃഗചികിത്സകനെ കൊണ്ടുവരാൻ ഭൃത്യരെ നാലുപുറവുമയച്ചിരിയ്ക്കയാണ്—അത്ര നിരാശനായദ്ദേഹം.

നായക്കു ബോധമേയില്ല. പോയ ഭൃത്യരോ അന്വേഷിക്കപ്പെട്ട ഡോക്ടരോ എത്തിയിട്ടില്ല. മില്ലുടമക്കു വിഷാദവും.

അപ്പോഴാണു സാധു എത്തിയത്. അവൻ കരഞ്ഞുപറഞ്ഞു ഇരുപത്തഞ്ചുറുപ്പിക കിട്ടുവാൻ. പക്ഷെ ഇംഗ്ലണ്ടിൽനിന്നു കൊണ്ടുവരപ്പെട്ട നായയുടെ കഷ്ടസ്ഥിതിയിൽ ആ പരിദേവനമൊന്നും ആ ഹൃദയാലുവിൻെറ മനസ്സിൽ കടന്നില്ല.

"അതു പിന്നെനോക്കാം,, സാധുവോടദ്ദേഹം പറഞ്ഞു. "ആ ഡോക്ടരേ നീ വേഗം കൂട്ടിക്കൊണ്ടു വാ, നായ എത്ര കഷ്ടത്തിലാണ്? കാണുന്നില്ലേ? ഒരു മണിക്കൂറിൽമേലെയായി പണിക്കാർ പോയിട്ട്? ഇനിയും മടങ്ങിയിട്ടില്ല. സാധൂ, നീയൊന്നോടിപ്പോയി ആ മൃഗവൈദ്യനെ കൂട്ടിക്കൊണ്ടുവരൂ. ഓ, പിന്നെ ആ പണം നിനക്കു തന്നേക്കാം. വേഗം!,,

തൻെറ യജമാനൻെറ ആജ്ഞ—അതിൻെറ നിർവഹണത്തിൽ പാർവതിയുടെ രക്ഷ—സാധു പറന്നുപോയി. എത്ര ദയാലുവാണു ധനദേവൻ! സാധു ഓടി. പാർവതിയുടെ ജീവൻ രക്ഷിക്കുവാൻ സാധിക്കും —എങ്ങോട്ടും നോക്കാതെ സാധു പാഞ്ഞു.

മൃഗചികിത്സകൻ കാറോടിച്ചു വരികയായിരുന്നു. ട്രാഫിക്കു നിയമങ്ങളവഗണിച്ചുകൊണ്ട് സാധുവിൻെറ ഓട്ടം അങ്ങോട്ടും. കാർ അവനെതട്ടിയിട്ടു—'പാർവതീ,! ഒരു വാക്കിൻെറ പോള പൊട്ടി.

'അയ്യോ.....ഉ൦.....,,കുറച്ചു മിനിട്ടുകൾക്കു മുമ്പ് പാർവ്വതിയുടെ ആത്മാവു സാധുവിനെ പുല്കാൻ പാറിപ്പോയി.

വെറ്ററിനറി ഡോക്ടർ വന്നതേറെ താമസിച്ചായിരുന്നു. നായയുടെ രോഗം അപ്പോഴേക്കു കുറേ മാറിപ്പോയിരുന്നു.

അദ്ദേഹത്തിന്ന് '25രൂപ,,വിസിററിങ്ങ ഫീസും കിട്ടി.

*

# സ്വാതന്ത്ര്യം

(കെ. വി. ഇട്ട്യേര)

III

ഇതുവരെയും വ്യവസ്ഥയറ്റത്തെ പിറപ്പിരുത്തുകൊണ്ടിരുന്നു. ഇനി അതിനെ തുറന്നു പറയാം. എന്തുകൊണ്ട്? ഇപ്പോൾ സ്വാതന്ത്ര്യം സമ്പാദിച്ചുകഴിഞ്ഞു.

ഏതൊരുത്തൻ തൻെറ താൽക്കാലിക രക്ഷയ്ക്കുവേണ്ടി സ്വാതന്ത്ര്യത്തെ ബലികഴിക്കുന്നുവോ അവൻ സ്വാതന്ത്ര്യത്തിനർഹനല്ല.

ഒരു രാജ്യത്തെ നോക്കി വളരെ വിശേഷപ്പെട്ട രാജ്യമെന്നു എങ്ങിനെയാണു പറയുക? ആ നാടിൻെറ വളമുള്ള മണ്ണു കണ്ടു പറയുമോ? ഇല്ല; ഇല്ല, ആ നാട്ടിലെ ജനങ്ങൾ എത്രത്തോളം സ്വാതന്ത്ര്യത്തിലേക്ക് അടുത്തിട്ടുണ്ട് എന്നുള്ളതു നോക്കിയാണ് പറയുക.

ഒരു ഭരണകൂടം, അതിൻെറ അധികാരാതൃത്തിക്കുള്ളിൽ ദരിദ്രരും വസിക്കുന്നു. അവരും പ്രജകളെന്ന ഉദ്ദേശത്തോടുകൂടി നിയമങ്ങളെ നിർമ്മിക്കണം. സ്വത്തു സംബന്ധമായുണ്ടാകുന്ന നിയമങ്ങൾ ധനവാന്മാരിൽനിന്നും ദരിദ്രർക്കു വാങ്ങിക്കൊടുക്കുന്ന അവസ്ഥയിലല്ലാതെ ദരിദ്രരിൽനിന്നും പിടിച്ചുപറിച്ചു ധനവാന്മാർക്കു നൽകുന്ന നിബന്ധനകളായിരുന്നുകൂടാ.

ഒരു മനുഷ്യനെ നല്ല നിലയിൽ എത്തിക്കണമെങ്കിൽ ആദ്യമായി അവനെ മോചിപ്പിക്കുക; നിന്നെപ്പോലെതന്നെ സമത്വമുള്ളവനായി കരുതുക.

നാം പ്രശംസയ്ക്കുവേണ്ടി പോരാടുന്നില്ല; പ്രതികാരത്തിനുവേണ്ടി പോരാടുന്നില്ല, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നു. ആ സ്വാതന്ത്ര്യത്തെ ഏതൊരു ഉത്തമ മനുഷ്യനും അന്യർക്കു ബലികഴിക്കുകയില്ല. അങ്ങിനെ ബലികൊടുക്കേണ്ട ഒരവസ്ഥ നേരിട്ടാൽ ജീവൻ കൊടുത്തതിനു ശേഷമേ അതുണ്ടാകുകയുള്ളു.

ഹേ, സ്വാതന്ത്ര്യമേ! വീരയോദ്ധാക്കളുടെ ശവക്കുഴികളിൽ നീ ഉൽഭവിക്കുന്നു; ഏതു ഹൃദയത്തിലെ രക്തം തിളയ്ക്കുന്നുവോ അവിടെ നീ വസിക്കുന്നു; ഏതു നാട്ടിൽ കലാപങ്ങൾ ഇല്ലാതിരിക്കുന്നുവോ അവിടെ നീ ക്ഷേമമായി വാഴുന്നു; സമാധാനലോകത്തിൽ നീ മിന്നിത്തിളങ്ങുന്നു.

നോവൽപംക്തി

# കാലചക്രം

(എ. പി. വാസുനമ്പീശർ)

അകത്ത് ഒരു പിറുപിറുക്കലുമുണ്ടായില്ല. അറിയാഞ്ഞിട്ടൊന്നുമല്ല. അറിഞ്ഞു. എന്താ ഇതിലൊന്നു ക്ഷോഭിക്കാനുള്ളത്? കാലമാണിതിനൊക്കെ കാരണമെന്നു ധരിക്കാനുള്ള തന്റേടം ആ അകത്തിന്നുണ്ട്. ഐശ്വര്യവും, അന്തസ്സും, പ്രാപ്തിയും പ്രൌഢിയുമുള്ള ഒരാറു മുമ്പ് ആ ഇല്ലത്തുണ്ടായിട്ടുണ്ടോ? അതുകൊണ്ടുതന്നെയാണ് പറഞ്ഞത് കാലമാണ് ഇവന്ന്. ഇല്ലാത്തതുണ്ടാക്കാനും ഉള്ളതില്ലാതാക്കാനും അതിന്ന കഴിവുണ്ട്.

ജാതവേദൻനമ്പൂതിരിക്ക ഒരു പുതിയ ചൊടിയുണ്ടായി, ഒരൌൺസ് സേവിച്ചാലുണ്ടാകുന്ന മാതിരി. അതദ്ദേഹത്തിന്ന അത്യാവശ്യമായിരുന്നു, വാർദ്ധക്യവും ക്ഷീണവുംകൂടി വരികയല്ലേ?

ഒടുവിൽ, അദ്ദേഹം ഈ കാട്ടിയതു ചിത്തഭ്രമമാണെന്നുതന്നെ സമ്മതിക്കുക; എന്നാലും ക്ഷമിക്കാം. മിന്നിത്തിളങ്ങുന്ന അനേകം നന്മകളുള്ള ഒരാൾക്ക് ഈ വീഴ്ച കളങ്കമല്ല.

## അദ്ധ്യായം 12

പ്രബലനും പ്രസിദ്ധനുമായിത്തീർന്ന ജാതവേദൻ നമ്പൂതിരി പ്രാപഞ്ചികങ്ങളായ മാനദണ്ഡങ്ങളിൽ എത്ര നീളമുള്ളതു വെച്ച് അളന്നുനോക്കിയാലും പോരാത്തവനാണെന്നു തെളിയാനിടയില്ല. ഗൃഹസ്ഥൻ ഗൃഹസ്ഥധർമ്മങ്ങളിൽ വിമുഖനാകുന്നതു മഹാപരാധമാണല്ലോ. നിർദ്ദയനായ ഒരു വിമർശകനുപോലും അങ്ങിനെ ഒരാക്ഷേപം അദ്ദേഹത്തെപ്പററിപ്പറയാൻ തോന്നില്ല. അനവധി നരകങ്ങളുള്ളതിൽ ഒരൊററൊന്നിലേക്കും ശീട്ടുവാങ്ങാതെയാണ് അദ്ദേഹം ഗൃഹഭരണം നടത്തിപ്പോന്നത്. ഇടക്ക് ഒരാട്ടുണ്ടായി; ശരി. അതുകൊണ്ട് ആരുടേയും എല്ലുമുറിഞ്ഞില്ല. തൊലിക്കുപോലും ഊനം പററിയില്ല.

ഇനി പണത്തിന്റെ കാര്യമാണ്. അതിഷ്ടമാണെന്നല്ലാതെ വല്ലപ്രകാരത്തിലും സമ്പാദിക്കാൻ ശ്രമിക്കാറില്ല. വല്ലപ്രകാരത്തിലും—അദ്ദേഹത്തിന്നു കേട്ടുകൂടാ ആ ശബ്ദം. ഒരു ദിവസം ചാത്തുപ്പണിക്കരോട് അദ്ദേഹം ഈ കാര്യത്തെപ്പററി തുറന്നു സംസാരിക്കയുണ്ടായി. ഇതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ: "ചാത്തു, പാട്ടത്തിന്റെ പത്തിലൊന്നാണല്ലോ നമ്മുടെ മിച്ചവാരം. പലരും ഇപ്പോൾ മിച്ചവാരം വർദ്ധിപ്പിക്കുന്നുണ്ട്. എനിക്കാ ആലോചനയില്ല. പലതുള്ളി പെരുവെള്ളം. നമുക്കതുമതി."

"റാൻ", പണിക്കർ സമ്മതിച്ചു. "അതാണ ശരിയായ വഴി."

"എനിക്കീ ഒരൊററ വിചാരമേയുള്ളു," അദ്ദേഹം തുടർന്നു. "മനുഷ്യനെപ്പോലെ ജീവിക്കണം; എന്നുവെച്ചാൽ അഭിമാനത്തോടുകൂടി ഇതുകൊണ്ടെന്താണ-ന്മാവുകയെന്ന് എനിക്കറിയാം. വരവുകുറയും, ചിലവേറും. വരവേറണമെങ്കിൽ അധർമ്മം ചെയ്യണം. ഞാൻ ധൂർത്തനാണെന്നു ഒരാക്ഷേപമുണ്ട് ചിലക്ക്. പണം കെട്ടിവെക്കാത്തതുകൊണ്ടാണ്. പറഞ്ഞോട്ടെ ഈ ചീത്തപ്പേര് എനിക്കിഷ്ടമാണ്. നല്ലതുചെയ്യണം, അതിന്റെ നല്ലഫലം അനുഭവിക്കണം. ഇതാണെന്റെ വിചാരം."

"അവിടത്തെക്കതുമതി," പണിക്കർ അഭിപ്രായപ്പെട്ടു.

ഒരു നല്ല മനുഷ്യൻ മുമുക്ഷുവിന്റെ ചോട്ടിലെപ്പടിയാണെന്നു നമ്പൂതിരിക്കറിയാം. കുറച്ചുകൂടി അറിയാം അദ്ദേഹത്തിന്ന്. താൻ നല്ല മനുഷ്യനിൽ നിന്നു മുമുക്ഷുവിലേക്ക അങ്ങോട്ടുപോകുന്ന കയററക്കാരനല്ല, മുമുക്ഷുവിൽനിന്നു നല്ല മനുഷ്യനിലേക്ക ഇങ്ങോട്ടു പോരുന്ന ഇറക്കക്കാരനാണ്. വേദനാജനകമായ ഈ പരമാർത്ഥം അദ്ദേഹത്തിന്റെ മനസ്സിൽ ഒരിടമുറപ്പിച്ചിട്ടുണ്ട്. ഇതിൽ കുററവാളി കാലമാണ് എന്ന വിശ്വാസംകൊണ്ട് അദ്ദേഹം അതിനെ മൂടിവെച്ചിരിക്കയാണ്.

അച്ഛൻനമ്പൂതിരി വേദാന്തലോകത്തിൽ മിതവാദിയാണ്. രണ്ടററവും അദ്ദേഹത്തിനുവേണ്ട; സൌമ്യമായ നടുമതി. അതായത്, ഇനി ആരോഹണം വേണമെന്നില്ല, അവരോഹണം കൂടാതെ കഴിഞ്ഞാൽമതി; — ഒരുതരം യഥാസ്ഥിതികത്വം.

ചുരുക്കിപ്പറയുക: പെരിയങ്ങോട്ട് പണ്ട് അച്ഛനേയും മക്കളേയും തമ്മിൽ വേർതിരിച്ചു നിറുത്തുന്ന ആദ്ധ്യാത്മികമായ ഒരു മതിലില്ല. ഇപ്പോൾ അങ്ങിനെയൊന്നു ഉയർന്നുവന്നിട്ടുണ്ട്.

## അദ്ധ്യായം 13

പെരിയങ്ങോട്ടെ അച്ഛൻനമ്പൂതിരിയുടെ പൊടിപൊടിച്ച ഒരു പിറന്നാൾസദ്യ കഴിഞ്ഞ്, പരക്കെയുള്ള നന്നാലുപണം ദക്ഷിണവാങ്ങി, വെയിലാറുവോളം വിശ്രമിച്ച്, ഒന്നു മുറുക്കി, നാലുപ്രാവശ്യത്തിന്നുള്ളതു പൊതിഞ്ഞെടുത്ത് രണ്ടു നമ്പൂതിരിമാർ മുല്ലപ്പുറവും എട്ടിലശ്ശേരിയും-പടിയിറങ്ങി. നേരെ തെക്കോട്ടുതിരിയുന്നതിന്നുമുമ്പ് പടിക്കലെ ആലിന്നു അവർ മൂന്നു വലംവെച്ചു. കുറച്ചുനേരത്തിന്നുകൂടി രണ്ടാളും ഒന്നും മിണ്ടിയില്ല. അവർ യാത്രയുടെ ശുഭപര്യവസാനത്തിന്നുവേണ്ടി ചില ശ്ലോകങ്ങൾ ചൊല്ലുകയായിരുന്നു. അതു കഴിഞ്ഞപ്പോൾ, പിന്നിൽ നടന്നിരുന്ന മുല്ലപ്പുറം ഒന്നു കുരച്ച് സ്വരം ശരിപ്പെടുത്തിപ്പറഞ്ഞു:—"എന്നാലോ ഇങ്ങനെയൊരു സദ്യ അടുത്തെങ്ങും തരായിട്ടില്ല. എല്ലാററിന്നും എന്തൊരു ധാരാളിത്തം! പിശുക്ക് എന്നു പറേണത് ആ ദിക്കോട്ടു കൂടിയില്ല,"

ഈ കരടററ സ്തുതി എട്ടിലശ്ശേരിക്ക പിടിച്ചില്ല. ആ നില സൂചിപ്പിക്കത്തക്കതെന്നും നാട്ടുതേഞ്ഞ ഒരു മൂളൽമൂളി അദ്ദേഹം അഭിപ്രായപ്പെട്ടു. "ഗർവ്വുകൊണ്ടാണ്, മുല്ലപ്പുറം, ഗർവ്വുകൊണ്ട്. അഹങ്കരിക്കല്ലേ. ആരാ ചോദിക്കാൻ? ആരെയാണ് പേടിക്കാൻ? ഇങ്ങിനെ ജീവിതംകളഞ്ഞു നട്ടം കൂട്ടുന്നതു കൈലാസം നന്നാവാനൊന്നുമല്ല. ഒരു ഫലോല്ല ഇതിനൊന്നും,"

എത്രവേഗം കഴിഞ്ഞുവെന്നോ മുല്ലപ്പുറത്തിന്റെ ചോദ്യമാരൽ. അദ്ദേഹവും ഏററുപാടി: "ശരിയാ പറഞ്ഞത്. എനിക്കുംതോന്നി ഇത് അതിനാണെന്ന്. ഇതിരിമനസ്സു ഭക്തിയുണ്ടെങ്കിൽ ഈ അരപ്പതു കഴിഞ്ഞിട്ട് ഒരു സംബന്ധം തുടങ്ങ്വോ?,,

"ഒന്നും പറയണ്ട. തനി കമ്മി. ഇദ്ദേഹത്തിന്റെ അച്ഛൻ ഭ്രാന്തില്ലേ? രണ്ടാളും തമ്മിൽ പകലും രാത്രിയും തമ്മിലുള്ള വ്യത്യാസണ്ട്. ഒക്കെപ്പോയി. പെരിയങ്ങോട്ടെ ആ പഴയ പാരമ്പര്യമൊക്കെപ്പോയി,, എട്ടിലശ്ശേരി അഭിപ്രായപ്പെട്ടു.

"എന്തൊരു നിലയാണ്!,, മുല്ലപ്പുറം ആശ്ചര്യത്തോടുകൂടിച്ചോദിച്ചു. "സാമൂതിരിയാണെന്നാ നാട്യം. ഇതൊക്കെ ആ വഴിക്കാണ്.,,

"എന്താ സംശയിക്കാൻ? വല്ല്യപ്പടം പഞ്ചസാര ശർക്കരപ്പേരി രണ്ടുകൂട്ടം പ്രഥമൻ. പിന്നെ ദക്ഷിണ. അതും നാലുപണം. തെളിയാനെ. തെളിയാൻ.,,

രണ്ടാളുംകൂടി വരമ്പത്തിരുന്നൊന്നു മുറുക്കി. മുറുക്കിന്റെ വട്ടമൊ? രണ്ടാംതരമൊന്നുമല്ല. എഴുന്നേററ് നടത്തം തുടർന്നപ്പോൾ മുല്ലപ്പുറം വിഷയം മാററിയില്ല. "എനിക്കിതൊക്കെ സമ്മതമാണ്. ഇതൊക്കെ ഇങ്ങിനെയൊന്നും വേണ്ടെന്നുള്ള പക്ഷക്കാരനല്ല ഞാൻ. പക്ഷെ, അതുമാത്രം വേണ്ടിയിരുന്നില്ല. വയസ്സുകാലത്തു ഒരു ചെറിയ പെണ്ണിനെ കഷ്ടപ്പെടുത്തൽ. പണ്ടത്തെ ആ കർക്കടകവ്രതത്തിന്റെ നിയമമൊക്കെ എവിടെപ്പോയി? ഒക്കെ തോട്ടിൽ തൊഴിച്ചു. രണ്ടു കുട്ടിയായി പുതിയ സംബന്ധത്തിലു, ഗുരുകൊല്ലുന്നതിനുള്ളിലു,,

എട്ടിലശ്ശേരി പൊട്ടിച്ചിരിച്ചു. എന്നിട്ടുരച്ചു:—"കർക്കടകവ്രതം! എന്താ ഈതിനൊക്കെ വിധിച്ചതു സംഹാരദോഷത്തിന്നെന്താ ദോഷം? കംഭദോഷത്തിന്നെന്താ ദോഷം? സപക്ഷത്രയദോഷത്തിന്നും, ബന്ധക്ഷേത്രദോഷത്തിന്നും, സംക്ഷേത്രദോഷത്തിന്നും എന്താ ഒരു തരക്കേട്? അങ്ങേ അററത്തോളം പറഞ്ഞുവരുമ്പോൾ നീചദോഷത്തിന്നുതന്നെ എന്താ ഒരു മോശം? കോതപ്പുള്ളി ഇപ്പഴത്തെ മഹൻമസ്സ് മക്കാര്യദക്കാര് ചല്ലേ? എന്താ അദ്ദേഹത്തിന്നൊരു തകരാറ്? സ്വത്തില്ലേ? സന്താനമില്ലേ?,,

മുല്ലപ്പുറം തോററമ്പി. ഈ വാദം കൊണ്ടുവരേണ്ടിയിരുന്നില്ലെന്നു തോന്നിപ്പോയി അദ്ദേഹത്തിന്ന്. "എനിക്കത്ര ജ്യോതിഷോന്നും അറിഞ്ഞുകൂട,, എന്നുപറഞ്ഞ് അദ്ദേഹം കീഴടങ്ങി.

എനിക്കിതാ ആക്ഷേപമുള്ളു, മുല്ലപ്പുറം. വലിയ ശേഖരന്മാരാണ് പെരിയങ്ങോട്ട് ഇപ്പൊ എല്ലാരും. ചെയ്യുന്നതൊന്നും നേരെയാവാൻവേണ്ടിയല്ല; പേരിന്നും അഭിമാനത്തിന്നുംവേണ്ടിയാണ്. ഇതു കണ്ടല്ലെ കുട്ടികൾ പഠിക്ക്യാ? ഇങ്ങിനെയായാൽ ഏ പിടെയവസാനിക്കും? നമ്പൂതിരി പോയി അവസാനം ശൂദ്രനാവും. ആയിക്കോട്ടെ. അല്ലെ? നമ്മളെന്താ ചെയ്യാ,,?

ക്രമേണ അവർ വിഷയം മാററി.

# രാഷ്ട്രീയപ്രമേയം

(6-ാംപേജിൽനിന്നും തുടർച്ച)

രിയായി കൈകാര്യം ചെയ്യുന്ന ഒരു സംഘടനക്ക് പൊതുജനാഭിപ്രായത്തെയും രാജ്യശ്രേയസ്സിനെയും ആസ്പദമാക്കി പലപ്പോഴും ഗവമെന്റിനെ എതിർക്കേണ്ടതായി വരുമെന്നും സർവ്വീസ് സൊസൈററിയിൽ സക്കാർ സർവ്വീസിൽ ഇരിക്കുന്ന പലരും അംഗങ്ങളായുണ്ടെന്നും രാഷ്ട്രീയകാര്യങ്ങളിൽ അഭിപ്രായഭിന്നത സംഘടനയിൽ ഉൾപ്പെട്ട അംഗങ്ങളുടെയിടയിൽതന്നെ ഉണ്ടാകുന്നതിനു ധാരാളം സന്ദർഭങ്ങൾ നൽകിക്കൊണ്ടിരിക്കുമെന്നും ഉള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. ഈ പശ്ചാത്തലത്തിൽ സർവീസ്സൊസൈററി രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നത് സമുദായതാല്പര്യങ്ങൾക്ക് അനുയോജ്യമായിട്ടുള്ളതല്ലെന്നു എൻ. എസ്സ്. എസ്സ്. പൊതുയോഗത്തിനഭിപ്രായമുണ്ട്. അതിനാൽ സർവ്വീസ് സൊസൈററി ഒരു സ്ഥാപനമെന്ന നിലയിൽ രാഷ്ട്രീയകാര്യങ്ങളിൽ തല്ക്കാലം പങ്കെടുക്കുന്നതല്ലെന്നുള്ള ഈ പൊതുയോഗത്തിന്റെ തീരുമാനം അസന്നിഗ്ദ്ധമായി പ്രഖ്യാപനം ചെയ്യുന്നു. എന്നാൽ രാഷ്ട്രീയപ്രബുദ്ധത പാരമ്പര്യമായി പുലർത്തിക്കൊണ്ട് മററുള്ളവർക്ക് നേതൃത്വവും പ്രചോദനവും നൽകിക്കൊണ്ടിരിക്കുന്ന ഒരു സമുദായമെന്ന നിലയിൽ രാഷ്ട്രീയരംഗത്തുള്ള പ്രവർത്തനങ്ങളിൽനിന്ന് സമുദായം ഒഴിഞ്ഞുനില്ക്കണമെന്ന് ഇതിൽനിന്നും അർത്ഥമാകുന്നില്ല. ഇന്നത്തെ പരിതസ്ഥിതിയിൽ ദേശീയപുരോഗതിക്കു പര്യാപ്തമായ രാഷ്ട്രീയ പരിപാടികൾ അംഗീകരിച്ച് നായർ സമുദായം രാജ്യത്തിനുപൊതുവെ നേതൃത്വം നല്കേണ്ടതു അത്യന്താപേക്ഷിതമാകുന്നു. അപ്രകാരമുള്ളതും സാമുദായികമനോഭാവത്തിനും അതീതമല്ലെങ്കിലും രാഷ്ട്രീയപ്രവർത്തനമണ്ഡലത്തിൽ അംഗീകാരം സിദ്ധിച്ചിട്ടുള്ള ഒരു സംഘടനയായ തിരുവിതാംകൂർ സ്റ്റേറ്റ്കോൺഗ്രസ്സിൽ രാഷ്ട്രീയപ്രബുദ്ധതയുള്ള നായർ സമുദായാംഗങ്ങൾ കൂടിച്ചേർന്ന് ഇപ്പോളുണ്ടെന്ന് വിചാരിക്കപ്പെടുന്ന അപൂർണ്ണതകൾ പരിഹരിക്കുന്നതിനും ആ സംഘടനയെ സുശക്തമാക്കുന്നതിനും നമ്മുടെ സഹകരണം സ്വാഗതം ചെയ്യുന്നതിലുള്ള താല്പര്യം സ്റ്റേറ്റ്കോൺഗ്രസ്സിലെ പല പ്രമുഖാംഗങ്ങൾ സ്പഷ്ടമാക്കിയിട്ടുണ്ട്. അതിനാൽ ഒരു പുതിയ സംഘടന രൂപവല്ക്കരിക്കുന്നതിന് മുതിരാതെ നിലവിലുള്ള രാഷ്ട്രീയസംഘടനയെ ഉപയോഗിക്കുകയായിരിക്കും നായർ സമുദായത്തിന് കൂടുതൽ പ്രായോഗികമായിട്ടുള്ളത്. അപ്രകാരം നായന്മാർ തിരുവിതാംകൂർ സ്റേററ് കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്ന് ദേശീയ പുരോഗതിക്കു പര്യാപ്തമായ രാഷ്ട്രീയ പരിപാടികൾ അംഗീകരിക്കണമെന്ന് നായർ സർവീസ് സൊസൈററി പൊതുയോഗം നായർ സമുദായത്തെ ഉൽബോധിപ്പിക്കുന്നു. എന്നാൽ എൻ. എസ്സ്. എസ്സ്. എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളാരും രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കെടുക്കാൻ പാടില്ലാത്തതുമാകുന്നു.

★

# വനിതാസംഘം

(17-ാംപേജിൽനിന്നും തുടർച്ച)

നിതാസംഘടനകളിൽനിന്നും വിദ്യാനികേതനങ്ങളിൽനിന്നും കുറെ പെൺകുട്ടികളെ ഒരു സേവികാസംഘമായി രൂപീകരിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ട്.

17. സമ്മാനങ്ങൾ. സ്വർണ്ണം, വെള്ളി, ഓട് എന്നിവകളിൽ ഉണ്ടാക്കിയിട്ടുള്ള മുദ്രകളും, പണവും, സാക്ഷിപത്രങ്ങളും സമ്മാനമായി കൊടുക്കുന്നതാണ്.

18 ഇതൊരു പ്രാരംഭപത്രം മാത്രമാണ്. ഇതിൽനിന്നും ഉൽഭവിക്കുന്ന നിർദ്ദേശങ്ങൾ സസന്തോഷം സ്വീകരിക്കപ്പെടുന്നതാണ്. ഈ പ്രദർശനം കൂടുതൽ പ്രയോജനകരമാക്കുന്നതിനു സഹായകമാകുന്ന എല്ലതെങ്കിലും സ്ഥാപനത്തെയോ വ്യക്തികളേയോപററി അറിവുതരുന്നവരോടു കമ്മിററി കൃതജ്ഞതയുള്ളവരായിരിക്കും.

19. ഇതിനെ സംബന്ധിച്ചുള്ള സകല എഴുത്തുകളും സെക്രട്ടറി, വനിതാ കലോത്സവം, മഹാറാണി മെമ്മോറിയൽ ബിൽഡിംഗ്, പട്ടം, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ വേണ്ടതാണ്.

1121 മീനം 26-ാംനു-
തിരുവനന്തപുരം

കെ. മാധവക്കുറുപ്പ്,
സെക്രട്ടറി.

★


# ഗൊണോറിയാ

## 24 മണിക്കൂറിനകം നിശ്ശേഷം മാറവം!!

ഗോണോറിയാ നിമിത്തം കഷ്ടപ്പെടുന്ന സഹോദരീ സഹോദരന്മാരേ! നിങ്ങളുടെ രോഗശാന്തി വരുത്തി ജീവിതത്തെ ഭാസുരമാക്കുവിൻ!
അന്യസഹായം കൂടാതെ നിങ്ങൾക്ക തന്നെ നിങ്ങളെ ചികിത്സിച്ച് രോഗശാന്തി വരുത്താവുന്നതാണ്.

ഗോണോറിയാ (മൂത്രവിസർജ്ജനവേളയിൽ ഉണ്ടാവുന്ന പുകച്ചിൽ നീററൽ, പഴുപ്പു പോക്ക്, ശുക്ലം പോക്ക് എന്നിവയെല്ലാം ഗൊണോറിയയാണ്) എന്ന ഭയങ്കരമായ രോഗത്തെ ഉടനടി ഉന്മൂലനം ചെയ്യുന്നില്ലെങ്കിൽ ഉണ്ടാവുന്നതായ ഭവിഷ്യത്ത് എന്തെന്നു നിങ്ങൾ അറിയുന്നുണ്ടോ? ശരീരകാന്തി നശിച്ചു നിരുന്മേഷരായി, ജീവിതം തന്നെ അസഹ്യമായ ഭാരമായി, മൃതപ്രായരായി നിങ്ങൾ നിങ്ങളുടെ ജീവിതശേഷത്തെ കഴിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഒരു ജർമ്മൻശാസ്ത്രജ്ഞന്റെ അഭിപ്രായം (Formulae)നുസരണം ഉണ്ടാക്കപ്പെട്ടിട്ടുള്ള ഞങ്ങളുടെ

'ഗൊണോലൈററ്സ്',

സേവിച്ച് പരിപൂർണ്ണ സുഖത്തെ പ്രാപിക്കുവിൻ



വിലവിവരം:--

40 ഗുളികകൾ അടങ്ങിയ കുപ്പി 1ക്ക 2-4-0
100 ഗുളികകൾ അടങ്ങിയ കുപ്പി 1ക്ക 5-0-0
500 ഗുളികകൾ അടങ്ങിയ കുപ്പി 1ക്ക 20-0-0
(പാക്കിംഗ് പോസ്റ്റേജ് പുറമെ)

ഓരോ കുപ്പിയുടേയും കൂടെ ഉപയോഗക്രമവും ഫോർമുലായും നൽകപ്പെടുന്നതാണ്. ആർഡറുകളുടെ കൂടെ വിലയും അഡ്വാൻസ് അയക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ അടങ്ങിയ ചെറുപുസ്തകത്തിന് ഉടനെ ആവശ്യപ്പെടുക. എഴുത്തുകുത്തുകൾ ഇംഗ്ലീഷിലോ ഹിന്ദിയിലോ ആയിരിക്കണം.

എല്ലാ പ്രധാന പട്ടണങ്ങളിലും സ്റ്റോക്കിസ്റ്റന്മാരെയും ഏജന്റുമാരേയും ആവശ്യമുണ്ട്.

അപേക്ഷിക്കേണ്ടും മേൽവിലാസം;

Super Pharma Corporation
P. Box No. 904, FORT, BOMBAY.

Stockists:- M/s K. C. Mathew & Co.,
KOZHANHERI (Travancore)

L. No. 412 Dated 11th Dec. 1944 Reg. No. T. 110- M. 4684

# THE CHAKRAVALAM KOTTAYAM

The Premier Weekly of the Malabar Coast

VOL. III. | 18th AUGUST 1946 | NO. 1

## അണുബോംബു രഹസ്യം


മനുഷ്യന്റെ അതിബുദ്ധികൊണ്ട് കണ്ടുപിടിക്കപ്പെട്ടതായ ഈ രഹസ്യായുധം പ്രയോഗിച്ച സ്ഥാനങ്ങൾ നാമാവശേഷമായെന്ന് അനുഭവം വെളിപ്പെട്ടതിനാൽ ഇനിയെങ്കിലും മനുഷ്യർ അതിനെ ഭയപ്പെടണം. അതിനുള്ള മാർഗ്ഗം—കേരളത്തിലെ പ്രസിദ്ധരായ — വിദഗ്ധനിർമ്മാതാക്കളാൽ ശാസ്ത്രീയമായും, കാലോചിതമായ ആകൃതിവ്യത്യാസങ്ങളോടും വിശിഷ്യാ വിദേശമാതൃകകളെ അനുകരിച്ചും. തിരുകർമ്മങ്ങൾക്ക സർവ്വഥാ യോഗ്യമെന്നും, യാതൊരു മാലിന്യങ്ങളും കലരാത്തതെന്നും, പരിപൂർണ്ണ ഉത്തരവാദിത്വം ഉള്ളതെന്നും, അനുഭവമുള്ള പല പെ. ബ. അച്ചന്മാരാലും മററു പൊതുജനങ്ങളാലും വളരെക്കാലം മുൻപുതന്നെ മുക്തകണ്ഠം പ്രശംസിക്കപ്പെട്ടിരിക്കുന്നു.

"ദി ലിററിൽ ഫ്ളൌവ്വർ ക്യാൻഡിൽവക്ക്സിലെ" "പള്ളിമെഴുകുതിരികളും" "ഫ്ളൌവ്വർ ബ്രാൻഡ് എണ്ണതിരികളും."

വിലാസം നോക്കിതന്നെ വാങ്ങിരക്ഷപെടുവിൻ.

N. B. നാളിതുവരെ കിട്ടിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനാപരമായ പൊതുജനാഭിപ്രായം മേലിലും കിട്ടണമെന്നുദ്ദേശിച്ചും പടർന്നുപിടിച്ചിരിക്കുന്ന അനുകരണങ്ങളിൽ പൊതുജനങ്ങൾ വഞ്ചിതരാകരുതെന്നു കരുതിയും 1122 ചിങ്ങം 1-ാംനു- മുതൽ ആകർഷകമാംവിധം വില കുറച്ചിരിക്കുന്നു. പതിവായി വാങ്ങുന്ന എല്ലാ പള്ളിക്കാർക്കും കച്ചവടക്കാർക്കും ഉരുക്കുമെഴുക കൂലികൂടാതെ വാർത്തുകൊടുക്കുന്നതാണ്. വിശിഷ്യ ബ. വികാരിമാർക്കുള്ള സമ്മാനരോളറുകൾ ഈ പ്രസ്ഥാനത്തിന്റെ ഒരു പ്രത്യേകതയാണ്. വിശദവിവരങ്ങൾക്ക് ഉടനെ എഴുതുക.

ജെ. തോമ്മസ് ചാവറ, (ആപ്പുക്കര)
ദി ലിററിൽ ഫ്ളൌവ്വർ ക്യാൻഡിൽ
വക്ക്സ, വെള്ളാപ്പാട്ട് പാലാ.
A. O. & P. O.



ഉപയോഗിക്കുക!

## കൃഷ്ണാ പിന്നുകൾ

എല്ലാ കടകളിലും കിട്ടുന്നതാണ്.

കൃഷ്ണാ പിൻകമ്പനി,
കോട്ടയം, തിരുവിതാംകൂർ.

## യജമാനന്റെ പ്രീതിക്കു കാരണം

ഭൃത്യൻ ടോംകോ പരിമളകുന്തളതൈലവും ഷാമ്പൂവും പതിവായി ഉപയോഗിക്കുന്നതുതന്നെ.




ദി ടാററാ ഓയിൽമിൽസ്
കമ്പനി ലിമിററഡ്

Edited, Printed and Published by K. P. Karunakara Pisharody at the Chakravalam Press, Kottayam.